# പുരാണകാവ്യമഞ്ജരി.

PUBLISHERS
**B. V. Book Depot & Printing Works,**
TRIVANDRUM, TRICHUR.

Digitized By Kerala Sahitya Akademi

# പുരാണകാവ്യമഞ്ജരി

(ഒന്നാം ഭാഗം)


പ്രസാധകൻ:

**കെ. ആർ. ജി. മേനോൻ**

ബി. വി. ബുക്ക്ഡിപ്പോ & പ്രിന്റിങ്ങ് വർക്ക്സ്

തിരുവനന്തപുരം — തൃശ്ശിവപേരൂർ



പകർപ്പവകാശം.


[വില അണ ൧൨


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# അവതാരിക

കവിതിലകൻ വള്ളത്തോൾ, പുരാണങ്ങളെ മലയാത്തിലേക്ക് തർജ്ജമചെയ്തിട്ടുള്ളതിൽനിന്ന് ഏതാനും ഭാഗങ്ങളെടുത്തു പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതിൻെറ ഫലമായിട്ടാണ് ഈ "പുരാണ കാവ്യമഞ്ജരി" ആവിർഭവിക്കുന്നതു്. ഭാരതവർഷത്തിലെ ഋഷീന്ദ്രന്മാരുടെ ദിവ്യപ്രതിഭയിൽനിന്ന് നിർഗ്ഗളിച്ച പുരാണസാഹിത്യത്തിൽ അടങ്ങീട്ടില്ലാത്ത വിഷയങ്ങൾ യാതൊന്നുമില്ലെന്നുതന്നെ പറയാം. ആലോചനാമൃതമായ സാഹിത്യരസം ആസ്വാദിക്കുവാൻ ആഗ്രഹിക്കുന്ന സഹൃദയന്മാക്കും, അഗാധമായ തത്വജ്ഞാനാർണ്ണവത്തിൽ അവഗാഹം ചെയ്‌വാൻ അഭിലാഷികളായ ജിജ്ഞാസുക്കൾക്കും, അദ്ധ്യാത്മവിഷയങ്ങളെ അദ്ധ്യയനംചെയ്തു് ആത്മനിർവൃതിനേടുവാൻ കാംക്ഷിക്കുന്ന ഭക്തന്മാക്കും, ലൌകികവ്യവഹാരങ്ങളെക്കുറിച്ചു് സമഗ്രമായ അറിവ് സമ്പാദിക്കുവാനുൽസുകരായ സാധാരണന്മാക്കും, എന്നുവേണ്ട ലോകത്തിലുള്ള ഭിന്നരുചികളായ വിവിധജനങ്ങൾക്കും, രസിക്കുന്നതും രുചിക്കുന്നതുമായ വിഷയങ്ങൾ പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. പുരാണം എന്നു പറഞ്ഞാൽ സംസാരസുഖങ്ങളിൽ വിരക്തിവന്ന വയോധികന്മാക്കു്

Digitized By Kerala Sahitya Akademi

വായിച്ചു കാലയാപനം ചെയ്യാനുള്ള ഒരു ശുഷ്കഗ്രന്ഥമാണെന്നു് പലക്കും വിചാരമുണ്ടു്. ഈ വിചാരം എത്ര മാത്രം അബദ്ധമാണെന്നും ഇത്രയും വിശിഷ്ടമായ ഒരു സാഹിത്യവിഭാഗത്തിൽ ഇതേവരെ അനാസ്ഥ കാണിച്ചതു് എത്ര വലിയൊരപരാധമായിപ്പോയെന്നും ഇയ്യിടെയായി ആളുകൾക്കു തോന്നിത്തുടങ്ങീട്ടുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദിത്വം വഹിക്കുന്നതു് പുരാണങ്ങൾക്കു് ഭാഷാന്തരീകരണംമൂലം കേരളത്തിൽ ലഭിച്ചിട്ടുള്ള പ്രചാരം മാത്രമാണു്. സംസ്കൃതമറിഞ്ഞുകൂടാത്ത മലയാളികൾക്കു് പുരാണപാരായണത്തിൽ ആഗ്രഹവും അഭിരുചിയും അങ്കുരിപ്പിക്കുവാൻ വള്ളത്തോളിന്റെ പുരാണതർജ്ജമ വളരെ ഉപകരിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാം. എന്നിട്ടും പുരാണങ്ങൾക്കു് കേരളീയഗൃഹങ്ങളിൽ വേണ്ടത്ര പ്രചാരമുണ്ടോ എന്നാണു സംശയം.

പുരാണങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളുടെ വൈവിധ്യം അറിയേണമെങ്കിൽ ഈ പുസ്തകത്തിൽ ചേർത്തുകാണുന്ന വിഷയങ്ങളുടെ നാനാത്വം നോക്കിയാൽ മതി. സാഹിത്യരസം തുളുമ്പുന്നതും ഭക്തിരസം സ്ഫുരിക്കുന്നതുമായ വർണ്ണനകൾ ഒരുവക—("ഒരു ദിവ്യസുന്ദരി", "ബാലഗോപാലൻ", "ഇവളാരു്?", "വേണുഗോപാലൻ"എന്നീ ചൂർണ്ണികകൾ കാൺക) വിജ്ഞാനപ്രദങ്ങളും ഉത്തമാദർശദ്യോതകങ്ങളുമായ ഉപദേശങ്ങൾ വേറൊരുവക:— ("കമ്മശക്തി,

Digitized By Kerala Sahitya Akademi

ധമ്മാധമ്മഫലങ്ങഠം, പ്രാപഞ്ചികസുഖം" എന്നീ കൃതികഠം ഉദാഹരണം). വിജ്ഞാനവും ചമൽകാരവും ഒന്നിനൊന്നു വിരുദ്ധമായിട്ടുള്ളതാണെന്നു ഇപ്പറഞ്ഞതിൽനിന്നു് ആരും തെററിദ്ധരിച്ചുപോകരുതു്. "ക്ഷത്രതേജസ്സിന്റെ നത്തനം", "ഒരു വീരപത്നി" എന്നിങ്ങനെയുള്ള ചൂണ്ണികകഠം എത്ര ചമൽകൃതങ്ങളായിരിക്കുന്നു! അതു നിമിത്തം അവയിൽ നിർദ്ദേശിച്ചിട്ടുള്ള ആദർശങ്ങഠംക്കു് വല്ല ക്ഷതിയും സംഭവിച്ചിട്ടുണ്ടോ? ഇല്ല; സാഹിത്യം ആലോചനാമൃതമാണെന്നു പൂവ്വന്മാർ നിവ്വചിച്ചിട്ടുള്ളതിൻെറ അത്ഥം ഇതുതന്നെയാണു്. വായനക്കാർ സ്വയമേവ ആസ്വദിച്ചറിയേണ്ടതായ ഈ ഗുണത്തെപ്പററി ഇതിലധികം ഇവിടെ പ്രസ്താവിക്കണമെന്നു് വിചാരിക്കുന്നില്ല.

പിന്നെ, തജ്ജമയുടെ സ്വഭാവത്തെപ്പററി വല്ലതും പറയുന്നതു കേവലം അനാവശ്യമായിട്ടേ വരികയുള്ളു. വള്ളത്തോഠംക്കവിതയുമായി പരിചയിച്ചിട്ടുള്ളവക്കെല്ലാം അതിനെ എവിടെ ഏതുരൂപത്തിൽ കണ്ടാലും തിരിച്ചറിയുവാൻ പ്രയാസമുണ്ടായിരിക്കയില്ല. ഈ പുസ്തകത്തിൽ കാണുന്ന കവനങ്ങഠം തജ്ജമകളാണെന്നു് പറഞ്ഞറിയിച്ചെങ്കിലല്ലാതെ അവയെ ആരും അങ്ങിനെ വിചാരിക്കുമെന്നു തോന്നുന്നില്ല. അത്ര തന്മയത്വമുണ്ടു് തജ്ജമയ്ക്കു്. വള്ളത്തോഠം സ്വതന്ത്രകൃതികഠംക്കായി ചെലവഴിക്കേണ്ടുന്ന സമയത്തിൽ ഏതാനംഭാഗം തജ്ജമയ്ക്കായി വിനിയോഗിക്കുന്നതു് ഒട്ടും ആശാസ്യമല്ലെന്നു ചിലർ ആക്ഷേപിക്കുന്നതായി കേട്ടിട്ടുണ്ടു്. ഈ

Digitized By Kerala Sahitya Akademi

ആക്ഷേപം കേവലം അസ്ഥാനത്തിലാണ്. ഒരു മഹാകവിയുടെ പ്രതിമയേ മന്ദീഭവിപ്പിക്കുന്ന ഒരു ക്ഷുദ്രകൃതിയേയോ ശുഷ്കകൃതിയേയോ അല്ല വള്ളത്തോൾ വിവർത്തനം ചെയ്യാൻ ഏറ്റെടുത്തിരിക്കുന്നതു്. പുരാണങ്ങളുമായി കുറേക്കൂടി അടുത്തു പെരുമാറാനുള്ള അവസരം ലഭിച്ചതുകൊണ്ടു് അദ്ദേഹത്തിന്റെ കവിതയ്ക്കു് ഉൽകർഷമല്ലാതെ അപകർഷം വരുവാൻ യാതൊരു സംഗതിയും ഇല്ലതന്നെ. ഇതിന്നും പുറമെ, പുരാണങ്ങൾക്കു് സംസ്കൃതാനഭിജ്ഞന്മാരുടേ ഇടയിൽ പ്രചാരം നൽകേണ്ടതാവശ്യമാണെന്നു് സമ്മതിക്കുന്നപക്ഷം, അവയ്ക്കുള്ള സാഹിത്യഗുണം തരിമ്പുപോലും കുറയാതെ മലയാളത്തിലേക്കു് പകർത്തുവാൻ സാമർത്ഥ്യവും വാസനയും ഉള്ള ഒരു കവിതന്നെ അതിന്റെ ഭാഷാന്തരീകരണം നിർവ്വഹിക്കേണ്ടതാണെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. ഈ കൃത്യം വള്ളത്തോൾ നിർവ്വഹിച്ചതുകൊണ്ടുണ്ടായിട്ടുള്ള ഗുണം ഇത്രയാണെന്നറിയുവാൻ ആഗ്രഹമുള്ളവർ ഈ കാവ്യമഞ്ജരി ഒരാവൃത്തിയെങ്കിലും വായിച്ചുനോക്കട്ടേ. ഇത്ര ലളിതവും പ്രസന്നവും സരളവും ആയ രീതിയിൽ ഒരു പുരാണതർജ്ജമ ലഭിച്ചതിനെപ്പററി കൈരളിയും കേരളീയരും അഭിനന്ദിക്കുകയാണ് വേണ്ടതു്. പുരാണങ്ങളുടെ മർമ്മമറിഞ്ഞ ഒരു മഹാശയനാണ് ഈ കവിതിലകനെന്നു് അദ്ദേഹത്തിന്റെ "പുരാണങ്ങൾ" എന്ന കവിതയിലെ ഓരോ വരിയും വിശദമായി വിളിച്ചുപറയുന്നുണ്ടു്:—

Digitized By Kerala Sahitya Akademi

"ഭാരതവർഷത്തിലെപ്പൂർവ്വരാമൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ല പാത്രകണ്ടറിഞ്ഞവർ
യോഗൈകനിരതന്മാർ, ഭോഗനിസ്പൃഹർ, പരി-
ത്യാഗൈകദ്രവിണന്മാർ-അവർതൻ വാസങ്ങളോ,
പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രൗഘംകൊണ്ടും
കെട്ടിമേഞ്ഞവയായ പാഴ്കുടിലുകളത്രേ.
എങ്കിലുമവയിൽനിന്നിങ്ങു കിട്ടിയ മണി-
രത്നങ്ങൾ മഹാർഘങ്ങൾ മററെങ്ങുമലഭ്യങ്ങൾ.
പട്ടുമെത്തയെക്കാളുമിഷ്ടമായ് വാഗ്ദേവിക്കു
ശിഷ്ടരാമവരുടെ ദർഭപ്പുൽവിരിപ്പുകൾ
തത്പ്രചിത്തോദ്രേകത്താലെങ്ങാനുമദ്ധ്യാന്യക്ക
വിസ്തീർണ്ണത്തിരുനെററി വിയർത്താലപ്പോളെല്ലാം
പ്രേമവിഹ്വലയായ്ത്തൻപോർമുലക്കച്ചത്തുമ്പാൽ
കോമളം വീശിപ്പോന്നവാഗധീശ്വരിതൻെറ
മഞ്ജുകൈത്തണ്ടിൽ ചിന്നിമിന്നിയ വളകൾതൻ
ശിഞ്ജിതം പുരാണത്തിൽനിന്നു നാമിന്നുംകേൾപ്പൂ"

(സാഹിത്യമഞ്ജരി-രണ്ടാംഭാഗം)

എത്രയോ വിസ്താരമേറിയ പുരാണങ്ങളെ മുഴുവനും പാരായണംചെയ്വാൻ എല്ലാവക്കും സാധിച്ചു എന്നുവരികയില്ല. അങ്ങിനെയുള്ളവക്കും, വിശിഷ്യാ വിദ്യാത്ഥികൾക്കും, ഉപകരിക്കണമെന്ന ഉദ്ദേശത്തോടുകൂടായാണ് ഈ ചെറുപുസ്തകം പുറപ്പെടുവിച്ചിട്ടുള്ളതു്. ഇതിൽ കാണുന്ന പദ്യങ്ങളെ ശേഖരിച്ചു്, കഠിനപദങ്ങൾക്കത്ഥവും മററു കുറിപ്പുകളും എഴുതിച്ചേത്ത

Digitized By Kerala Sahitya Akademi

വിദ്വാൻ സി. ശങ്കുണ്ണിനായരവർകളുടെ ഉചിതവും ഉപകാരപ്രദവുമായ ഉദ്യമത്തെപ്പററി കേരളീയർ സർവ്വദാ കൃതജ്ഞരായിരിക്കുമെന്നാണെൻെറ വിശ്വാസം. സാഹിത്യമർമ്മജ്ഞനും സഹൃദയവരേണ്യനുമായ അദ്ദേഹത്തിൻെറ ഭാഷാപ്രണയത്തെക്കുറിച്ചു കേരളീയർ ഇതിനു മുമ്പുതന്നെ അറിഞ്ഞിട്ടുണ്ട്. ഇനിമേലിലും അദ്ദേഹത്തിൽനിന്നു വലുതായ സാഹായ്യത്തെ കൈരളി പ്രതീക്ഷിക്കുന്നുമുണ്ട്.

പ്രസാധകൻെറ ഈ ഉചിതകൃത്യത്തിനെ അഭിനന്ദിച്ചും, ഈ ഉദ്യമത്തിൽ പങ്കുകൊള്ളുവാൻ എനിക്കുമൊരവസരം നൽകിയതിന്നു അദ്ദേഹത്തോടു നന്ദി പറഞ്ഞും, ഞാൻ 'പുരാണകാവ്യമഞ്ജരി' യെ സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മധുര
൧൯—൧൧—൧൯൪൮. } വി. ഉണ്ണികൃഷ്ണൻ നായർ ബി. ഏ

Digitized By Kerala Sahitya Akademi

# വിഷയവിവരം


| | | | | ഭാഗം |
|---|---|---|---|---|
| 1. | പ്രഭാതമംഗളം | .... | .... | 1 |
| 2. | വസന്തകാലം | .... | .... | 2 |
| 3. | സീതാപരിത്യാഗം | .... | .... | 5 |
| 4. | വാരാണസി | .... | .... | 9 |
| 5. | വൎഷക്കാലം | .... | .... | 11 |
| 6. | ക്ഷത്രതേജസ്സിൻെറ നൎത്തനം | | .... | 13 |
| 7. | ഒരു യുദ്ധം | .... | .... | 14 |
| 8. | ശരൽക്കാലം | | | 16 |
| 9. | ധൎമ്മാധൎമ്മഫലങ്ങൾ | .... | .... | 17 |
| 10. | ത്രികൂടപർവ്വതം | | | 18 |
| 11. | ഒരു മഹാസംയമം | .... | .... | 20 |
| 12. | കൈലാസവർണ്ണനം | .... | .... | 21 |
| 13. | ഒരു ദിവ്യസുന്ദരി | .... | .... | 23 |
| 14. | ഒരു ഉപദേശം | .... | | 26 |
| 15. | നന്ദനോദ്യാനം | | | 29 |
| 16. | കൎമ്മശക്തി | .... | .... | 32 |
| 17. | മഹാമേരുപൎവ്വതം | | | 36 |
| 18. | പ്രാപഞ്ചികസുഖം | .... | | 39 |
| 19. | രാമരാജ്യഭാരം | .... | .... | 43 |


Digitized By Kerala Sahitya Akademi

| | | | | ഭാഗം |
|---|---|---|---|---|
| 20. | ഒരു വീരപത്നി | .... | | 46 |
| 21. | താപസാശ്രമം | .... | .... | 50 |
| 22. | രാമായണനിർമ്മാണം | .... | .... | 51 |
| 23. | ഒരു വിലാപം | .... | .... | 53 |
| 24. | തേജസ്വിനിയായ സുക്ഷത്രിയ | | | 55 |
| 25. | സമരസന്നാഹം | | .... | 57 |
| 26. | പുണ്യവ്രതഫലം | | .... | 59 |
| 27. | ബാലഗോപാലൻ | .... | .... | 61 |
| 28. | ഈശ്വരപ്രാർത്ഥന | | .... | 65 |
| 29. | കാർത്ത്യായനി | .... | .... | 67 |
| 30. | സരസ്വതീസ്തോത്രം | .... | .... | 70 |
| 31. | ഗന്ധർവ്വകന്യകമാർ | .... | .... | 72 |
| 32. | ഒരു ധർമ്മപത്നി | | | 75 |
| 33. | വിഷ്ണുസ്തവം | .... | | 77 |
| 34. | സുനീഥ | | .... | 81 |
| 35. | ഇവളാരു്? | | | 82 |
| 36. | വീരമണിപുരം | | | 83 |
| 37. | രാമരാജ്യഭാരം | | | 87 |
| 38. | ഉർവ്വശി | | | 92 |
| 39. | ശിവസ്തുതി | | | 94 |
| 40. | ശ്രീരാമൻെറ യജ്ഞശാല | .... | | 97 |
| 41. | വേണുഗോപാലൻ | .... | .... | 100 |


Digitized By Kerala Sahitya Akademi

പുരാണ

# കാവ്യമഞ്ജരി

ഒന്നാം ഭാഗം

## 1. പ്രഭാതമംഗളം

(പാന)

ബ്രഹ്മവിഷ്ണുക്കളും, (൧)മുപ്പുരവൈരിയും,
(൨)കർമ്മസാക്ഷിയും, ചന്ദ്രനും, ചൊവ്വയും,
(൩)സൌമ്യ(൪)ഗീഷ്പതി, ശുക്രശനികളും
സുപ്രഭാതമിങ്ങേകട്ടെയേവരും.

അംഗിരസ്സു, വസിഷ്ഠൻ, ക്രതു, ഭൃഗു,
ശ്രീമരീചി, പുലസ്ത്യൻ, പുലഹനും,
ഗൌതമൻ, രിഭു, രൈഭ്യൻ, ച്യവനനും
സുപ്രഭാതമിങ്ങേകട്ടെയേവരും.

സനൽക്കുമാരൻ, സനകൻ, സനന്ദന-
നസ്സനാതന,നാസുരി, പിംഗളൻ,
സപ്തപാതാള സപ്തസാഗരങ്ങളും
സുപ്രഭാതമിങ്ങേകട്ടെയേവരും.

---

൧. ശിവൻ. ൨. സൂര്യൻ. ൩. ബുധൻ. ൪. വ്യാഴം. (ത്രിമൂർത്തികളും സപ്തഗ്രഹങ്ങളും)

Digitized By Kerala Sahitya Akademi

(ഫ)ഗന്ധിനിഭൂമി, തോയം (വ)രസാന്വിതം,
(ബ)സ്പർശവാൻവായു; (ർ)തേജസ്വിയഗ്നിയും,
ശബ്ദമൊത്ത(ഭ)വിയത്തും, (ന്ന)മഹത്തുമേ
സുപ്രഭാതമിങ്ങേകട്ടെയേവരും,

ഏഴലകട, ലേഴുകലാദ്രിക,-
ളേഴൃഷിശ്രേഷ്ഠ, രേഴുതുരുത്തുകൾ,
പൃഥ്വിമുമ്പാകുമേഴുലോകങ്ങളും
സുപ്രഭാതമിങ്ങേകട്ടെയേവരും.

## 2. വസന്തകാലം

[പുലസ്ത്യമഹർഷി പുണ്യകഥാശ്രവണകുതുകിയായ നാരദമുനിക്ക് പറഞ്ഞുകൊടുക്കുന്ന നരനാരായണചരിതത്തിലുള്ളതാണ് ഈ വസന്തവർണ്ണനം]

(1) വിലസി, (ഫ)തത്ര, വസന്തമണഞ്ഞവാ-
റിലകൊഴിഞ്ഞലർപൂണ്ട, പിലാശുകൾ
ജ്വലനനോടെതിരായ നിറം കല-
ന്നലകിനാഭ വരുത്തിയനാരതം.

ഫ. ഗന്ധം എന്ന ഗുണമുള്ള ഭൂമിയുടെ ഗുണം ഗന്ധമാണല്ലോ. വ. രസം എന്ന ഗുണമുള്ളതു്. ബ. സ്പർശം എന്ന ഗുണത്തോടുകൂടിയവൻ. ർ. അഗ്നിയുടെ ഗുണം രൂപമാകുന്നു. ഭ. ശബ്ദഗുണകമായ ആകാശം. ന്ന. മഹത്തത്വം. പൃഥിവ്യാദി പഞ്ചഭൂതങ്ങളെ അതാതിന്റെ ഗുണങ്ങളോടുകൂടി ഗ്രഹിച്ചിരിക്കുന്നതു്, ആ ഗുണങ്ങൾ, ശ്രോത്രാദി പഞ്ചേന്ദ്രിയങ്ങൾക്കു നൽകുന്ന ബോധശക്തിയെ കാണിക്കുവാൻവേണ്ടിയാകുന്നു. ഭൂതഗുണങ്ങളായ രൂപരസാദികളാണല്ലോ ഇന്ദ്രിയങ്ങളുടെ വിഷയം.

2. ഫ. അവിടെ=ബദര്യാശ്രമത്തിൽ.

Digitized By Kerala Sahitya Akademi

(2) (ഫ)മഹാമുനേ, ശൈശിരകാലമാകും
(വ)മതംഗജത്തേതരസാപിളർത്തി,
നഖങ്ങൾതൻ ചേലിയലും(ബ)പലാശ-
സുമങ്ങളൊത്തെത്തി (ർ)വസന്തസിംഹം.

(3) 'സ്വന്തംമഹസ്സാൽത്തുഹിനത്തുവായ
ദന്തിക്കു ഞാൻ തോൽമവരുത്തി'യെന്നായ്
സന്തുഷ്ടിയോടേ, (ഭ)മധുമല്ലമൊട്ടാം
ദന്തങ്ങളാൽ പുഞ്ചിരി തൂകിടുന്നു.

(4) (ന്ന)കണ്ണിനററരസമാംപടി പൂത്താ-
ക്കണ്ണികാരവിപിനങ്ങൾ വിളങ്ങി;
മന്നവപ്പരിഷ കേറിനടക്കും
പൊന്നണി(൭)ദ്വിപഹയങ്ങൾകണക്കേ.

(5) അവശ്യം ചാരേ വിലസീ
കിങ്കരാഭം കടമ്പുകൾ:
സ്വാമിസന്മാനിതന്മാരാം
രാജഭൃത്യർ കണക്കിനേ.

(6) പടുരുചിയൊടു(വൃ)മഞ്ജസാവിളങ്ങീ
തുടുമലർ ഃചാരുമശോകപാദപങ്ങൾ;
പടയിൽമുറിവുപെട്ടു ചോര മെയ്യിൽ-
ത്തടവിന(ൻ)മാധവരാജയോധർപോലെ.

(7) ഓമന്മലർത്തൊത്തുകൾ മത്തദ്രോഗ-
സ്തോമത്തൊടും മിന്നി മഹാവനത്തിൽ;

---

ഫ. നാരദമഹർഷി. വ. ആന. ബ. പ്ലാശ് ർ. രൂപകം അലങ്കാരം. ഭ. വസന്തം. ന്ന. കൊന്ന (മുരിക്ക്)ക്കാടുകൾ. ൭. ആന കതിര. വൃ. പെട്ടന്ന്. ൻ. വസന്തരാജാവിന്റെ സൈന്യങ്ങൾ.

Digitized By Kerala Sahitya Akademi

പ്രേമാർദ്രമിത്രങ്ങൾ സമാഗമിക്കേ
രോമാഞ്ചമേന്തും (ഫ)സുജനങ്ങൾപോലേ.

(8) വരതാപസ,(വ)വേതസങ്ങളാററിൻ-
കരയിൽപ്പൂങ്കുലപൂണ്ടുലാലസിച്ചു;
'മരമേതുനമുക്കുതുല്യ'മെന്നായ്
വിരൽകാട്ടിപ്പറവാൻ മുതിന്നപോലേ.

(9) (ന)അസിതാശോക(ര്)പ്പൂരികുഴൽ,
കുവലയനയനങ്ങൾ (ഌ)കുന്ദരദനങ്ങൾ
വികസിതപങ്കജവദനം,
(ന്ന)പികനിനദം, ചെമ്പരുത്തിമലരധരം,

(10) വിലപഫലപ്പോർകൊങ്കകൾ,
(ൌ)നല്ലനിറംപൂണ്ട പൂങ്കുലക്കൈകൾ,
അരുണാശോകകരം, വെൺ-
കരുനൊച്ചിപ്പൂക്കളാകിയ നഖങ്ങൾ,

(11) അളിരോമാവലി, (വ്വ)കിംശുക-
മലരടിയിവയൊത്തു ദിവ്യസുന്ദരിയായ്
(ൻ)അകലുഷകങ്കേളിമലർ-
ത്തുകിലും, മയിലിൻ(ഫം)കലാപവുംചാർത്തി.

---

ഫ. ബിംബപ്രതിബിംബഭാവാപന്നമായ സാധർമ്മ്യത്തെ ഉപജീവിച്ചുള്ള ഉപമാലങ്കാരം. വ. ആററുവഞ്ചികൾ. ന. 9-ാം ശ്ലോകം മുതൽക്കു കുളകമായിട്ടാണ് അന്വയം. ര്. കറുത്ത അശോകമാകുന്ന തലമുടി. ഌ. മുല്ലമൊട്ടുകളാകുന്ന ദന്തങ്ങൾ. ന്ന. കുയിൽനാദമാകുന്ന നാദം. (ശ്ലിഷ്ടരൂപകം) ൌ. പൂങ്കുലകളെ കൈപ്പടങ്ങളായും പൂക്കളെ കൈവിരലുകളായും കല്പിച്ചിരിക്കുന്നു. വ്വ. മുരിക്കിൻ പൂവാകുന്ന കാലടി. ൻ. തെളിഞ്ഞ കണ്ണാന്തളിപ്പൂവാകുന്ന വസ്ത്രം. ഫം. മയിൽപ്പീലിയാകുന്ന അലങ്കാരം.

Digitized By Kerala Sahitya Akademi

(12) സന്മദകളഹംസനടയും,
(ഫ)സാരസരവമാം തളക്കിലുക്കവുമായ്
അങ്ങു ബദ്ധമാം ശ്രദ്ധഭുവി
രംഗ്യമാംവാസന്ത(വ)ലക്ഷ്മി വന്നെത്തി.

# 3. സീതാപരിത്യാഗം

[പൌരജനങ്ങളുടെ ഇടയിൽ പ്രചരിച്ച അപവാദം അടി സ്ഥാനമാക്കി ശ്രീരാമൻ സീതയെ കാട്ടിൽ പരിത്യജിക്കുന്നതി ന്നായി ലക്ഷ്മണനേ നിയോഗിച്ചതിന്നുശേഷമുണ്ടായ കരുണമയങ്ങ ളായ സംഭവങ്ങളാണ് ഇതിൽ വർണ്ണിച്ചിരിക്കുന്നത്].

(പാന)

തോണിയേറിയാഗ്ഗംഗ കടന്നിട്ടു-
റാണിതൻകൈപിടിച്ചു നടന്നുടൻ
(ന)അത്തലേകുന്ന വൻകൊടുംകാടൊന്നി-
ലെത്തി സൌമിത്രിരാഘവാജ്ഞാകരൻ

ഫ. വെള്ളിപ്പക്ഷിയുടെ ശബ്ദം വ. വസന്തശോഭ.

ഈ 4 പദ്യങ്ങളിലുംകൂടി അലങ്കാരം സാവയവരൂപകം. വസന്തം വന്നപ്പോൾ വനഭൂമിക്കുണ്ടായ ശോഭയേ സുന്ദരിയായ ഒരു സ്ത്രീയായി കല്പിച്ചതിന്നനുസരിച്ച്, പ്രകൃതങ്ങളായ വനഫലവൃക്ഷങ്ങളേ അപ്രകൃത ങ്ങളായ അംഗനാവയവങ്ങളായി രൂപണം ചെയ്തിരിക്കയാണ്.

ന. ദുഃഖം.

Digitized By Kerala Sahitya Akademi

വാസ്സരണ്ടും വഴിക്കങ്ങടിക്കടി
(ഫ)ചേവടിത്തളിർ മുള്ളിനാൽകീറിയും,
ആ വനംപൂക്കെ ചുററും നിരീക്ഷിക്കേ,
ദേവി പേടിച്ചേർപൊരിക്കൊണ്ടുപോയ്.
"ഹാ! മിഴികൾക്കു സൌഖ്യകരങ്ങളാം
മാമുനികൾതൻ പുണ്യാശ്രമങ്ങളും
നൽതപസ്സുള്ള നൽപ്പത്നിമാരുമ-
ല്ലിസ്ഥലത്തു കാണ്മായിവരുന്നമേ!
ശുഷ്കവൃക്ഷങ്ങളേയും ഭയപ്പെട-
ത്തക്ക പക്ഷിമൃഗാൽകരത്തെയുമേ
കാണ്മതുള്ളു ഞാൻ; കഷ്ടമിതെമ്പാടും
കാട്ടുതീയ്യിൽക്കരിഞ്ഞൊരു കാടല്ലോ!
ലക്ഷ്മണ, ഇലോം ദുഃഖവിനാശനാ-
(വ)യക്ഷിനീരാണ്ടുകാണ്മൂ ഭവാനെയും!
കൈവെടിഞ്ഞുകളഞ്ഞുവോന്നോ മഹാ-
ത്മാവു രാഘവൻ ദുഷ്ടയെന്നീയെന്നേ!"
എന്നു(ന)മൈഥിലി ചോദിക്കെ ലക്ഷ്മണ-
നൊന്നുമോതീല, (ര്)ബാഷ്പരുദ്ധേക്ഷണൻ,
അക്കൊടുംകാട്ടിലൂടേ നടക്കവേ
ദുഃഖദീനയാൾ ചോദിച്ചു പിന്നെയും;
അപ്പൊഴും നോക്കിനിന്നതല്ലാതവൻ
കെൽപ്പുപോരാഞ്ഞുരച്ചീല യാതൊന്നും.
എന്നതുകണ്ടൊടുക്കം(ഒ)വിദേഹജ
നന്നനിർബന്ധമോടു ചോദിക്കയാൽ,
വ്യാകുലൻ വിക്കിവിക്കിപ്പറഞ്ഞവൻ
ത്യാഗവൃത്താന്തമങ്ങറിയിച്ചുതേ!

---

ഫ. ചെന്തളിർപോലെ മൃദുലകോമളമായ പാദം. വ. കണ്ണീർ. ന. സീത. ര്. കണ്ണീർനിറഞ്ഞ കണ്ണു കാണാതായവൻ. ഒ. സീത.

Digitized By Kerala Sahitya Akademi

ത്യാഗവൃത്തം ശ്രവിച്ചോരു ജാനകി
തീരെയുരംബോധമില്ലാതെ വീണുപോയ്!
ആശു മൂർച്ഛിച്ചസീതയേ ലക്ഷ്മണൻ
വീശിനാനിളംചെന്തളിർച്ചാർത്തിനാൽ.
തെല്ലിടകൊണ്ടുരംബോധമുദിച്ചുള്ള-
വല്ലലിലാണ്ടു രാമനേയോർത്തവരം
അല്ലൽമൂത്തിടനെഞ്ഞുപൊട്ടുംപടി
ചൊല്ലിനാ:—ളിനിപ്പോയ്ക്കൊരം കലക്ഷ്മണ,
ധമ്മ(ഫ)മൂത്തിയാം കീത്തിമാൻരാമനോ-
(വ)ടമ്മുനികേരംക്കേയോതുകിതൊന്നുതാൻ:
'എന്നെ നിർദ്ദോഷയാണെന്നറിഞ്ഞിട്ടും
ധന്യകീത്തേ, വെടിഞ്ഞുവല്ലോ ഭവാൻ;
ചേരുമോ തവവംശത്തിനിത്തൊഴിൽ?
ഏറിയപഠിപ്പിന്റെ ഫലമിതോ?
താവകോറ്റിഷ്ടമുണ്ടുനിത്യം പദ-
സേവചെയ്യവളാകുമെന്നെ ബ്ഭവാൻ
കൈവെടിഞ്ഞുകളഞ്ഞുവല്ലോ; മമ
ദൈവദോഷമേ ഹേതുവിതിന്നെല്ലാം!
വീരവീരരിൽമുമ്പനാമങ്ങയ്ക്കു
ചേരുമാറാക സവ്വത്ര കല്യാണം!
അങ്ങയെത്തന്നെയുള്ളിൽസ്മരിച്ചുകൊ-
ണ്ടിങ്ങു കാട്ടിൽപൊറുത്തുകൊള്ളാമിവരം!
ജന്മംതോറും ഭവാൻതാൻ മമ പതി
കന്മഷം തപസ്സ്മൃതിയാലകററുവൻ'
ഭർത്തൃമാതാക്കളോടുമെൻസന്ദേശം
വ്യക്തമായ്ച്ചൊൽകവേണം രഘൂത്തമ.

---

ഫ. ധമ്മത്തിനും കീത്തിക്കുമായിട്ടാണല്ലോ രാമൻ സീതയേ ത്യജിച്ചതു്. വ. വസിഷ്ഠമഹർഷി.

Digitized By Kerala Sahitya Akademi

"ത്യക്തയായ് വൃഥാ, ഗർഭിണിയായ ഞാൻ
ഉത്തമാത്മാവു രാമനാൽ വങ്കാട്ടിൽ;
നിങ്ങൾതൻ(൧)കഴലോൎത്തു വാഴ്‌വൻ(൨)മൃഗ-
സംഗതമാമരണ്യസ്ഥലത്തിവൾ!'
ലക്ഷ്മണാ, ദുഃഖം രാമനു തടവീട്ടു-
രക്ഷയോൎത്താണുയിർവെടിയാത്തു ഞാൻ
രാമസന്നിധൌ പോയ്ക്കൊൾകിനിത്തവ
ക്ഷേമദങ്ങളായ്ത്തീരട്ടെ മാൎഗ്ഗങ്ങൾ!
നേക്കംകനിഞ്ഞെന്നേയിടയ്ക്കിട-
യ്ക്കോൎക്കണേ! എന്നു മൂൎച്ഛിച്ചു പിന്നെയും
വീണ സീതയെ(൩)വസ്ത്രാഞ്ചലത്തിനാൽ
വീശി മെല്ലൊന്നുണൎത്തി രാമാനുജൻ.
യാത്രയുംപറഞ്ഞാൎത്തിമുഴുത്തവൻ
പേൎത്തുമശ്രുവുംവാൎത്തു മടങ്ങിനാൻ
പ്രാണസംശയാവസ്ഥയിൽ മൂൎച്ഛിച്ചാ-
ക്ഷോണിമേൽ വീണുവൈദേഹനന്ദിനി!
അപ്പോഴന്നങ്ങൾ പക്ഷയുഗങ്ങളാൽ
ശുദ്ധനീർകൊണ്ടുവന്നു തളിച്ചതേ;
പൂമലർമണംപൂണ്ടുകൊ(൪)ണ്ടെമ്പാടും
കോമളമായിവീശി കുളിർതെന്നൽ;
കൊമ്പനാനകൾ വന്നെത്തി ചുററുമേ
തുമ്പിക്കയ്യിൽനിറച്ചു തണ്ണീരുമായ്,
ധൂളിപററിയ പൊന്മലർമേനിയേ
ക്ഷാളനം ചെയ്യുവാനെന്നപോലവേ;
എന്തിതെന്നു പകച്ചു മിഴിയുമാ-
യന്തികേവന്നുനിന്നു മൃഗവ്രജം;

൧. കാല്. ൨. മൃഗങ്ങൾചേൎന്ന. ൩. വസ്ത്രത്തിൻെറ അററം.
൪. എല്ലാഭാഗത്തും.

Digitized By Kerala Sahitya Akademi

സാധുപുഷ്പിച്ചുനില്പായി വൃക്ഷങ്ങൾ
(ഫ)മാധവമാസമോടുക്രൂടാതെതാൻ!

ആ മഹാസാധ്വിയപ്പോളുണർവാന്നു
രാമരാമേതി പേർത്തും വിലപിച്ചാൾ.
'ഹാ മമ നാഥ, ദീനൈകബാന്ധവ,
രാമഭദ്ര, കരുണാസമുദ്രമേ!

എന്തിനാണൊരുതെററുമില്ലാതെന്നെ
സന്ത്യജിച്ചതു കാനനത്തിൽബ് ഭവാൻ?'
മുററുമേവം വിലപിച്ചിടയ്ക്കിടേ-
ച്ചുററുമേ നോക്കി മങ്ങിമയങ്ങിനാൾ!

## 4. വാരാണസി (കാശി)

[ബ്രഹ്മഹത്യാബാധ വേർപെടുന്നതിനുള്ള വഴി പറഞ്ഞുകൊടുക്കുവാൻ അപേക്ഷിച്ച ശിവനോടു, ഭഗവാൻ ശ്രീനാരായണൻ, കാശിയിൽപോയി തീർത്ഥസ്നാനം കഴിച്ചാൽമതി എന്നുപദേശിക്കുന്ന ഘട്ടത്തിലുള്ളതാണ് ഈ കാശീവർണ്ണനം]

(ചെറുശ്ശേരി)

(ഫ)കാമിനീകാഞ്ചിനിനാദമായ് ച്ചേർന്നങ്ങു
ഭൂമിസുരേന്ദ്രന്മാരോത്തോതും ശബ്ദം,

---

ഫ. വസന്തം വരാതെതന്നെ വൃക്ഷങ്ങൾ പുഷ്പിച്ചതു് സീതയുടെ ഉപചാരത്തിനാകുന്നു.

4. ഫ. സ്ത്രീകളുടെ പൊന്നരഞ്ഞാണിന്റെ കിലുക്കം.



Digitized By Kerala Sahitya Akademi

കോമളമാരേയ്ക്കൂട്ടു മോദന്മൽ ഗ്ഗുരുക്കന്മാർ
ത്തുമന്ദഹാസത്തോത്തുകിടന്നു.
വമ്പാതതോറും (ഫ) നല്ലാർകൾ നടന്നുള്ള
ചെമ്പഞ്ഞിച്ചാറണിക്കാലടികൾ
കണ്ടങ്ങു ചന്ദ്രൻനടന്നിതോ തൂനില-
ത്തങ്ങലർപ്പൊയ്ക്കയെന്നന്ധാളിപ്പു!

രാവിങ്കിൽ ചന്ദ്രനേയങ്ങു നിരോധിപ്പൂ
(വ) ദേവതാഗാരങ്ങളുന്നതങ്ങൾ;
ചാലെ മരതകത്തറനൽക്കൊടിക്കൂറക-
ളാലേ പകൽനേരം (ന) സൂര്യനേയും.

ചന്ദ്രകാന്തോപല ഭിത്തിമേൽബിംബിച്ച
സുന്ദരീവെണ്മുഖപങ്കജങ്ങൾ
കണ്ടങ്ങുതെററിദ്ധരിച്ചു, കൊതിപൂണ്ട
വണ്ടുകൾ തേടുന്നീലന്യപുഷ്പം!

..................................

ചെന്നുകേറീടമാറില്ലങ്ങു കാററുപോ-
ലന്യഗൃഹങ്ങളിൽ യാതൊരാളും

..................................

(ര) ദോഷാന്തരകതിയില്ലവന്മാർക്കെന്നിയേ
ശേഷമുള്ളോരിലങ്ങാർക്കുമെന്നും.

---

ഫ. സ്ത്രീകൾ വ. ദേവാലയങ്ങൾ ന. സൂര്യനേയും നിരോധിക്കുന്നു എന്നാശയം. ര. ഊമന്മാരുടെ പക്ഷത്തിൽ, ദോഷ(രാത്രി)യിലുള്ള അന്തരകതി (ആഗ്രഹം) എന്നും, ജനപക്ഷത്തിൽ, ദോഷങ്ങളിലുള്ള ചാച്ചു എന്നും അർത്ഥം,

Digitized By Kerala Sahitya Akademi

**താരാനിരകൾക്കു(ഫ)കുലീനത്വമില്ലാഴ്കു;**
**(വ)ധാരാധരങ്ങൾക്കേ വൃത്തഭ്രംശം!**

[ഈ വർണ്ണനത്തിൽ, ഉൽപ്രേക്ഷ, ഭ്രാന്തിമാൻ, അതിശയോക്തി, ശ്ലേഷം, പരിവൃത്തി എന്നീ അലങ്കാരങ്ങൾ യഥാസ്ഥാനം സ്ഥിതിചെയ്യുന്നതു കണ്ടുകൊൾക. പുരാണകവികളുടേ കല്പനാശക്തിക്കും, ഉല്ലേഖനനൈപുണ്യത്തിനും അനന്തരന്മാരായ കാവ്യകർത്താക്കന്മാർ എത്രത്തോളം കടപ്പെട്ടിരിക്കുന്നു എന്നു ഈ നഗരവർണ്ണനയിൽനിന്നു കാണാം ]

# 5. വർഷക്കാലം

[മഴക്കാലം വന്നതുകണ്ടിട്ട് പാർവ്വതി പരമേശ്വരനോടു പറയുന്നതാണിതു്.

(കിളിപ്പാട്ടു്)

**കാററടിക്കുന്നു ഘോരം നെഞ്ചു വിണ്ടുപോംവണ്ണം,**
**ഏററവും ഗർജ്ജിക്കുന്നു മേഘങ്ങൾ, മഹേശ്വര!**
**കാർകൊണ്ടൽനിരകളിൽ നിന്നു മിന്നൽ പാഞ്ഞീടുന്നു;**

ഫ. നക്ഷത്രപക്ഷത്തിൽ, കു (ഭൂമി) മിങ്കൽ ഉള്ള ലീനത്വം (ചേച്ചു) എന്നും ജനപക്ഷത്തിൽ തറവാടിത്തമെന്നും അർത്ഥം.

വ. മേഘപക്ഷത്തിൽ വൃത്ത (സഞ്ചാരമാർഗ്ഗ)ത്തിൽ നിന്നുള്ള ഭ്രംശം (തെററൽ) വീഴ്ച എന്നും, ജനപക്ഷത്തിൽ, സന്മാർഗ്ഗത്തിൽ നിന്നുള്ള തെററൽ എന്നും അർത്ഥം.

Digitized By Kerala Sahitya Akademi

(൧)കേകകൾമുതിക്കുന്നു കേളിയാൽമയൂരങ്ങൾ.
പേമാരി ചൊരിയുന്നവാനിൽനിന്നും(൨)മേഘര-
സ്തോമമത്തോടണയുന്നവെള്ളിലുംബകങ്ങളും.
(൩)ഗർജ്ജിതഘനാരവംകേട്ടിട്ടു(൪)മരാളങ്ങ-
ളക്ഷണം(൫)സരസ്സുകൾ വെടിഞ്ഞുപോയീടുന്നു,
ളുദ്ധതനീചന്മാരാമാശ്രയഭ്രഷ്ടന്മാരേ
സമ്പത്തേറമുണ്ടെന്നാലും സത്തുക്കൾ വിട്ടുംപോലേ.

........................................................

തത്തുന്ന പിണർമിന്നൽ ചാരുകാർമേഘങ്ങളിൽ,
(൬)വർദ്ധന മലിനനു കണ്ടിട്ടെന്നതുപോലേ.
ചെമ്മേ തോണിയിലേറിസ്സഞ്ചരിക്കുന്നു ശൂരർ;
(൭)നിമ്നഗാനിരയ്ക്കൊക്കെ ചിക്കെന്നു വളരുന്നു?
ഹേ! ചിത്രമെന്തിങ്ങി(൮)ന്ദുശേഖര,ചേരില്ലയോ
(൯)നീചാനുയാനംചെയ്യും സ്ത്രീകൾ നിസ്തേജകൾ?
ദ്യോവിങ്കൽക്കരിങ്കാറും, സർജ്ജങ്ങൾതന്മേൽപൂവും,
ക്രൂവള്ളങ്ങളിൽ കായും, കടമ്പുകളിൽമൊട്ടും,
വമ്പൊയ്കതോറും പത്മപത്രവും, പുഴകളി-
ലംഭസ്സുംനിറഞ്ഞിതാ, ദുസ്സഹം മഴക്കാലം!

---

൧. മയിലിൻെറ ശബ്ദങ്ങൾ. ൨. മേഘനിര. ൩. വമ്പിച്ച ഇടി നാദം. ൪. അരയന്നങ്ങൾ. ൫. സരസ്സുകളേ നീചാശ്രയങ്ങളായും, ഹംസങ്ങളേ സജ്ജനങ്ങളായും, സങ്കല്പിച്ചിരിക്കുന്നു. - ഉപമ. ൬. ഹേതൂൽപ്രേക്ഷ. ൭. നിമ്നഗാ (താഴ്ന്നസ്ഥലങ്ങളിൽ ഗമിക്കുന്നതു്) കൾ = നദികൾ. ൮. ശിവ. ൯. നീചന്മാരെയനുഗമിക്കുക എന്നും നീചൈസ്സാ (താഴ്ന്ന) യി ഗമിക്കുക എന്നും അർത്ഥം.

[പ്രകൃതിവർണ്ണനപരമായ ഈ കവിതയിൽ സ്ഥാനോചിതമായ ഘടിപ്പിച്ചിട്ടുള്ള ലോകതത്വസംബന്ധികളായ ഉപമാദ്യലങ്കാരങ്ങൾ ഹൃദ്യങ്ങളും ചമൽക്കാരമുള്ളവയായിരിക്കുന്നു.]

Digitized By Kerala Sahitya Akademi

# 6. ക്ഷത്രതേജസ്സിൻെറ നർത്തനം

[വാത്മീകിമഹർഷിയുടെ തപോവനത്തിനരികിലൂടെ കടന്നുപോയ ശത്രുഘ്നരക്ഷിതമായ ശ്രീരാമൻെറ യാഗാശ്വത്തിനെ, ആശ്രമത്തിൽ വസിക്കുന്ന സീതയുടെ പുത്രന്മാരായ കുശലവന്മാരിൽ ലവൻ, പരതേജോൽകർഷം സഹിക്കാതെ പിടിച്ചു കെട്ടിയതിനാൽ ശത്രുഘ്നൻ അശ്വരക്ഷകസൈന്യത്തോടുകൂടി എതിരിട്ട് യുദ്ധത്തിൽ ലവനെ തോൽപിച്ചു ബന്ധനസ്ഥനാക്കിയപ്പോൾ ആ വിവരം കേട്ടു ദുഃഖിതയായിത്തീൎന്ന സീതയെ കുമാരനായ കുശൻ സമാശ്വസിപ്പിച്ചുംകൊണ്ടു പറയുന്നതാണിത്.]

അമ്മേ, മനസ്സിനഴലെന്തിനു? പെററപുത്രൻ
ഞാനിങ്ങിരിക്കെ മിഴിനീർ ഭുവി വീഴ്കയോ തേ!
എൻതമ്പി, വൈരിമഥനൻ, ലവനെന്നു ദുഷ്ട-
ദുഃക്ഷത്രിയൻെറ കരബന്ധനമേൽക്കയെന്നോ?

അമ്മേ, ലവൻ വിടുതലാൎന്നുകഴിഞ്ഞു! കൊൽവ-
നമ്മന്നനേപ്പടയൊടൊത്തു ശരങ്ങളാൽ ഞാൻ;
ആയാളമൎത്ത്യ, നഥവാ, പുരവൈരിതന്നെ-
യാകട്ടെ; ഞാനടരിലുണ്ണിയെ വീണ്ടെടുക്കും.

എന്നമ്മ കേഴരുതു, വീരനു പോരിൽ വീഴ്ച
കീൎത്തിക്കുതാൻ; തിരികെയോടുകിലാണകീൎത്തി!
തന്നാലുമമ്മ, മികവേറിയ, നല്ല ചട്ട,
ഞാണററവില്ലു, മതിതീക്ഷ്ണകൃപാണവും മേ.

Digitized By Kerala Sahitya Akademi

**പോകുന്നുഞാൻ; പെരിയ സേനയെവീഴ്ത്തുവൻ ഞാൻ;**
**ബന്ധനസ്ഥനാം തവ സുതൻ വരുമിപ്പോളാര്യേ!**
**വൻപോരിൽനിന്നു തവപുത്രനെ വീണ്ടിടായ്കി-**
**ലെന്തേവരിൽ വേണ്ട തവ തൃക്കഴലിൻപ്രസാദം.**

# 7. ഒരു യുദ്ധം

[ഹിരണ്യാക്ഷപുത്രനായ അന്ധകാസുരൻ പരമശിവപ്രസാദത്താൽ മഹാ വിക്രമിയും ബലശാലിയുമായിത്തീർന്നതിനുശേഷം, അമരന്മാരായ ദേവകളെ ജയിക്കുന്നതിനുവേണ്ടി അസുരപ്പടയോടുകൂടി സ്വർഗ്ഗത്തിൽചെന്നു് ദേവന്മാരെ പോരിനു വിളിച്ചു. സന്നദ്ധനായ ദേവേന്ദ്രൻ സകല ദേവഗണങ്ങളോടുംകൂടി അസുരപ്പെരുമാളായ അന്ധകനോടു് യുദ്ധത്തിനു പുറപ്പെട്ടു. ആ യുദ്ധത്തെ വർണ്ണിക്കുന്ന ഭാഗമാണ് താഴെ ഉദ്ധരിക്കുന്നതു്]

(വഞ്ചിപ്പാട്ട്)

**സഞ്ജാതമായുടനൊരു (൧)സങ്കുലപ്പോരതിഘോരം;**
**മഞ്ഞനിറപ്പൊടികൊണ്ടു മറഞ്ഞുവിശ്വം.**
**അച്ഛൻമകനേയും മകനച്ഛനേയുമറിയാതായ്,**
**തച്ചുചിലർ, തങ്ങളെത്തന്നെ ഹിംസിച്ചു.**
**ക്രോധംപൂണ്ടു, തേർതേരോടും, ഹസ്തിഹസ്തിയോടും,**
**സാദി**

൧. സങ്കുല (ശത്രുക്കൾ ഇരുഭാഗക്കാരും അന്യോന്യം ആക്രമിച്ചു് ഇടകലർന്നു നടത്തുന്ന)മായ പോര് (യുദ്ധം)

Digitized By Kerala Sahitya Akademi

സാദിയോടും, കാലാൾ കാലാളോടുംപൊരുതേറവേ;
പരസ്പരം ജയേച്ഛയാ പരിക്കേല്പിക്കയുംചെയ്താർ.
പരംത്തുമൂലമാം ദേവാസുരപ്പോരതിൽ,
പൊടിതീരെയമർന്നുപോം പടിയൊരുഘോരപ്പുഴ
കൊടുതായബ്ഭടതതിക്കിലടിച്ചൊഴുകി.
(൧)കുംഭികുംഭവൻകൂർമ്മവും, തീക്ഷ്ണ(൨)കുന്തമകരവും,
മമ്പാംമീനും, (൩)തേർച്ചുഴിപ്പും, (൪)വാൾനക്രവുമായ്
കുടർച്ചുണ്ടിചിതറിയും, കൊടിത്തുകിൽ നുരചേർന്നും,
കുറുനരി (൫)യാദസ്സുകൾ ക്രൂന്തമറിഞ്ഞും,
കങ്കഗൃധ്രശ്യേനങ്ങളാം (൬)കളഹംസരഥാംഗങ്ങൾ,
വൻകാക (൭)കാദംബങ്ങളെന്നിവയണിഞ്ഞും,
പിശാചുക്കളെന്നപേരാമൃഷികൾ വന്നിടചേർന്നും,
അശക്തർക്കു കടക്കുവാനാവതല്ലാതെ
ദുരന്തമായ്ക്കിടക്കു(൮)മപ്പുഴതന്നിലിറങ്ങിനാർ,
പെരിയ ശൂരന്മാർ തേരാം ചങ്ങാടംകേറി;
ഞെരിയാണിയോളമാണ്ടും പരസ്പരം മഥിച്ചും സ-
ത്വരംകടക്കയായ് ഭടർ(൯)ജയധനാർത്ഥം.
ദാരുണമായ്ദ്ദേവാസുരമാരണമായ് മഹത്തായി,-
ബ്ഭീരുക്കൾക്കു ഭയങ്കരമാകുമപ്പോരിൽ,
യക്ഷരക്ഷഃപിശാചുക്കൾഹൃഷ്ടരായിക്കളിയാടി-
കുക്ഷിനിറവോളം ഭടരക്തം കുടിച്ചു൰,

---

൧. ആനത്തലയാകുന്ന വമ്പിച്ച ആമ. ൨. കുന്തമാകുന്ന മകരമത്സ്യം. ൩. തേരാകുന്ന ചുഴി. ൪. വാളാകുന്ന മുതല. ൫. ജലജന്തുക്കൾ. ൬. അരയന്നങ്ങളും ചക്രവാകങ്ങളും. ൭. തെവക ഹംസങ്ങൾ. ൮. ആ രക്തമാകുന്ന പുഴ. ൯. ജയമാകുന്ന ധനത്തിനുവേണ്ടി. പരമ്പരിതരൂപകം അലങ്കാരം,

Digitized By Kerala Sahitya Akademi

കെട്ടിപ്പിടിച്ചിറച്ചിയും തിന്നു (൧൦)വസ തേച്ചുതുള്ളി;
സ്പഷ്ടംഗർജ്ജിക്കയായ് തമ്മിൽപ്പറവകളും!

# 8. ശരൽക്കാലം

(കിളിപ്പാട്ട്)

വൻകരിമുകിലുകൾ വാനിനേ വിടുകയായ്,
(൧)കങ്കങ്ങൾ മരത്തേയും, നദികൾ തടത്തേയും,
(൨)നീരിൽത്താർമണത്തേയും, പക്ഷികൾ(൩)നീഡ [ത്തേയും,
വാരി കാലുഷ്യത്തേയും, (൪)തരുക്കൾ ശൃംഗത്തേയും.
അല്ലിത്താർ വിരിയുന്നു; തിങ്കളിൻ കതിരുകൾ
ഉല്ലസിക്കുന്നു തുലോം; വല്ലികൾ പുഷ്പിക്കുന്നു;
ഉഴുതും (൫)ഗോവൃന്ദവുമുന്മേഷമടയുന്നു;
മുഴക്കേപ്പരിതോഷം സത്തുക്കൾക്കുദിക്കുന്നു.
സരസ്സിൽ പദ്മങ്ങളും, വാനിൽ നക്ഷത്രങ്ങളും,
സലിലാശയങ്ങളിൽ ജലവും തെളിയുന്നു
(൬)സന്മനസ്സിനെപ്പോലെ, (൭)ദിങ്മുഖങ്ങളോടൊപ്പം
വെണ്മ തേടുന്നു കുളിരമ്പിളിപ്രഭാപൂരം.

൧൦. വപ.

൧. കങ്കപക്ഷികൾ. ൨. താമരപ്പൂവ്. ൩. കൂട്. ൪. കൃഷ്ണമൃഗങ്ങൾ. ശരൽക്കാലത്തു കൃഷ്ണമൃഗങ്ങളുടെ കൊമ്പുകൾ കൊഴിഞ്ഞുപോകുമെന്നു പ്രസിദ്ധം. ൫. കാളകളുടെ കൂട്ടം. ൬. ഉപമാലങ്കാരം ൭. സഹോക്തി. "ഒന്നോടുകൂടി മറ്റൊന്നു ക്രിയചെയ്താൽ സഹോക്തിയാം" എന്നു സഹോക്തിലക്ഷണം. കൃത്രിമകൽപനാസന്താനങ്ങളായ ഉല്ലേഖങ്ങളില്ലെങ്കിലും, പ്രകൃതിസൌന്ദര്യത്തേ ഉചിതാലങ്കാരങ്ങൾകൊണ്ടു മിഴിവു വരുത്തി പ്രകാശിപ്പിക്കുന്ന ഈ കവിത പ്രകൃതിനിരീക്ഷണരസികന്മാരെ രസിപ്പിക്കാതേ വരികയില്ല.

Digitized By Kerala Sahitya Akademi

# 9. ധർമ്മാധർമ്മഫലങ്ങൾ

[ഭക്താഗ്രഗണ്യനായ പ്രഹ്ലാദൻ ഹിരണ്യാക്ഷപുത്രനായ അന്ധകാസുരനു കൊടുത്ത ഉപദേശത്തിൽപ്പെട്ടതാണ് താഴെ ഉദ്ധരിക്കുന്ന വരികൾ.]

## (കിളിപ്പാട്ട്)

(ഫ) മാനവുമരിശവുംവിട്ടവൻ ധർമ്മാസക്ത-
മാനസൻ, കൃതവിദ്യ,നന്യരെ ദ്രോഹിക്കാത്തോൻ,
പരസ്ത്രീരതിയെന്യേ നിജസ്ത്രീരതനേവൻ,
പരമാപ്പുരുഷനു പാരിലില്ലൊരു ഭയം.
ത്യക്തധർമ്മനായ്, സദാ കലഹപ്രിയനായി,
വിദ്യയെ നേടാത്തോനാ, യന്യരെ ദ്രോഹിപ്പോനായ്,
പരസ്ത്രീവിത്തേച്ഛുവായ് (റ)വിഗീതവൃത്താന്തനാം
നരനില്ലിഹത്തിലും പരലോകത്തും സുഖം.
ധർമ്മത്തെ ത്യജിക്കൊല്ലാ; ധർമ്മമേ പരഗതി,
ധർമ്മഹീനന്മാർ വീഴും രൗരവനരകത്തിൽ.
ധർമ്മമേ മേല്പോട്ടേറ്റുന്നൊന്നിഹപരങ്ങളി-
ലമ്മട്ടിലധർമ്മംതാൻ കീഴ്പോട്ടുവീഴിക്കുന്നു.
എപ്പോഴുംപരസ്ത്രീയെത്തൊട്ടൊലാ ധർമ്മസ്ഥിത,-
നപ്പാപം നര(ന)ർക്കേകവിംശതിനരകദം.
ഏവർക്കുമിതേ ധർമ്മം; (ര)പരസ്വകളത്രേച്ഛു-
വേറിയ കാലം മേവും രൗരവനരകത്തിൽ.

---

ഫ. അഹങ്കാരം. റ. നിന്ദിതമായ ചരിതത്തോടുകൂടിയവൻ. ന. 21 നരകങ്ങളിൽ പതിപ്പിക്കുന്നതു്. ര. അന്യന്റെ സ്വത്തിലും ഭാര്യയിലും ആഗ്രഹം ചെലുത്തുന്നവൻ.



Digitized By Kerala Sahitya Akademi

പ്രാണസന്ത്യാഗം കൊള്ളാം, പാടില്ല പരഹിംസ;
മൌനമല്ലതേ ഗുണം, (ന)ദോഷ്ക്കചൊൽവതിനേ
[ക്കാരം;
(ര്)ഷണ്ഡനാകതാൻ ഭേദം, പരസ്ത്രീരതിയല്ല;
നന്നു പിച്ചയ്ക്കായ്ക്കെണ്ടല (ഒ)ന്യസ്വാപഹൃതി വയ്യാ.

# 10. ത്രികൂടപർവ്വതം

(ശീതങ്കൻ തുള്ളൽ)

(ഫ)ഭൂമീധരേന്ദ്രനായ് ഭാസ്കരകാന്തിയാം
മാമേരുതന്നുടെയാരോമലുണ്ണിയായ്,
ആ മഹാംഭോധിയേ ഭേദിച്ചുയന്നതായ്,
ശ്രീമാൻ ത്രികൂടമെന്നുണ്ടൊരു പവ്വതം.
പാലാഴി(വ)വീചികൾ നന്നായ്ക്കഴുകുന്ന
പാറപ്പുറങ്ങളും, സവ്വരത്നങ്ങളും,
നീരൊഴുക്കുങ്ങളും ചേരുമിതിങ്കലു-
ണ്ടാരമിക്കുന്ന (ന)ഗീവ്വാണഗന്ധവ്വരും,
ചാരണകിന്നരഗുഹ്യകയക്ഷരും,
ചാരുസവ്വാംഗിമാരപ്സരസ്ത്രീകളും,
ഓടിനടക്കുന്ന ചെന്നായ്ക്കൾ, മാൻ, മരം-
ചാടി, സിംഹം, പുലി, മത്തഗജങ്ങളും;
പാതിരി, കൂവളം, ചമ്പകം, (ര്)കൊങ്ങകൾ,
(ഒ)താലം, (ന്ന)തമാലം, മരുതു, ചരളങ്ങൾ,

---

ന. കളവു. ര്. നപുംസകം. ഒ. അന്യന്റെ സ്വത്തപഹരിക്കുക.

10. ഫ. പർവ്വതരാജാവു്. വ. തിരമാലകൾ. ന. ദേവകൾ. ര്. കൊന്നമരങ്ങൾ. ഒ. കരിമ്പന ന്ന. പച്ചിലമരം.

Digitized By Kerala Sahitya Akademi

(൧)ദാലയംമുമ്പായ നാനാമരങ്ങളും
ആകേ നിറഞ്ഞു വിളങ്ങുന്നിതഗ്ഗിരി.
(൨)കേകി, (൩)ചകോര, (൪)ദാത്യൂഹനിനാദിതം,
(൫)ചിത്രധാതുപാങ്കിതശൃംഗത്രയത്താലു
(൬)മദ്രീപ്രവിസ്തീർണ്ണസാനുക്കളാലുമേ
ഒന്നതിൽപ്പൊന്മുടി സ്ഥൂല്യുന്നിരിപ്പിട-
മുന്നമ്രനാനാസുഗന്ധമത്യുത്തമം;
വെള്ളിമയമായ രണ്ടാംകൊടുമുടി
വെൺമുകിൽപോലുള്ളതിന്ദുവിൻ പാപ്പിടം;
വൈഡൂര്യ്യവജ്രേന്ദ്ര നീലരത്നാഭയേ-
പ്പാടേ വിതറുന്ന മൂന്നാംശിഖരമോ
(൭)ബ്രാഹ്മനികേതമാണെല്ലാററിലും വച്ചു
മെന്മയേറീടുമതിനേയൊരിക്കലും,
കാണുകയില്ല കൃതഘ്നൻ, ദുരാശയൻ,
(൮)കൌണപൻ, പാപി, തപോഹീനനെന്നിവർ
പൊന്താമരപ്പൊയ്കയൊന്നാഗ്ഗിരിയിലു-
(൯)ണ്ടന്തരാ(൧൦)ഹംസകാരണ്ഡവാദ്യന്വിതം
(൧൧)ഗാരുത്മതാഭദളങ്ങളും(൧൨)പൊന്നണി-
ത്താരുമിണങ്ങിയ പൊന്താമരകളാൽ

൧. ചന്ദനം. ൨. ചക്രവാകം, ൩. ചെമ്പോത്ത്. ൪. നത്ത്. ൫. പലനിറത്തിലും തരത്തിലുമുള്ള ധാതുദ്രവ്യങ്ങൾ (കാവിമണ്ണ്, മനയോല മുതലായവ) അടങ്ങിയ മൂന്നു കൊടുമുടികൾ. ൬. ശോഭിക്കുന്നവയും വിസ്താരമുള്ളവയുമായ താഴ്വാരങ്ങൾ. ൭. ബ്രഹ്മാവിൻെറ ഭവനം ൮. രാക്ഷസൻ. ൯. ഇടയ്ക്കു=മധ്യത്തിൽ. ൧൦. അരയന്നങ്ങൾ, കള്ളക്കോഴികൾ മുതലാവയോടുകൂടിയതു. ൧൧. മരതകമണിയുടെ ശോഭയുള്ള ഇതളുകൾ. ൧൨. പൊൻനിറത്തിലുള്ള പൂക്കൾ.

Digitized By Kerala Sahitya Akademi

പാരം വിളങ്ങീ സരസ്സതിന്ദീവര-
(ഓ)കൈരവകൽഹാര(ന്ന)പുണ്ഡരീകാവൃതം.

# 11. ഒരു മഹാസംയമി

[അച്ഛോദസരസ്സിൽ സ്നാനത്തിന്നു ചെന്ന വേദനിധി മഹർഷിയുടെ പുത്രനായ താപസയുവാവിൻെറ സൌന്ദര്യം കണ്ടു മയങ്ങിയ ഗന്ധർവ്വകന്യകമാർ അദ്ദേഹത്തെ ശൃംഗാരവിലാസങ്ങൾകൊണ്ടു മയക്കുവാൻ നോക്കിയപ്പോൾ മഹാ സംയമിയും ധീരചിത്തനുമായ ആ താപസബ്രഹ്മചാരി സ്വയം പറയുന്നതാണിത്.]

(കിളിപ്പാട്ട്)

ബ്രഹ്മവിഷ്ണ്വീശാദ്യരും പണ്ടു യോഗികൾ, സിദ്ധ-
ബ്രഹ്മർഷിമാരും പെണ്ണിൻപകിട്ടിൽ മയങ്ങിപ്പോയ്!
ആരുടെ(ഫ)മനോമൃഗം വീഴില്ലോ, (വ)സ്മരവില്ലൻ
നാരിതൻ(ബ)ചില്ലീവിൽചേർത്തെയ്ത(ര)കൺമുനയാ-
[ൽ?
നീതിചിന്തയും, മനഃസ്ഥൈര്യവും, മാലോകരിൽ
ഭീതിയും, തറവാട്ടിൻമതിപ്പും, (ർ)തപസ്യയും,
(ന്ന)ചേർച്ചയും നരന്മാർക്ക് (റ)കാമിനീമിഴിക്കോണാ-

ഓ. ആമ്പൽപ്പൂവു. ന്ന. വെള്ളത്താമരപ്പൂവ് ഈ പദ്യം വർണ്ണനം, പ്രകൃതിയുടെ അകൃത്രിമമായ രാമണീയകത്തെ ചിത്രീകരിച്ചു കാണിക്കുന്നുണ്ട്.

11 ഫ. മനസ്സാകുന്നമൃഗം വ. കാമദേവനാകുന്ന വില്ലാളി ബ. പുരികക്കൊടിയാകുന്ന വില്ല് ര. കടാക്ഷമാകുന്ന ശരം. അലങ്കാരം, രൂപകം. ർ. തപസ്സ്. ന്ന. അനുരൂപത. റ. സ്ത്രീകളുടെ കടാക്ഷമാകുന്ന,

Digitized By Kerala Sahitya Akademi

(ർ)മാധുൎയ്യമദിരയാൽ മയങ്ങും നേരത്തോളം!
മയക്കം, മനോബോധം കെടുത്തും(ഠ)മടവാർക-
(ന്ന)ളയത്നസിദ്ധങ്ങളാം മഞ്ജുലീലകളാലേ,
മയക്കി മനസ്സാരം ഹരിച്ചീടുകയാണീ-
മധുവാണികൾ ധൎമ്മരക്ഷണേ നാൽക്കനോമെന്നേ-
(ദ) മാംസാസൃങ്മലമൂത്രമലിനസ്ത്രീദേഹത്തിൽ
മാധുൎയ്യമാരോപിച്ചു മോഹന്ന മൂഢൻകാമി;
സാരദ്രഷ്ടികളായ സജ്ജനങ്ങളോ സ്ത്രീകൾ
(വ)ദാരുണമാരെന്നത്രേ നിശ്ശങ്കം കഥിക്കുന്നു.

## 12. കൈലാസവൎണ്ണനം

(ശ്രീതങ്കൻതുള്ളൽ)

ചോലാന്ന ചന്ദ്രനെപ്പോലെ വെളുത്തതായ്
കൈലാസമെന്നൊരു മാമലയുണ്ടഹോ,
(ഫ) ധാതുവിചിത്രിതം, നാനാദ്രുമാവൃതം
പൂതഗംഗാജലക്ഷാളിതാ നീളവേ;
നാനാനദീസഹസ്രങ്ങളുണ്ടഗ്ഗിരി-
സ്ഥാനാലൊഴുകുന്ന ഭവ്യപ്രദായികൾ.
വൻതടാകവ്രജം, സാരസംഘംസങ്ങൾ

ർ. അത്ഭുതകരമായ മദ്യം. ഠ. സ്ത്രീകൾ. ന്ന. സ്വതസ്സിദ്ധങ്ങൾ. ദ. മാംസം, രക്തം, മലം, മൂത്രം, എന്നിവയാൽ മലിനമായിട്ടുള്ള സ്ത്രീദേഹം. വ. ഭയങ്കരികൾ.

12. ഫ. മനയോല മുതലായ ധാതുദ്രവ്യങ്ങളാൽ നാനാവൎണ്ണം പൂണ്ടു ശോഭിക്കുന്നതു്.

Digitized By Kerala Sahitya Akademi

സന്തതംമേവുന്ന പുണ്യസരസ്സുകൾ,
പച്ചച്ച പൂമരക്കാട്ടുകൾ, എന്നിവ
മെച്ചത്തിലങ്ങു വിളങ്ങുന്നു ചുററുമേ.
ദേവസിദ്ധാപ്സരോ ഗന്ധർവ്വചാരണ-
സേവിതം, കിന്നരന്മാരാൽ സമാവൃതം,
ദിവ്യവൃക്ഷങ്ങളും, ദിവ്യഭോഗങ്ങളും,
ദിവ്യഗന്ധങ്ങളും, ചേരുമപ്പർവ്വതം
വെള്ളപ്പളുങ്കു കല്ലെങ്ങുമൊത്തക്കനൊ-
ത്തുള്ള തേജസ്സു പൊഴിക്കുന്നു ചുററുമേ.
കായാവിലഞ്ഞിയും മററു പലതര-
മായ വൃക്ഷങ്ങളും പൂത്തങ്ങു നിൽപുതേ.
കൂകുന്നു ദിവ്യ(ഫ)വിഹംഗങ്ങൾ ഭംഗിയിൽ;
(വ)കോകിലഗീതവും പൊങ്ങുന്നു കോമളം.
തത്ര കാണാം മഹാദേവന്റെ മന്ദിര-
മെത്രയോ ലക്ഷം (ന)ഗണങ്ങളാലാവൃതം.
വിണ്ണിനേക്കാളും മനോഹരം പാവനം
പുണ്യദമുന്നതകന്മേതിൽ ചുററുമായ്.
ദിഗ്ഗജ(ര)ബൃംഹിതമങ്ങു മുഴങ്ങുന്നു
തൽഗുഹ തോറും (ഒ)മയൂരസ്വനങ്ങളും.
(ന്ന)കോലാദി നാനാമൃഗങ്ങൾ കപികളും
ലീലയാട്ടുന്നു കിരാതപുളിന്ദരും.
നാനാതരം നീരുറവും ചെടികളും
സാനുക്കൾ നിമ്നോന്നതങ്ങൾ ശൃംഗങ്ങളും
(൧) ഭവ്യവിനോദങ്ങൾ, നാനാ സുമങ്ങളും

---

ഫ. പക്ഷികൾ. വ. കുയിൽനാദം. ന. ഭൂതങ്ങൾ. ര. ദിഗ്ഗജങ്ങളുടെ ഗർജ്ജിതം. ഒ. മയിലുകളുടെ ശബ്ദങ്ങൾ. ന്ന. പന്നി മുതലായ. ൧. ശോഭനങ്ങളായ വിനോദങ്ങൾ.

Digitized By Kerala Sahitya Akademi

ദിവ്യഗുണങ്ങളും (ഫ)ദിവ്യധാമങ്ങളും,
ഏവം ലസിക്കുന്നു സല്ലോകസേവിത-
മാ വെൺ(വ)മഹാഗിരി പുണ്യരാജ്യോപമം.

# 13. ഒരു ദിവ്യസുന്ദരി

[കല്പവൃക്ഷത്തിൻെറ പ്രഭാവം പരീക്ഷിക്കുനാതിനായി പാർവ്വതീദേവി, സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീയേ കല്പവൃക്ഷത്തോടാവശ്യപ്പെട്ടപ്പോൾ അതിൽനിന്നു അത്ഭുതരൂപിണിയായ ഒരു ദിവ്യസുന്ദരി പെട്ടെന്നുളവായിവന്നു. ആ സുന്ദരിയുടെ സൌന്ദര്യവർണ്ണനമാണ് താഴെ പകൎത്തുന്നത്.]

(ചെറുശ്ശേരി)

തങ്കത്താൽ തീൎത്തോരു ബിംബമായ് തോന്നുമ-
പ്പങ്കജലോചനയാളെക്കണ്ടാൽ.

പട്ടുപോലുള്ള ചുരുണ്ട കരിങ്കുഴൽ
സൃഷ്ടവായ്ത്തുമ്പത്തു കെട്ടിയതിൽ,

തൂമണം വീശുന്ന പൂക്കൾ തിരുകിവെ-
ച്ചോമനപ്പെൺകൊടി ലാലസിച്ചു.

ഫ. ദിവ്യഗൃഹങ്ങൾ, വ. വെള്ളിമാമല.

Digitized By Kerala Sahitya Akademi

ആ (൧)മുഗ്ദ്ധസീമന്തവീഥിയിൽ നല്ലോരു
ത്തൂമുത്തുമാലയണിഞ്ഞിരുന്നു.

സീമന്തവീഥിക്കു താഴെയായ് ശ്ശുക്രന്നു
തോൽമയണച്ചോരു പൊട്ടു മിന്നി.

വെൺനിലാവോലും കുളിർമുഴുത്തിങ്കൾതാൻ
സുന്ദരീതൻമുഖം വിശാരമ്യം.

എന്നാൽ (൨)കളങ്കക്ഷയാദിദോഷങ്ങളി-
ലൊന്നുമാവക്ത്രത്തിനില്ലതാനും!

(൩)തണ്ടലരെന്നെന്നുമസ്സുഗന്ധാനനം
കണ്ടു നാണിച്ചത്രേ നീരിൽ വാഴ്വൂ(൪)

ആമുഖത്തിങ്കലെ മാരുതൻ പാരിങ്ക
താമരത്താർമണം വ്യാപിപ്പിച്ചു!

പുഞ്ചിരിക്കൊള്ളുമ്പോൾ മുത്തെതിർദന്തശ്രീ
(൫)ചെഞ്ചൊടിത്താരിങ്കൽ മിന്നിക്കാണായ്.

കണ്ണിന്നാനന്ദദം കന്യതൻ നാസിക;
കർണ്ണങ്ങൾ രത്നവിഭൂഷിതങ്ങൾ;

സ്വർണ്ണത്തിൻവർണ്ണത്തിൽ മിന്നിത്തിളങ്ങുന്നു
പുണ്ഡരീകാക്ഷിതൻ (൬)ഗണ്ഡയുഗ്മം;

---

൧. മനോഹരമായ സീമന്ത(നെറുക)രേഖ. ൨. കളങ്കവും, ക്ഷയം മുതലായ മററു ദോഷങ്ങളും; ഇവിടെ വ്യതിരേകരീതിയിലുള്ള രൂപകം അലങ്കാരം. ൩. താമരപ്പൂവ്. ൪. ഗമ്യോൽപ്രേക്ഷ. ൫. അധരം. ൬. കവിളിണ.

Digitized By Kerala Sahitya Akademi

സൌന്ദര്യം, ശൃംഗാരം, ശ്രീ, യിവമൂന്നിന്റെ
മൂന്നു വരകളുണ്ടു കണ്ഠത്തിൽ;

തോൾകളതീവ(൧) സമങ്ങൾ; വടിവൊത്ത
കൈകൾമിനുത്തുരുണ്ടുജ്ജ്വലങ്ങൾ;

ഹസ്തം സുശീതളമംബുജകോമളം
(൨) സ്വസ്തികപത്മാദിരേഖാങ്കിതം;

(൩)നീർപ്പൂവിതൾപോലൃജുക്കൾ വിരലുകൾ;
നീർപ്പോളപോലെമണി നഖങ്ങൾ;

(൪)താമരത്താരകത്തിന്നൊത്ത മെയ്നിറം;
താമരത്താർമണം മെയ്യിലെങ്ങും;

(൫)താമരമങ്കയാൾപോലെസ്സുലക്ഷണ-
(൬)മാമരമങ്കയാളുല്ലസിച്ചു.

രക്തോൽപ്പലാഭങ്ങൾ കോമളപാദങ്ങൾ.
രക്താംശുദീപ്രങ്ങൾ കാൽനഖങ്ങൾ;

ശാസ്ത്രോക്തലക്ഷണമെല്ലാമിണങ്ങിയ
(൭)ഗാത്രത്തിൽ കങ്കണഹാരാദ്യങ്ങൾ;

---

൧. ഒത്തവ. ൨. സ്വസ്തികം, താമരപ്പൂവ് മുതലായവയുടെ ആകൃതിയിലുള്ള ഉത്തമരേഖകൾ ഉള്ളത്. ൩. താമരപ്പൂവ്. ൪. താമരപ്പൂവിന്റെ ഉള്ളപോലെ സ്നിഗ്ദ്ധമസൃണരക്തമായ ദേഹം. ൫. ലക്ഷ്മീഭഗവതി. ൬. കല്പവൃക്ഷപുത്രിയായ ഒരു സ്ത്രീ. ൭. ദേഹം.

Digitized By Kerala Sahitya Akademi

ചാർത്തിയും, (വ്യ) കാഞ്ചന കാഞ്ചി കിലുങ്ങിയും
നേർത്താൎന്ന (ൻ)മേചകപ്പട്ടുടുത്തും,
(ഫ൦)പാടലരമ്യ റവുക്ക ധരിച്ചുമ-
(ഫ ഫ)പ്പാദപകന്യ വിളങ്ങീ പാരം.

[ശൃംഗാരക്കറ തട്ടി മലിനപ്പെടാത്ത ദിവ്യസ്ത്രീയുടെ സ്വാഭാവികമായ നൈസൎഗ്ഗികസൌന്ദൎയ്യത്തെ കൃത്രിമകല്പനങ്ങൾകൊണ്ടു മോടിപിടിപ്പിക്കാതെ ഉചിതവും ശുദ്ധവും ആയ നിലയിൽ വൎണ്ണിച്ചിരിക്കുന്ന ഈ പുരാണകവിതയുടെ സ്വാരസ്യവും ഭാവനോദ്ദീപകത്വവും ആൎക്കും അപലപിക്കുവാൻ സാധിക്കുന്നതല്ല.]

## 14. ഒരു ഉപദേശം

(കിളിപ്പാട്ട്)

ആരെയും ദ്രോഹിച്ചുപോകൊലാ, കക്കൊലാ;
നേരുകേടോതൊ (ഫ)ല്ലനിഷ്ടാഹിതങ്ങളും,
അന്യന്റെ പുല്ലുതാൻ (വ )ശാകതോയങ്ങൾ താൻ

വ്യ. പൊന്നരഞ്ഞാൺ. ൻ. കറുത്ത പട്ടു്. ഫ൦. ചെമന്ന മനോഹരമായ മുലപ്പടം. ഫ ഫ. വൃക്ഷപുത്രി.

14. ഫ. അനിഷ്ടവും അഹിതവും ആയിട്ടുള്ളതും ഒരാളോടും പറയരുതു്. വ. ചീര. വെള്ളം എന്നിവ.

Digitized By Kerala Sahitya Akademi

മണ്ണുതാൻ കട്ടാൽ നരകത്തിൽ വീണുപോം.

*നഞ്ഞല്ല നഞ്ഞു; (൧)നഞ്ഞായിതന്ന്യസ്വം;
അഞ്ജസാ വർജ്ജിക്ക ദേവസ്വവും സദാ
(൨)ശുഷ്കവൈരങ്ങൾ തുടങ്ങൊലാ വേണ്ടാത്ത,
തർക്കങ്ങൾ വർജ്ജിക്ക, കോപിണിക്കൂട്ടൊലാ;
ആവോളമേഷണിഗോരനായ്ച്ചെല്ലരൊലാ,
കൈവച്ചുപോകരുതന്ന്യവിത്തങ്ങളിൽ.
• മുറകം തനിക്കനുകൂലമല്ലാത്തതു
മററുള്ളവങ്കലുമാചരിച്ചീടൊലാ.
രാഗവും, ദ്വേഷവും, ക്രോധവും, ലോഭവും,
ശോകവു, മീർഷ്യയും, മോഹവും, ദംഭവും,
ജ്ഞാനിനിന്ദാ, വഞ്ചന, ഗർവ്വ്, മസൂയയും
(൩)ഹീനനിഷേവയും വർജ്ജിക്ക (൪)തൃഷ്ണയും
വിത്തത്രേ(൫)ലോഭം പാപത്തി,ന്നതിൻവേരാം (൬) [മോഹം
(൭)പത്രങ്ങൾ ചതി ഡംഭം; (൮)സ്കന്ധമാണസത്യം [പോൽ
കൊമ്പുകൾ(൯)മായം; പൂക്കൾ (൰)ദുഷ്മതി; ഗന്ധം [ക്രൗര്യം;
വൻഫലമജ്ഞാനം; (൰൧)സ്വാദധർമ്മം നിരൂപിച്ചാൽ:

---

൧. അന്യന്റെ മുതലാണ് വിഷം. ൨. നിസ്സാരസംഗതികളുള്ള വൈരം. ൩. നീചസേവ. ൪. വിഷയേച്ഛ. ൫. ധനേച്ഛ പാപമാകുന്ന മരത്തിന്റെ ബീജമാകുന്നു. ൬. മനസ്സിന്റെ വെളിവില്ലായ്മ. ൭. ഇലകൾ. ൮. കവുളി. ൯. കള്ളത്തരം. ൰. ദുർബ്ബുദ്ധി. ൰൧. അധർമ്മമാണ് പാപവൃക്ഷഫലത്തിന്റെ സ്വാദ്.

*അപഹ്നുത്യലങ്കാരം.

Digitized By Kerala Sahitya Akademi

സൈപരമീമരത്തിന്റെ കൊമ്പത്തു വാഴ്വൂ (ച)ചോര-
ക്രൂരനാസ്തികേർഷ്യാലുവഞ്ചകവിഹംഗങ്ങൾ.
(വ)അശ്രദ്ധയിതിന്നു മൂലം;(ന)തൃഷ്ണാംബുനിഷേചകതാ-
(ര)ലശ്രമം വളരുമീ(ഒ)ലോഭപാദപത്തിന്റെ
തണലിലിരുന്നതിൻ പഴുത്ത ഫലങ്ങൾ തി-
ന്ന, വതൻ മധുരമാസ്സ്വാദ്യന്ന രസത്താലേ
നിത്യവും സംതൃപ്തരായ് സുഖിച്ചു മരുവുന്ന
മർത്ത്യവൃന്ദത്തിൻ ഗതി കേവലം കീഴ്പോട്ടത്രേ.
ആകയാൽ ധനപുത്ര കളത്ര വിചിന്തയു
ണ്ടാകരുതതു വിദ്വാന്മാർക്കുമല്ല, ജ്ഞന്റെ താം.
(ന്യ)ചിന്തകൾക്കിടയിലായ് കണ്ടുകൊള്ളൊരു സുഖ-
(ര)മന്തരാ വീണ്ടും വന്നുകേറുന്നു മഹാദുഃഖം.

[ഈ പദ്യപ്രബന്ധത്തിൽ, "വിത്തത്രേ ലോഭം പാപത്തി ന്ന്" എന്നാദിയായ ഭാഗങ്ങൾകൊണ്ട് ദുഷ്കൃത്യങ്ങൾ ആചരിച്ചുകൊണ്ട തൽക്കാലത്തേയ്ക്കു സുഖം അനുഭവിക്കുന്ന കൂട്ടർ പാപമാകുന്ന വിഷവൃക്ഷത്തിന്റെ തണലിലാണ് വിശ്രമിക്കുന്നതെന്നും, ആ പാപവൃക്ഷത്തിന്റെ ഉൽപ്പത്തിക്കുള്ള വിത്ത് ധനേച്ഛയാണെ

---

ച. കള്ളന്മാർ, ക്രൂരന്മാർ, നാസ്തികന്മാർ, അസൂയാലുക്കൾ, ചതിയന്മാർ എന്നിവരാകുന്ന പക്ഷികൾ. വ. വിദ്യ, സൽക്കർമ്മങ്ങൾ മുതലായവയിലുള്ള അശ്രദ്ധയാണ് ഈ ലോഭവൃക്ഷത്തിനുള്ള മൂലം. ന. വിഷയസ്പൃഹയാകുന്ന വെള്ളംകൊണ്ടു നനയ്ക്കൽ. ര. പ്രയാസംകൂടാതെ. ഒ. ധനാർത്തിയാകുന്ന മരത്തിന്റെ. ന്യ. പ്രാപഞ്ചികചിന്തകൾ. ര. ഇടയ്ക്കു.

Digitized By Kerala Sahitya Akademi

ന്നും മററും കല്പനം ചെയ്തിട്ടുള്ളതു് എത്രയും ചമൽക്കാരസുരഭിലമായിരിക്കുന്നുണ്ടു്. മരത്തിന്നു്, വിത്തു്, വേരു്, കൊമ്പു്, ഇല, പൂവു്, കായ മുതലായവ ഏതെല്ലാ വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവോ ആ വിധത്തിൽത്തന്നെയാണു് പാപത്തിന്റെ ലോഭം മോഹം മുതലായവയും, ബന്ധപ്പെട്ടിരിക്കുന്നതെന്നു സംഗതിയേ പൌരാണികകവി ഉചിതമായ മനോധർമ്മം ഉപയോഗിച്ചു ഭംഗിയായി പ്രതിപാദിച്ചിരിക്കുന്നു.]

# 15. നന്ദനോദ്യാനം

പെരുത്ത പൂക്കായ്ക്കൾ നിറഞ്ഞ (൧)പുണ്യമാം
മരങ്ങളും പക്ഷി(൨) മൃഗോൽക്കരങ്ങളും
മഹാത്ഭുതശ്രേഷ്ഠ(൩)വിമാനപങ്ക്തിയും
ചുഴന്നു ശോഭിച്ചിതു (൪)ദിവ്യമാവനം.
അതീവസർവ്വർത്തു(൫)സുമാവകീർണ്ണമാ-
മതിന്നകം മണ്ടിനടന്നു വണ്ടുകൾ;
മുഴങ്ങി (൬)സാരംഗമയൂരനിസ്വനം;
മനോജ്ഞമായ്ക്കൂകി കുയിൽക്കുലങ്ങളും.

൧. വിശിഷ്ടങ്ങളായ മഹാവൃക്ഷങ്ങൾ. ൨. പക്ഷിമൃഗസമൂഹം. ൩. വിചിത്രങ്ങളായ ദേവഗൃഹ (വിമാന)ങ്ങളുടെ നിര. ൪. ആ നന്ദനമെന്ന ദേവോദ്യാനം. ൫. സകല ഋതുക്കളിലുമുള്ള പുഷ്പങ്ങൾ നിറഞ്ഞതു്. ൬. മാൻകളുടേയും മയിലുകളുടേയും ശബ്ദം.

Digitized By Kerala Sahitya Akademi

വിളങ്ങി (ഫ)പാടീരമരങ്ങൾ നീളവേ;
വിരിഞ്ഞു നിന്നൂ നളിനങ്ങൾ പൊയ്കയിൽ;
മനം കവർന്നു മധുരം പളുങ്കൊളി-
ജ്ജലം നിറഞ്ഞെന്തിയ കൂപവാപികൾ

മണിക്കൊടിക്കൂറകൾ താഴികക്കുടം
(വ)സചാമരഛത്രവുമൊത്ത ഭംഗിയിൽ,
(ന)വരാപ്സരഃസ്ത്രീകൾ പലേതരം രമി-
ച്ചെഴുന്ന പൊന്മേടകളാൽ (ര്)പരീതമായ്.

ഒരേട(ഒ)മോത്തോത്തു മുദാരശബ്ദവും,
(ന്ന)പരത്ര (൧)ഗന്ധർവഗണോപഗീതിയും
(വ്വ)സുരർഷികിംപുരുഷചാരണാദ്യരും
നിറഞ്ഞു ശോഭിച്ചിതു ദിവ്യമാവനം.

കടമ്പു, കായാവു, ഫലാവനമ്രമാം
കവുങ്ങു, തെങ്ങീ, ന്ത, പിലാവു, മാവുകൾ
(ൻ)സുമാഢ്യചാമ്പേയ (ഫം)മുദാരസൌരഭ-
പടീര, മാലാഞ്ഞിലി, വാഴ, നാരകം.

അശോകമഗ്നിപ്രഭപുഷ്പഭാസുരം;
പയൻ, ലവംഗം, ചരളം, വിളാർമരം.

---

ഫ. ചന്ദനമരങ്ങൾ. വ. വെഞ്ചാമരം. വെൺകൊററക്കുടയും
ന. ശ്രേഷ്ഠകളായ അപ്സരസ്സുന്ദരികൾ. ര്. ചുററപ്പെട്ടതു്. ഒ. വേദ
നിർഘോഷം. ന്ന. മററൊരിടത്തു്. ൧. ഗന്ധർവന്മാരുടെ പാട്ടു്. വ്വ.
ദേവർഷിമാരും, കിംപുരുഷന്മാരും, ചാരണന്മാരും മററും. ൻ. പൂക്കൾ
നിറഞ്ഞ ചമ്പകം. ഫം. സൗരഭ്യമുള്ളതു്.

Digitized By Kerala Sahitya Akademi

പനച്ചി, നാഗം, കരുനൊച്ചി, മാതളം,
സുരദ്രു, വേപ്പു, തിലകം, ഞാവൽ, കൊന്നയും,

മരങ്ങൾ മററുള്ളവയും, സദാപി പൂ
നിറഞ്ഞെഴും പിച്ചകമല്ലികാദിയും
ചുഴന്നു നാനാമൃഗവർഗ്ഗയുക്തമായ്
വിളങ്ങി (ക) വണ്ടിണ്ട മുരണ്ട നന്ദനം.

(കുളകം)

(വ)മധുവ്രതപ്പെൺകൊടിമാർകളങ്ങു (ന)പൂ-
മധൂളിയിൽപ്പററി മയങ്ങി മേവിനാർ;
സുകോമളം (ര)കോകില കാകളീരുതം
മുഴങ്ങി (ഝ)നാനാഖഗമഞ്ജുനാദവും.

(ന്ത)കുമാരവൃക്ഷങ്ങളിൽനിന്നിടയ്ക്കിടേ-
ക്കൊഴിഞ്ഞ നൽത്തുമണമുള്ള പൂക്കളാൽ
(ര)വികീർണ്ണമായ്ത്തത്ര വിളങ്ങി(വ്വ)മന്നിടം
ശരിക്കു പുഷ്പാഞ്ജലിചെയ്തതിൻവിധം.

(ൻ)മരാളകാരണ്ഡവഷണ്ഡമണ്ഡിതം
മണംപെറും (കo) തണ്ടലർ ചേർന്നപൊയ്കയും.

---

ക. വണ്ടിൻനിര വ. പെൺവണ്ടുകൾ ന. പൂന്തേൻ. ര. കയിലുകളുടെ കളമധുരമായ ശബ്ദം. ഝ. പലതരം പക്ഷികളുടെ മനോഹരശബ്ദം. ന്ത. ചെറിയ പൂമരങ്ങൾ. ര. ചിന്നിയതു. വ്വ. ചുവട്ടെയുള്ള നിലം. ൻ. അരയന്നങ്ങൾ കളക്കോഴികൾ എന്നിവയുടെ കൂട്ടങ്ങളാൽ ശോഭിച്ചതു. കo താമരപ്പൂവ്.

Digitized By Kerala Sahitya Akademi

(൩)ശുദ്ധോദപൂർണ്ണം (൪) കടൽനേർ തടാകവും,
(൫) സുരർഷി ഗന്ധർവ്വവിഹാരഭൂമിയും
(൬) സുവർണ്ണദണ്ഡോജ്ജ്വലകുംഭലാഞ്ഛിതം
(൭) വിമാനസൌധവ്രജവും പുഴന്നതായ്,
(൮) വരാപ്സരോമുഖ്യരെഴുന്ന നന്ദനം
വിളങ്ങിടുന്നു (൯)വിമലൈകഗമ്യമായ്.
(കുളകം)

# 16. കർമ്മശക്തി

(കിളിപ്പാട്ട്—കേക)

നീരുൾപ്പുക്കെഴും മീനും വലയിൽക്കുടുങ്ങുന്നു,
മാരുതനൊപ്പം മണ്ടും മാനുമേല്ക്കുന്നു ബന്ധം;
നൂറുയോജന പറന്നിരതേടീടും പക്ഷി
ഘോരമോഹത്താൽ കാണാ കാലിന്മേൽവീഴും പാശം.

---

൩. നല്ല തെളിവെള്ളം നിറഞ്ഞ. ൪. കടൽപോലെ ഗംഭീരമായ കുളം. ൫. ദേവർഷിമാരും, ഗന്ധർവരും വിഹരിക്കുന്ന സ്ഥലം. ൬. സ്വർണ്ണക്കാലുകളോടുകൂടിയ താഴികക്കുടങ്ങൾകൊണ്ടു ശോഭിക്കുന്നതു്. ൭. ദേവഗൃഹങ്ങളിലുള്ള മാളികകൾ. ൮. ശ്രേഷ്ഠകളായ അപ്സരസ്ത്രീകൾ മുതലായവർ. ൯. നിർമ്മല(പാപമകന്നവ)രായ ജനങ്ങൾക്കു മാത്രം ഗമിക്കാവുന്നതു്.

Digitized By Kerala Sahitya Akademi

ഇത്ര ദാരുണക്രൂരമാകുന്ന(ഫ)കാലം; മത്സ്യ
(ഛ)സുസ്ഥിതിയിടിക്കുന്നു; നിരപ്പില്ലാതാക്കുന്നു;
ദാതാവേയിരപ്പാളിയാക്കുന്നു വീണ്ടും, (ന)ലോക-
ഹേതുവാ(ർ)യനാദ്യന്തമാകിയ കാലം താൻ താൻ!
ദ്യോവിലായാലും ഭൂവിലായാലും ശരീരിക-
ളേവരും കാലാധീനർ; കാലം താനിപ്പാരെല്ലാം.
(ൡ)ശാഖികളുതന്മേലുണ്ടാം കായയെന്നതുപോലെ
ലോകരിലെങ്ങും മൃത്യുപഴുത്തീടുന്നു കാലം,
മന്ത്രമോ(ന്ന)പ്രദാനമോ, തപസ്സോ(൬)വയസ്യനോ,
ബന്ധുവാമതിയാകാ(വ്യ)കാലഭഗ്നനെ കാക്കാൻ
(ൻ)ആകാശേഘനൌഘത്തേ കാററുപോലീലോകത്തെ

---

ഫ. കാലശക്തി എന്നു പറയുന്നതു, ജീവികളുടെ ശുഭാശുഭരൂപങ്ങളായ കൎമ്മങ്ങളുടെ സുഖദുഃഖരൂപങ്ങളായ ഫലങ്ങളെ അനുഭവിപ്പിക്കുന്ന പ്രകൃതി (ഈശ്വര) നിയമമല്ലാതെ മറെറാന്നുമല്ല. കൎമ്മംതന്നെയാണ് കാലശക്തിയായി പ്രത്യക്ഷപ്പെട്ട് അതാതു ഫലങ്ങളെ അനുഭവിപ്പിക്കുന്നതു്. വെള്ളത്തിനുള്ളിൽ സുരക്ഷിതരായി ജീവിക്കുന്ന മത്സ്യവും, വായുവേഗത്തിൽ ഓടുവാൻ കഴിയുന്ന മൃഗവും കാലശക്തിയാൽ, ആ വക രക്ഷകളുണ്ടായിട്ടും, ബന്ധനത്തിൽപ്പെട്ടുപോവുന്നു. ഛ. നല്ലനിലയെ ഇടിച്ചുകളയുന്നു; സമത്വംകളഞ്ഞു വിഷമത്വം ഉണ്ടാക്കുന്നു ന. കാലം ലോകത്തിനു ഹേതുവാകുന്നതെങ്ങിനെയെന്നാൽ, ലോകം കൎമ്മാധിഷ്ഠിതമാകുന്നു. കൎമ്മശക്തിതന്നെയാണ കാലശക്തിയായിപ്പരിണമിക്കുന്നതു്. ർ. കാലം ആദ്യന്തങ്ങളില്ലാത്തതും എങ്ങും വ്യാപിച്ചതുമാകുന്നു. അതുകൊണ്ടുതന്നെയാണ 'ഇപ്പാരെല്ലാം' കാലമായിരിക്കുന്നതു്. ൡ. വൃക്ഷങ്ങളിൽ കായ്കൾ എന്നപോലെ, ജീവികളിൽ കൎമ്മപരിണാമമായ കാലം കൎമ്മാനുരൂപഫലമായി പ്രവൎത്തിക്കുന്നു. ന്ന. ദാനധൎമ്മങ്ങൾ. ൬. സ്നേഹിതൻ. വ്യ. കാലത്താൽ അടിക്കപ്പെട്ടവൻ. ൻ. ആകാശത്തിൽ കാററ് മേഘനിരയേ എന്നപോലെ ലോകത്തിൽ കൎമ്മപരിണാമമായ കാലം ജീവികളേ ചുററിച്ചുകൊണ്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

യാകവേച്ചുററിക്കുന്ന കമ്മയുക്തമാം കാലം;
കമ്മസംയുക്തം കാലം: (൭)കാലമേ തൽകീഴ് നിൽക്കു-
മീമനുഷ്യരെക്കൊണ്ടു ചെയ്യിപ്പൂ പലകമ്മം;
കമ്മംതാൻ മിത്രം, ബന്ധു; കമ്മം താൻ ശരീരിക്കു
(൮)ശമ്മവുമശമ്മവുമുണ്ടാക്കിത്തീത്തീടുന്നു.
വെള്ളിപൊന്നിവപലരൂപത്തിലാക്കപ്പെട്ടു-
ന്നില്ലയോ സ്വകമ്മത്താൽ ദേഹിയുമാ(൯)മട്ടാകും!
(൰)മൃൽപ്പിണ്ഡം കുചാലനെന്തിച്ഛിപ്പതതായ്ത്തീരു-
മപ്പടി മുൻകമ്മത്തിന്നായത്തർ ശരീരികൾ:
ദേവത്വം, നരത്വം താൻ, പശുപക്ഷ്യാദിത്വം താൻ
(൧൧)സ്ഥാവരത്വംതാൻദേഹി നേടുന്നു സ്വകമ്മത്താൽ.
താൻചെയ്തതനുഭവപ്പെട്ടുന്നു നിരന്തരം;
താൻവരുത്തുന്നു ദുഃഖം; താൻവരുത്തുന്നു സുഖം.
വിത്തമോ വിജ്ഞാനമോ കൊണ്ടു തൽകമ്മം മാററാൻ
ശക്തനല്ലാരും;സുഖദുഃഖങ്ങൾ(൧൨)ഭുജിക്കതാൻ.
ആയിരം (൧)പൈ നിന്നാലും, തള്ളയോടണയും ക-
ന്നാവിധം കത്താവിനെപ്പിന്തുടരുന്നു കമ്മം.

---

൭. കാലം, തന്റെ കീഴിൽ വത്തിക്കുന്ന മനുഷ്യരെക്കൊണ്ടു വാസനാനുരൂപേണ പലതരം കമ്മങ്ങൾ ചെയ്യിക്കുന്നു. ൮. സുഖവും ദുഃഖവും. ൯. ഈ ഉപമ അത്യന്തം അനുഭവപ്രതീതി വരുത്തുന്നതാകയാൽ ഏററവും ചമൽകാരമുള്ളതാണ്. ൰. മണ്ണു കുശവൻ വിചാരിക്കുന്ന രൂപത്തിലുള്ള പാത്രമായിപ്പരിണമിക്കുംപോലെ പ്രാണികൾ കമ്മത്തിന്നനുരൂപമായ ജന്മത്തെയും അനുഭവത്തെയും അധിഗമിക്കുന്നു. ഈ ഉപമയും തുലോം ഹൃദ്യം തന്നെ. ൧൧. ചലനശക്തിയില്ലാത്ത പവ്വത വൃക്ഷാദികളായിത്തീരുക. ൧൨. കമ്മഫലങ്ങളായ സുഖദുഃഖങ്ങൾ അനുഭവിച്ചേതീരൂ. ൧. ആയിരം പശുക്കൾ ഒന്നിച്ചുനിന്നാലും പശുക്കുട്ടി ആ കൂട്ടത്തിൽനിന്നു അതിന്റെ തള്ളയെ തിരഞ്ഞുപിടിച്ചണയുന്നതെങ്ങിനെയോ, അങ്ങിനെതന്നെ കമ്മവും, കമ്മം ചെയ്തവനെ പിൻതുടൎന്നു ഫലം അനുഭവിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

(൧)അന്തമായതിനേൽക്കാം, താനനുഭവിക്കാതെ;
(൨)ബന്ധദം നിജകർമ്മം മാററുവാനാരാളാകും?
തമ്മിൽവേർപിരിയാതേ ചേർന്നുവാഴുന്നു സദാ
കർമ്മവും കർത്താവും ഹാ! നിഴലുംവെയിലും പോലേ.
എങ്ങനുഭവിക്കണം സുഖദുഃഖങ്ങളോരാ-
ളങ്ങട്ടയാളേ കെട്ടിവലിച്ചെത്തിപ്പൂ കർമ്മം
(൩)ദൈവംപോൽ സുഖദുഃഖമേകുവൊന്നൊരുവനു;
കൈവരുത്തുന്നു കർമ്മം ജാഗ്രത്തിൽ സ്വപ്നത്തിലും;
(൪)അന്യനെ കർമ്മോന്മുഖനാക്കുന്നു; (൫)വിഷദൃഗ്-
വഹ്ന്യസ്ത്രങ്ങളിൽനിന്നു രക്ഷ്യനെ രക്ഷിക്കുന്നു.
ദൈവരക്ഷിതംനിൽപ്പൂ രക്ഷയില്ലാതെതന്നേ;
ദൈവനാശിതത്തിന്നോ, രക്ഷയില്ലൊരേടത്തും.
മന്നിങ്കൽ വിതയ്ക്കുന്ന വിത്തെന്ന കണക്കിനേ
തന്നിൽമേവുന്നു കർമ്മം കാലത്തു(൬)വിളയുന്നു.
എണ്ണതീരുമ്പോൾ ദീപംപൊലിഞ്ഞുപോകുന്നതിൻ-
വണ്ണമേ കർമ്മംതീർന്നാൽ ദേഹിക്കുമൃതിയായ്;
(൭)തത്വജ്ഞർ ചൊൽവൂ കർമ്മനാശത്തിൽ മൃതിയെന്നു;

൧. നാശം, ൨. കർമ്മം സംഗത്തെ ഉണ്ടാക്കുന്നതാകയാൽ ആത്മാവിനു ബന്ധത്തെ വരുത്തുന്നതാകുന്നു. ൩. കർമ്മം ഈശ്വരനെപ്പോലെ ഒരുത്തനു സുഖദുഃഖങ്ങൾ നൽകുന്നു. ൪. മറെറാരുത്തനെ കർമ്മം വീണ്ടും കർമ്മത്തിനായി പ്രേരിപ്പിക്കുന്നു. ൫. രക്ഷിക്കത്തക്കവനാണെങ്കിൽ അവനേ കർമ്മഫലമായ ദൈവം (ഈശ്വരവിധി) വിഷത്തിൽനിന്നും, തടവിൽനിന്നും, തീയിൽനിന്നും, ആയുധത്തിൽനിന്നും രക്ഷിക്കാതെയിരിക്കുന്നതല്ല. ൬. ഫലപ്രദമായിത്തീരുന്നു എന്നു സാരം. ൭. സ്വതത്ത്വം കണ്ടറിഞ്ഞ മഹാന്മാർ, ഭൂത (സഞ്ചിത) കർമ്മം അനുഭവിച്ചുതീരുമ്പോൾ രോഗാദികാരണങ്ങളാൽ ദേഹികൾക്കു ദേഹനാശം നേരിടുന്നു എന്നും, എന്നാൽ പ്രാരബ്ധകർമ്മത്തിന്റെ ഫലാനുഭൂതിക്കായി പ്രാണികൾ പിന്നെയും ജനിക്കുന്നു എന്നും പറയുന്നു.

Digitized By Kerala Sahitya Akademi

തത്ത്ര കാരണമത്രേ പ്രാണിക്കു നാനാരോഗം.
ഒത്തവണ്ണമേ വരും കമ്മത്താൽ വരാനുള്ള-
(എ)തത്ത്ര കില്ലില്ല, (ബ)ദൈവം ദുരതിക്രമമല്ലോ!

[കർമ്മശക്തി എന്ന ഈ കവിത, ഗംഭീരങ്ങളായ ലോകതത്ത്വങ്ങളെ സാരഗർഭങ്ങളും അനുഭവപ്രത്യായകങ്ങളും സന്ദർഭോചിതങ്ങളുമായ ഉപമകൾകൊണ്ടു സ്പഷ്ടമാക്കിത്തീർത്തു, വിനോദിപ്പിച്ചുകൊണ്ടു വിജ്ഞാനം നൽകുന്ന ഒന്നാന്തരം ഒരു പ്രബന്ധമാണ്. പുരാണകവികളുടെ നിരീക്ഷണശക്തിയും തത്വദൃഷ്ടിയും എത്ര ആഴത്തിൽ പതിഞ്ഞിരിക്കുന്നു എന്നുള്ളതിന് ഇമ്മാതിരി അനേകം ലക്ഷ്യങ്ങൾ കാണിപ്പാൻ കഴിയുന്നതാകുന്നു.]

---

## 17. മഹാമേരുപർവതം

I

പാരംപൊങ്ങി നഭസ്സണഞ്ഞു വിലസീ
നാനാ(എ)മണീധാതുമ-
ത്താ(ബ)രത്നാദ്രിയഭീഷ്ടമൊക്കെയരുളും
കല്പദ്രുമത്തോടൊപ്പം,

---

എ. ഇതിൽ സംശയമില്ല. ബ. കർമ്മവിപാകത്തെ ദൈവം അല്ലെങ്കിൽ ഈശ്വരവിധി എന്നു പറയുന്നു; ആ ദൈവത്തെ ആർക്കും തട്ടിനീക്കാൻ കഴിയുന്നതല്ല എന്നു താൽപര്യം.

17. എ. പലതരം രത്നങ്ങളും ധാതുദ്രവ്യങ്ങളും കലർന്ന. ബ. മഹാമേരു.

Digitized By Kerala Sahitya Akademi

ദൂരത്തേയ്ക്കൊഴുകുന്ന (൧) ദിവ്യനദിതൻ
(൨) കല്ലോലമാലോല്ലള-
ന്നീരത്തുള്ളികൾ മുത്തുപോലെ ചിതറും
പാറപ്പുറ (൩)ച്ചാർത്തൊട്ടും.

സ്വൈരം തത്ര രമിപ്പതുണ്ടമരരും
ഗന്ധർവ്വവിദ്യാധര-
ന്മാരും ചാരണ കിന്നരർഷിഗണവും
നാഗാപ്സരസ്സിദ്ധരും;
ഏറെച്ചോലയുമാറൊഴുക്കു മുറവും
തൂനീരണിപ്പൊയ്കയും
ചേരുന്നാ (൪) ഗ്ഗിരി മൌലിതൻ ഗുഹകളിൽ
പ്പാർക്കുന്ന യോഗീശ്വരർ.

(൫) താലം, തെങ്ങു, കവുങ്ങു, പുന്ന, ചരളം,
പൂച്ചമ്പകം, ചന്ദനം,
(൬) സാലം, പാതിരി, വാഴ, കൈതയിവയും
നാനാ(൭)ലതാകുഞ്ജവും
(൮)ആലക്ഷ്യങ്ങൾ പളുങ്കുപാറകളുമാ,
(൯)ദിവ്യാനുഭാവാഢ്യമാം
ശൈലത്തിൽ സുതരാം (൧൦)സുവർണ്ണകലശം
മിന്നും(൧൧) വിമാനങ്ങളും.

---

൧. ആകാശഗംഗ. ൨. തിരമാലകളുടെ അടിയിൽ തുള്ളിമറിയുന്ന വെള്ളത്തുള്ളികൾ. ൩. ശൃംഗം. ൪. പർവ്വതശ്രേഷ്ഠൻ. ൫. കരിമ്പന. ൬. പെരുമരം. ൭. പല വള്ളിക്കുടിലുകൾ. ൮. കാണാവുന്നവ. ൯. ദിവ്യമായ മാഹാത്മ്യത്തോടുകൂടിയതു്. ൧൦. പൊന്താഴികക്കുടം. ൧൧. ദേവഗൃഹങ്ങൾ.

Digitized By Kerala Sahitya Akademi

II

(കിളിപ്പാട്ട്—കാകളി)

നാനാമണിസ്വർണ്ണപൂർണ്ണം മഹാമേരു
(൧)ഭാനുമാൻപോലെ വിളങ്ങുന്നു കാന്തിയാൽ.
ശീതളാശോകത്തണലിലിളക്കമി-
ല്ലാതങ്ങു വാഴ്വൂ സമാധിയിൽ യോഗികൾ;
വൻതപംചെയ്വൂ മുനിമാർ; മുഴങ്ങുന്നു
സന്തതം പുണ്യമാം ദിവ്യവേദസ്വനം
ചേണാൎന്നചന്ദനത്തോപ്പിലിരുന്നങ്ങു
വീണകൾകൈക്കൊണ്ടു ഗന്ധർവ്വകിന്നരർ
സപ്തസ്വരാലയമൂർച്ഛനാതാളങ്ങ-
ളൊത്ത സംഗീതം മുതിക്കുന്നു ഭംഗിയിൽ
നൃത്തമാടുന്നു സുരസ്ത്രീകൾ (൨)നിർജര-
സിദ്ധാദിസേവിതമാമമ്മഹാദ്രിയിൽ.
ചന്ദനാശോകപുന്നാഗനാഗങ്ങളും
മന്ദാരസന്താനമുഖ്യവൃക്ഷങ്ങളും
(൩)മന്ദാകിനീജലസിക്തങ്ങളായ്(൪)ത്തത്ര
നന്നായ് വളൎന്നു വിലസുന്നു നീളവേ
നാനാതരം രത്നധാതുക്കളുണ്ടങ്ങു,
നാനാവിനോദവും നാനാശുഭങ്ങളും,

൧. സൂര്യൻ. ൨. ദേവന്മാരാലും സിദ്ധദേവ (സിദ്ധയോഗി)കളാലും സേവിക്കപ്പെട്ടതു്. ൩. ദേവഗംഗയിലെ ജലത്താൽ നനയ്ക്കപ്പെട്ടവ. ൪. അതിൽ (മേരുവിൽ).

Digitized By Kerala Sahitya Akademi

പൊൻതാമരകളും വെൺതാമരകളും
ചെന്താമരകളും ചേർന്ന സരസ്സുകൾ,
(പ്ര)ഹംസകാരണ്ഡവപക്ഷിവർഗ്ഗങ്ങളാൽ
സംസേവിതങ്ങളായ് ശോഭിപ്പു നിർഭരം.
(വ)ചന്ദ്രഹംസാഭമാം പൊൻപിടിച്ചാമര-
വൃന്ദവും താഴികക്കുംഭവുമൊത്തതായ്
പർവ്വതപ്രായമാം പ്രാസാദപംക്തിയും,
ദിവ്യങ്ങളായ(ന)വിമാനശതങ്ങളും
തിങ്ങിവിളങ്ങുന്ന നാനാഗ്ഗണങ്ങളാൽ,
തുംഗഹർഷം സുരർ മേവുമാപ്പർവ്വതം.

# 18. പ്രാപഞ്ചികസുഖം

(കിളിപ്പാട്ട്—കാകളി)

(ര)വിത്തമുണ്ടാക്കുവാൻ ദുഃഖ, മുണ്ടാക്കിയാ-
ലത്ര രക്ഷിക്കുവാൻദുഃഖ, മതിൻവിധം
നാശം ഭവിക്കുകിൽദുഃഖം; ചെലവു വ-
ന്നേശിയാൽ ദുഃഖം; ധനത്തിലുണ്ടോ സുഖം?
നീരഗ്നിയെന്നിവയിങ്കൽനിന്നും (ഖ)ജ്ഞാതി

പ്ര. അരയന്നങ്ങളും കളക്കോഴികളും, വ. ചന്ദ്രനെപ്പോലെയും അരയന്നത്തെപ്പോലെയും ശോഭിക്കുന്ന (വെളുത്ത). ന. ദേവഗൃ... സമൂഹങ്ങൾ അല്ലെങ്കിൽ വ്യോമയാനങ്ങൾ. ര. പണം, ഖ. ബന്ധുക്കളും കള്ളന്മാരും,

Digitized By Kerala Sahitya Akademi

ചോരരിൽനിന്നും നൃപന്മാരിൽനിന്നും ഭയം
ചേരുന്ന സമ്പന്നനന്വഹം; ദേഹിക്കു
ഘോരരോഗമൃത്യുവിൽനിന്നെന്നപോലവേ.
(ഫ)റ്റേറത്തിലുള്ളൊരു മയക്കം, മിറവത്തി-
ലേററം മനസ്താപമുണ്ടാക്കിവിട്ടിടും
സമ്പാദനത്തിലും ക്ലേശമേല്പിക്കും, മീ-
സ്സമ്പത്തുകൊണ്ടു സുഖപ്രാപ്തിയെങ്ങിനേ?
(വ)മൽപ്പൂർവ്വർ പ്പെട്ടു നേടിടുന്നു ധനം;
പിൽപ്പാടതൃപ്തനായ് ത്തീരുന്നിതെന്തിലും
അത്യയല്ലേററമകാർയ്യപ്രസക്തിയും
സ്പർദ്ധയും ലുബ്ധുമദിക്കുന്നു ഗർവ്വും.
ഭൃത്യത, ഹുണ്ടികയേപ്പാട,ടിമത്ത-
മുത്തമാനത്തമഭേദമജ്ഞതത്വവും
നിത്യം (ന)പ്രിയാപ്രിയയോഗവിയോഗങ്ങ-
ളിത്ഥം ശൂന്യതത്വവും മർത്ത്യൻ ദുഃഖദം
(ര്)ആലയചിന്തകളാളിന മർത്ത്യന്റെ
ശീലഗുണങ്ങളും പഠിപ്പെന്നിതൊക്കെയും
പച്ചക്കുടത്തിൽപ്പകർന്ന നീർപോലവേ,
നിശ്ചയമായുടലോടേ മുടിഞ്ഞുപോം!
ഇല്ലസൌഖ്യം (ദ)പെരുമാളായി വാഴ്വോനു-

---

ഫ. പണം വർദ്ധിക്കുന്നതു കാണുമ്പോൾ മതിമയങ്ങും. പണം ക്ഷയിക്കുമ്പോൾ മനസ്സു കെട്ടുകയും ചെയ്യും. വ, ആദ്യം. ന. ഇഷ്ടാനിഷ്ടങ്ങളും, ഇഷ്ടയോഗവിയോഗങ്ങളും. ര്. ഗൃഹത്തെസ്സംബന്ധിച്ച വിചാരങ്ങൾ, വർദ്ധിച്ചു. ദ. രാജാവു്.

Digitized By Kerala Sahitya Akademi

മെല്ലാമെപ്പൊഴും (൧) സന്ധിവിഗ്രഹചിന്തയാൽ;
പുത്രനാലും ഭയം ചേരുന്നതല്ലയോ
പൃത്ഥ്വീശ്വരസ്ഥാന, മെന്തതിങ്കൽസ്സുഖം?
സമ്പത്തുകൊണ്ടുള്ള ഗർവിനാൽ പ്രായേണ
വമ്പരായ് വാണ നഹുഷാദിഭൂപരും
സമ്പതിച്ചില്ലയോ വിണ്ണിൽനി, ന്നേവനീ-
സ്സമ്പത്തിനാലൊരു സൌഖ്യമുണ്ടായ്വരും?
(൨) രണ്ടുടയാടയിടങ്ങഴിച്ചോറിവ-
കൊണ്ടു സന്തൃപ്തിവരുന്നു നരേന്ദ്രനും!
(൩) കാറിനം മൂടുന്നു തേജസ്വിസൂര്യനെ;
കാറിനെച്ചിന്നിച്ചു തള്ളുന്നു (൪) മാരുതൻ;
മാരുതൻതന്നെ തടുക്കുന്നു കുന്നുകൾ;
തീരെയക്കുന്നുകൾ വേകുന്നു വഹ്നിയാൽ.
വഹ്നിയെ വെള്ളംകെടുത്തുന്നു; വെള്ളത്തെ
വററിച്ചുകൊള്ളുന്നു തെറെറന്നു (൫) ഭാസ്കരൻ.
അബ്ഭാസ്കരനും വിരിഞ്ച (൬) ദിനാന്തത്തി-
ലിപ്പാർകൾ മൂന്നൊത്തറുതിപ്പെടുന്നതേ.
ഏവം, പ്രപഞ്ചത്തിൽ, നിത്യനേകൻപരാ-
ത്മാവൊഴിഞ്ഞാർക്കുള്ളു (൭) സർവ്വോത്തമം പദം?

൧. സന്ധിയും യുദ്ധവും. ൨. രണ്ടു ഉടുവസ്ത്രവും ദിവസം ഇടങ്ങഴിയരിച്ചോറും മാത്രമേ രാജാവിനും വേണ്ടതുള്ളു. ൩. കാർമേഘപങ്ക്തി. ൪. കാററ്. ൫. സൂര്യൻ. ൬. ബ്രഹ്മാവിൻെറ ഒരു പകൽ അവസാനിക്കുന്നതു ചതുർയുഗം കഴിയുമ്പോഴുള്ള മഹാപ്രളയവേളയിലാകുന്നു. ൭. എല്ലാററിലും മീതെയുള്ള സ്ഥാനം.

Digitized By Kerala Sahitya Akademi

ആരിഹ പണ്ഡിതൻ? സർവ്വജ്ഞനാരുമി-
ല്ലാ,രുമില്ലൊന്നുമറിഞ്ഞുകൂടാതെയും.
ഏതിലുറിപ്പാക്കതിലവൻ പണ്ഡിത-
നേവക്കുമോർത്താൽ പ്രഭാവമൊരുവിധം!
ഏറാം പ്രഭാവമൊരിക്കലൊരുത്തനു:
പോരിൽജ്ജയിപ്പൂ (൧) നിലിമ്പരേട്ടാനവർ;
(൨)ദാനവന്മാരെ ജയിപ്പൂ നിലിമ്പരും;
ഈനം ജയാജയം ഭാഗ്യാനുവർത്തിയാം!
വന്നിടാ വിണ്ണിലും സൌഖ്യം സുരന്മാരി-
ലൊന്നിനൊന്നേറിയ ലക്ഷ്മിയേക്കാണുകയാൽ.
വിണ്ണിങ്കൽ(൩)വേരറുത്തത്രേ ഭുജിക്കുന്നു
പുണ്യഫലങ്ങളീഗോപുരദോഷത്തിനാൽ.
(൪)നിഷ്പുണ്യരായ് നരർ വീഴുന്നു വിണ്ണിൽനി-
ന്നിപ്പാരിൽ വേരററ വൃക്ഷങ്ങൾപോലവേ.
ഈവക ദുഃഖങ്ങൾകൊണ്ടു നിറഞ്ഞതാം
ദേവാദിമർത്ത്യനമിജ്ജഗത്താ;കയാൽ
ഒക്കെ ത്യജിക്കണം പണ്ഡിതൻ സന്തതം.
ദുഃഖമൊന്നന്യദുഃഖത്താൽകെടുകയെയാം;
മാറാപ്പൊരുതോളിൽനിന്നു മറുതോളിൽ
മാറിയിട്ടിട്ടു സമാശ്വസിക്കുംവിധം
കാമവും ക്രോധവുമുള്ളടമാപത്തു-
(൫)മാമയക്കൂട്ടവും വന്നുകൂടും ദൃഢം.
ഒന്നൊഴിയാതെയിപ്പാരൊക്കെയീവിധ-
മൊന്നിനൊന്നേറിയ മെച്ചം കലന്നുതും,

---

൧. ദേവകൾ. ൨. അസുരന്മാർ. ൩. സ്വർഗ്ഗത്തിൽ സുകൃതഫലം അനുഭവിക്കുന്നതും എളുപ്പത്തിൽ കഴിയുന്നു. ൪. 'ക്ഷീണേ പുണ്യേ മർത്ത്യലോകം വിശന്തി' എന്നാണല്ലോ ശ്രുതി. ൫. രോഗസമൂഹം (ദുഃഖങ്ങൾ).

Digitized By Kerala Sahitya Akademi

(ഫ)ദുഃഖാകലിതവുമാണെന്നറിഞ്ഞിട്ടു
മുഖ്യമാം(വ)നിർവേദമുൾക്കൊള്ളണം ബുധൻ.
(ന)നിർവേദയോഗാൽ(ര)വിരക്തിയുണ്ടായ്‌വരും,
നിർവ്യാജമാം ജ്ഞാനമുണ്ടാം വിരക്തിയിൽ;
ജ്ഞാനമാന്നാലാ(ഠ)പ്പരംപദം പാർത്തറി-
ഞ്ഞൂനമില്ലാത്ത(ന്ത)വിമുക്തിയും നേടിടാം.

---

## 19. രാമരാജ്യഭാരം

ഭൂഭാരഭൂതന്മാരായ രാവണാദി ദുഷ്ടരാക്ഷസന്മാരേ നിശ്ശേഷം കൊന്നൊടുക്കി ലോകത്തിൽ ധർമ്മവും, ശാന്തിയും, സമാധാനവും നിലനിർത്തിക്കൊണ്ട് ശ്രീരാമചന്ദ്രൻ അയോദ്ധ്യയിൽ നാടുവാണരുളുന്ന കാലത്തേ രാജ്യസ്ഥിതിയാണ് ഇതിൽ പ്രതിപാദിക്കുന്നതു്.]

(ഓട്ടംതുള്ളൽ)

(ഫ)സേനായാനമ്മൂലധിയൊടരിജന-
ഹീനം സുസ്ഥവുമായി രാജ്യം.
കട്ടിപ്പൊന്നണിചാർത്തിന സജ്ജന-
(വ)മിഷ്ടാപൂർത്തക്രിയകൾ നടത്തീ;

---

ഫ. ദുഃഖഭരിതം. വ. നിരാശ. ന. നിർവേദമുണ്ടായാൽ. ര. വിഷയസുഖ വൈരാഗ്യം. ഠ. ഉൽകൃഷ്ടസ്ഥാനം (മോക്ഷം). ന്ത. സംസാരമോചനം.

19. ഫ. സൈന്യങ്ങളും വാഹനങ്ങളും. വ. യാഗംകഴിക്ക, ജനോപകാരാർത്ഥം കുളം കിണർ മുതലായവ കഴിപ്പിക്കുക.

Digitized By Kerala Sahitya Akademi

തുഷ്ട്യാമുനിമാർക്കുള്ളു കുളിത്തു;
പുഷ്ടിയിൽനിന്നു സസ്യങ്ങൾ സദാ;
പച്ചപ്പുല്ലിൻ സ്വാദുതകൊണ്ടു ത-
ടിച്ചുകൊഴുത്തു തഴച്ചു ഗോക്കൾ.
വിളവേറി വയൽതോറും, (ഫ)പൂമകൾ
വിളയാടുകയായ്ഗൃഹകൾതോറും.
മലർവാടികൾ, ദേവാലയപങ്ക്തികൾ,
മധുരഫലങ്ങൾ നിറഞ്ഞമരങ്ങൾ,
തണ്ടലർതിങ്ങിയ പൊയ്കകളെന്നിവ-
കൊണ്ടുവിളങ്ങീ നാടുകളെല്ലാം.
(വ)തത്ര സദംഭസ്ഥിതി(ബ)വളവെന്നിവ
മർത്ത്യരിലല്ലാ പുഴകളിൽമാത്രം!
തറവാട്ടിന്നല്ലാതെ(ര)കുലീനത-
യൊരിടവുമന്നു ധനത്തിന്നില്ല!
(ദ)വിഭ്രമമംഗനമാർകളിലെന്യേ
വിദ്വാന്മാരിൽ കാണായീലാ!
(ന്ന)ശിതിപക്ഷക്ഷപകളിലെന്നിയെ,
സ്ഥിതിചെയ്തീല(ഠ)തമസ്സിഹ നരരിൽ!
മുതലി(വ്വ)ലനന്ധസ്ഥിതിയാന്നാലും
പ്രതിദിനമുണ്ണാതില്ലന്നൊരുവൻ!
(ൻ)ദണ്ഡം, കുട,മഴു,തുമ്പകൾ, ചാമര-

---

ഫ. ലക്ഷ്മീദേവി. വ. ഡംഭോടുകൂടിയ നില (ജനപക്ഷത്തിൽ)എന്നും, വെള്ളത്തോടുകൂടിയ സ്ഥിതി (നദീപക്ഷത്തിൽ) എന്നും അർത്ഥം. ബ. (ജനപക്ഷത്തിൽ) കുടിലചിത്തത. ര. ആഭിജാത്യമെന്നും, ഭൂമിയിൽ ലയിച്ചു നശിക്കുക എന്നും അർത്ഥം. ദ. ശൃംഗാരചേഷ്ട എന്നും, മനോവ്യാമോഹമെന്നും. ന്ന. കൃഷ്ണപക്ഷരാത്രികൾ. ഠ. ഇരുട്ടു എന്നും, തമോഗുണം എന്നും. വ്വ. അന്ധ (കണ്ണുകാണാത്ത വ്യാമൂഢൻ)നല്ലാത്തവനെന്നും, അന്ധസ്സോടു (അന്നം) കൂടാത്തവൻ എന്നും. ൻ. കാല് എന്നും, ശിക്ഷ എന്നും.

Digitized By Kerala Sahitya Akademi

മെന്നീവകകളിലല്ലാതില്ല!
(൧)പാശകപാണിത, (൨) പരിദേവനമിവ
പാരിൽ ചൂതുകളിപ്പവനിൽത്താൻ!
(൩)ജഡതജലത്തിന്ന! ജലജാക്ഷികൾതൻ
നടുകൊടികൾക്കേ ദുർബ്ബലഭാവം!
യോഷകളിൽത്താൻ ഹൃദയകഠോരത!
.....................................
(൪) വേധം രത്നഗണങ്ങളിൽമാത്രം!
ശൂലം ബിംബകരങ്ങളിൽമാത്രം!
കമ്പം (൫) സാത്വികഭാവത്താൽത്താൻ!
.....................................
മലർശരനാൽത്താൻ സംജ്വരമെന്നതു!
കലുഷത്തിന്നതാൻ (൬)വരുതിപിണഞ്ഞു!
വാരണർതാൻ (൭) യുധി പൂണ്ടു പ്രമത്തത!
നീരാഴിയിലേ മുററു(൮)മലച്ചിൽ!
ആനകളിൽത്താൻ(൯)ദാനപരിക്ഷതി!
ന്യൂനം തീക്ഷ്ണതമുള്ളുകളിൽത്താൻ!
ബാണത്തിന്നതാൻ(൧൦)ഗ്ഗുണവിശ്ലേഷം!
ഗ്രന്ഥത്തിന്നതാൻ ദൃഢമാം ബന്ധം!
ചക്കാലയിലല്ലാതേ, ബാന്ധവ-
മുഖ്യരിലില്ലാ(൧൧)സ്നേഹത്യാഗം!!

---

൧. കയ്യിൽ വിലങ്ങ് (കുടുക്കുകയറ്) എന്നും, ചൂതിൽ കരു എന്നും. ൨. ചൂതുകളി എന്നും, നിലവിളി എന്നും. ൩. തണുപ്പെന്നും, മന്ദത എന്നും. ൪. കർണ്ണച്ഛേദം മുതലായവ എന്നും, തുള എന്നും. ൫. രസാസ്വാദവേളയിൽ ഉണ്ടാവുന്ന ഹൃദയദ്രവീഭാവം. ൬. ക്ഷാമം. ൭. യുദ്ധത്തിൽ. ൮. ക്ലേശമെന്നും, തിരച്ചുഴി എന്നും. ൯. മദജലത്തിന്റെ ക്ഷയമെന്നും ദാനത്തിന്റെ കുറവെന്നും അർത്ഥം. ൧൦. ഞാണിനോടുള്ള വേർപാടു എന്നും, ഗുണങ്ങളോടുള്ള വേർപാടു എന്നും, ൧൧. എണ്ണയില്ലാതാവുക എന്നും, സ്നേഹം വെടിയുക എന്നും അർത്ഥം. പരിവൃത്തി അലങ്കാരം,

Digitized By Kerala Sahitya Akademi

[പ്രകൃതിനിരീക്ഷണത്തിലും, പ്രകൃതിസൌന്ദര്യവർണ്ണനത്തിലും എന്നപോലെതന്നെ ബുദ്ധിശക്തിയുടെ വിചിത്രപ്രയോഗത്തിലും, കൃത്രിമോല്ലേഖങ്ങളുടെ പ്രകല്പനത്തിലും പൌരാണികകവികൾ തുലോം ചതുരന്മാരായിരുന്നു എന്ന് ഈ കവിത കാണിക്കുന്നുണ്ട്—ശ്ലേഷംകൊണ്ടുള്ള ചെപ്പടിവിദ്യയാൽ 'അർത്ഥചിത്ര'മായ ഈ പ്രബന്ധം പണ്ഡിതന്മാർക്ക് രുചിക്കാതെ വരുന്നതല്ല.]

# 20. ഒരു വീരപത്നി

[ശ്രീരാമൻ അശ്വമേധയാഗം ദീക്ഷിച്ചിരിക്കവേ, ഭൂപ്രദക്ഷിണാർത്ഥം വിട്ടയച്ച യാഗകുതിരയെ രക്ഷിക്കുന്നതിനു നിയുക്തനായ ശത്രുഘ്നന്റെ കൂടെ അശ്വരക്ഷണത്തിനു പോവാൻ പുറപ്പെട്ട ഭരതപുത്രനായ പുഷ്ക്കലൻ മണിമാളികയിൽചെന്നു തന്റെ പ്രിയപത്നിയായ കാന്തിമതിയോടു യാത്രചോദിക്കുന്ന ഘട്ടത്തിലുള്ളതാണ് താഴെ എഴുതുന്ന പ്രബന്ധം.]

## I

(ചെറുശ്ശേരിരീതി)

*    *    *    *

കൂവളപ്പൂവിതൾക്കണ്ണിണയാൾ,
താമരത്താരൊത്ത വക്ത്രത്തിൽ കർപ്പൂര-
താംബൂലമിട്ടു ചവച്ചിരുന്നു;

Digitized By Kerala Sahitya Akademi

മുത്തുമൂക്കുത്തിയും പൊൽത്താർവളയത്തി-
നൊത്ത ഭുജങ്ങളിൽക്കാപ്പുകളും,
താരൊളിക്കാൽകളിൽ തങ്കത്തളകളും,
(ഫ)സ്ഥൂരനിതംബത്തിൽ (ബ)പ്പട്ടാടയും
ചാർത്തിവിളങ്ങുമാത്തന്വിക്കു കാന്തനേ-
ച്ചാരത്തു കണ്ടപ്പോളുൾക്കുളിർത്തു!

## II

(കിളിപ്പാട്ട്—കേക)

പ്രേമപൂർണ്ണയായ് പ്രാണനാഥനെ (ഭ)വീക്ഷിച്ചവൾ
തൂമന്ദസ്മിതം തൂകിച്ചൊല്ലിനാൾ സഗൽഗദം:—
“(മ)ആജിയിലെങ്ങും നാഥ, വിജയം ഭവിക്കതേ!
വാജിരക്ഷസ്സായ്ച്ചെയ്ക ശത്രുവിന്നിയോഗത്തെ.
പോരാടുംപൊഴുതെന്നെയോർക്കരുതൊരിക്കലും
വീര,(യ)മൽസ്മൃതിയിൽ തേ വിജയം സന്ദിഗ്ദ്ധമാം!
എന്നെ(ര)യൂർമ്മിളയെപ്പോലുമാളുകൾ ഗണിക്കുമാ-
റന്യൂനം പ്രവൃത്തിക്ക കംബുജക്ഷണ, ഭവാൻ,
(ല)ദേവരാംഗനാജനമെന്നുടെ നേരെ നോക്കി
പ്പോർവിട്ടോടിയ പേടിത്തൊണ്ടന്റെ പത്നിയിതാ!
(വ)ഭീരുക്കൾപൊരുതീടുമെന്നാകിലെവിടെയാം

ഫ. വിസ്തൃതമായ തടിച്ച പൃഷ്ഠഭാഗം. ബ. പട്ടുവസ്ത്രം. ഭ. കാന്തിമതി. മ. യുദ്ധം. യ. ഭാര്യാസ്മരണയിൽ മനസ്സു ചലിച്ചുപോകുമല്ലോ. ര. ലക്ഷ്മണന്റെ ശൌര്യപ്രകടനത്താൽ ഊർമ്മിള എങ്ങിനെ വീരപത്നിയായിത്തീർന്നുവോ ആ നിലയിൽ അങ്ങു എനിക്കും വീരപത്നിയായിത്തീരുവാൻ സംഗതിയാക്കണം. ല. ഭർത്തൃസഹോദരന്മാരുടെ ഭാര്യമാർ. വ. മൂച്ചുയേറിയ പരിഹാസം സ്ഫുരിക്കുന്നുണ്ടു്.

Digitized By Kerala Sahitya Akademi

ശ്രൂരക്കു സങ്കേതമെന്നേവമുച്ചത്തിൽച്ചൊല്ലി,
കൈകൊട്ടിച്ചിരിക്കവാനിടയാകാത്ത വിധം
ചെയ്യവേണമേ ശ്രീരാമാശ്വരക്ഷയിൽ ഭവാൻ!
പോരിനെങ്ങുമേ ഭവാൻ മുന്നിൽ, മററവർ പിന്നിൽ;
വൈരികരംബാധിതരാകട്ടെ നിൻ വില്ലൊച്ചയാൽ!
ത്വൽക്കരാരവിന്ദത്തിൽ ത്തിളങ്ങുമുടവാളാൽ
ചിക്കന്നു പേടിച്ചുരണ്ടോടട്ടേ രിപുസൈന്യം!
നൽക്കലമരികളേ വെന്നലങ്കരിച്ചാലും
പോയ്യെല്ലാം മഹാബാഹോ, ഭർത്താവേ, തവശ്ശുഭം!!
വില്ലിതാ കൈക്കൊണ്ടാലും വമ്പിച്ചുള്ളൊന്നു;
തെല്ലിതിൻ നാദം കേട്ടാൽ (ഫ)പററലർനടുങ്ങിപ്പോം
കോടി(വ)ശാത്രവധ്വംസി ബാണകോടികാംതിങ്ങും
പ്രൌഢതൂണികളിതാ, കെട്ടിക്കൊൾകിഷ്ടംപോലെ.
(ന)ഹീരദീപ്തിയാലിരുൾ നീക്കുന്നചട്ടയിതാ
മാരമഞ്ജുളമെയ്യിൽ മുറുകെദ്ധരിച്ചാലും.
കാന്ത, രമ്യമിത്തൊപ്പി ശിരസ്സിലണിഞ്ഞാലും;
കാന്തിയേറിയ രത്നകുണ്ഡലങ്ങളുമിതാ!"
ഇത്തരം ഭംഗ്യാ ചൊന്ന വീരപത്നിയെ നേത്ര-
പ്പൊൽത്താരാലാരാധിച്ചു പൂർണ്ണസന്തോഷത്തോടും.
അക്കാന്തിമതിതാൻ താനെടുത്തു കൊടുത്ത വി-
ല്ലുശ്ശൃതൂണീരങ്ങളും ചട്ടത്തൊപ്പിയുമെല്ലാം
കൈക്കൊണ്ടു ധരിച്ചുതികാന്തിയാൽ വിളങ്ങിനാ-
നൽക്കടപ്പുടയാളി സർവ്വശാസ്ത്രാസ്ത്രാഭിജ്ഞൻ
മങ്കമാർമണി പിന്നേക്കസ്തൂരിമലയജ-
കങ്കുമാദികൾ പൂശിച്ചാരോമൽക്കണവനേ

---

ഫ. ശത്രുക്കൾ. വ. ശത്രുവൃന്ദത്തെ ധ്വംസിക്കുന്ന അസ്ത്രങ്ങൾ. ന. പതിച്ച വജ്രമണികളുടെ ശോഭ,

Digitized By Kerala Sahitya Akademi

ച്ചാരുവാഗ്ദ്ധാൽമുട്ടോളം തൂങ്ങിയ നാനാപുഷ്പ-
വീരമാലയും ഭംഗ്യാ ചാർത്തിച്ചു, പലവട്ടം.
(ക)മംഗളനീരാജനംചെയ്തു(ഖ)മുത്തുകൾ തൂകി,
തിങ്ങിയകണ്ണീരോട്ടം ഗാഢമായ് ത്തഴുകിനാൾ.
'മാഴ്കായ്കവേണ്ടാ വീരപത്നി, നീയെൻ വേർപാടാൽ;
വൈകാതേ സതി, തവ സന്നിധൌ വരുവൻ ഞാൻ'.
എന്നാശ്വാസിപ്പിച്ചഥ യാത്രചോദി(ഗ)ച്ചായവൻ
(ഘ)തന്വിയേ വിട്ടു പള്ളിത്തേരേറി നടകൊണ്ടാൻ;
കണ്ണിമയ്ക്കാതേ ഹന്ത! നോക്കിനിന്നിതു കയൽ-
ക്കണ്ണിയാം കാന്തിമതി കാന്തനെക്കുറെനേരം

[ഉദാത്തക്ഷത്രിയസ്ത്രീയായ കാന്തിമതിയുടേ ക്ഷാത്രതേജസ്സിനേയും കുലാഭിമാനചൈതന്യത്തേയും, ഭർത്തൃപ്രേമസമുൽകർഷത്തേയും ചിത്രീകരിച്ചു കാണിക്കുന്ന ഈ പുരാണകവിത ആധുനികഭാരതീയസ്ത്രീകളുടെ മുമ്പിൽ എത്ര മഹനീയമായ ആദർശത്തെയാണു് വിന്യസിക്കുന്നതെന്നു നോക്കുക. വീരപത്നിയായ കാന്തിമതിയുടെ വചനങ്ങളിൽ തുള്ളിക്കളിക്കുന്ന വീരരസവും, അവളുടെ പെരുമാററത്തിൽ സ്ഫുരിക്കുന്ന പ്രൌഢഭാവവും, തന്റേടവും, വാക്കിലും നോക്കിലും വിളങ്ങുന്ന പതിപ്രേമവും എത്ര സ്പൃഹണീയമായിരിക്കുന്നു! കാന്തിമതി എന്തൊരു വീരപത്നി!!]

---

ക. മംഗളാർത്ഥമായുള്ള തിരിയുഴിച്ചൽ. ഖ. മംഗളാചാരമാണു മുത്തുകൾ. ഗ. ആ ഭരതപുത്രനായ പുഷ്കലൻ, ഘ. സുന്ദരിയായ പത്നിയേ.

Digitized By Kerala Sahitya Akademi

# 21. താപസാശ്രമം

[അശ്വമേധയാഗദീക്ഷിതനായ ശ്രീരാമൻെറ യാഗക്ഷതിരയുടെ പിന്നാലേ രക്ഷകനായി അയയ്ക്കപ്പെട്ട ശത്രുഘ്നൻ യാത്രയ്ക്കിടയിൽ ച്യവനമഹർഷിയുടെ പുണ്യാശ്രമത്തിൽ ചെല്ലുന്ന ഘട്ടത്തിലുള്ള ആശ്രമവർണ്ണനമാണിതു്]

(കിളിപ്പാട്ടു്—കേക)

വേദധ്വനിയാലമംഗളമൊക്കെയും
ശ്രോതൃജനത്തിന്നകററുന്നൊരാശ്രമം
തത്ര കാണായി (ക)മൃഗപക്ഷിസംകുല-
(വ)മുത്തമാനേകമുനിയൂപശോഭിതം.
(ന)ആഹുതിധൂമമവിടെനിന്നുൽഗമി-
ച്ചാകേ വിശുദ്ധമാക്കുന്നു നഭസ്സിനേ;
കയ്യിൽച്ചമതയുമേന്തി മഹഷിമാർ
ചെയ്യുന്നു ധർമ്മക്രിയകളു(ര)ങ്ങനാഹം
(ഒ)വ്യാഘ്രങ്ങളങ്ങഹോ, പാലിക്കവേണ്ടുന്ന-
ഗോക്കളേപ്പാലിച്ചുപോരുന്നു നീളവേ!
നേരേ മട തീക്കലില്ലങ്ങെലികൾക്കു
തീരെ മാർജ്ജാരനുപദ്രവിക്കായ്കയാൽ!
കീരിയും മൈലുമായ് ക്രീഡിച്ചു പാമ്പുകൾ!
വാരണസിംഹങ്ങളങ്ങു ചങ്ങാതികൾ!

---

ക. മൃഗങ്ങളും പക്ഷികളും തിങ്ങിയതു്. വ. ഉത്തമന്മാരായ മഹഷിമാരുടെ യജ്ഞസ്തംഭങ്ങൾകൊണ്ടു ശോഭിച്ചതു്. ന. ഹോമധൂമം. ര. എല്ലായ്പോഴും. ഒ. തപോവനത്തിൻെറ സാത്വികതയും ശാന്തിമയത്വവും നിമിത്തം ജാത്യാ വിരോധികളായ മൃഗങ്ങൾപോലും വൈരംവിട്ടു ശാന്തങ്ങളായിത്തീർന്നിരിക്കുന്നു.

Digitized By Kerala Sahitya Akademi

(ഫ)നീവാരവും തിന്നു നിൎഭയമായങ്ങു
മേവുന്നു താപസർ പോററുന്ന മാനുകൾ.
നൽക്കുടത്തോളം വലുതാമകിടൊത്തു
(വ)നന്ദിനീതുല്യമാരാകിയ പൈക്കളും
തത്ര കളമ്പേററുയന്നു പൊഴികൊണ്ടു
ശുദ്ധമാക്കുന്നിതു ദിങ്മണ്ഡലത്തിനേ.

# 22. രാമായണനിൎമ്മാണം

(കിളിപ്പാട്ട്—കാകളി)

(ഫ)ഏകദാ വാത്മീകിപൂക്കാനൊരുവനം
(വ)കോകിലാദ്യഞ്ചിതപക്ഷിനാദാകുലം;
ചമ്പകം, താലം, (ന)തമാല, മിലഞ്ഞികൾ,
ചെമ്പൂവണിപ്പാശു, നൽപ്പൊൻകുറിഞ്ഞികൾ,
കൊന്നമുമ്പായ വൃക്ഷങ്ങളുമൊട്ടല്ല;
നന്നായ് മുരന്നു നടക്കുന്നു വണ്ടുകൾ;
(ര)കൌമുദിക്കൊത്ത വെൺകേതകപ്പൂക്കളെ-
ങ്ങാ(ഖ)മോദമെങ്ങും പരത്തുന്നു ധൂളിയാൽ.
നീളേ മനോജ്ഞമാമാവന ഭൂമിയിൽ
(സ)നാളീകബാണാസ്ത്രമേററു വിവശരായ്,

---

ഫ. വരിനെല്ല്, വ. വസിഷ്ഠാശ്രമത്തിലുള്ള കാമധേനുപുത്രിയായ ദിവ്യപശുവാണു നന്ദിനി.

22. ഫ. ഒരിക്കൽ. വ. കുയിൽ മുതലായ ശോഭനപക്ഷികളുടെ നാദം തിങ്ങിയതു്. ന. പച്ചിലമരം. ര. നിലാവു്. ഖ. സുഗന്ധം. സ. കാമാസ്ത്രം.

Digitized By Kerala Sahitya Akademi

(൧)ചേവൽപ്പിടകളാം രണ്ടു നൽക്രൗഞ്ചങ്ങൾ
ഭാവമിണങ്ങി രമിച്ചിരുന്നു രസാൽ.
വന്നൊരു വേടനതിലാൺപക്ഷിയേ
കൊന്നാനിറച്ചിക്കു വേണ്ടിസ്സനിർദ്ദയൻ!
കാന്തനേ കാടൻ വധിച്ചതുകണ്ടു ശോ-
കാന്ധയായ് ക്രൗഞ്ചിയുറക്കെക്കരയവേ,
(൨)രുഷ്ടനായ് മാമുനി പുണ്യനദീജലം
തൊട്ടാചമിച്ചു ശപിച്ചാൻ (൩)നിഷാദനേ:—
(൪)"മാനിഷാദ! പ്രതിഷ്ഠാം ത്വ-
മഗമശ്ശാശ്വതീസ്സമാഃ
യൽക്രൗഞ്ചമിഥുനാദേക-
മവധീഃ കാമമോഹിതം".
ശ്ലോകമാണിക്കേട്ടതെന്നു ക(൫)ണ്ടോരണ-
രുൾക്കളിത്തോതിനാർ നന്നുനന്നെന്നുടൻ;-
'ശോകോക്തിയേ ശ്ലോകമാക്കിനാൾ (൬)ഭാരതി;
ഹ!പരം രമ്യമീശ്ലോകം മഹാമുനേ!'
അന്നേര,(൭)മമ്പോറ്റി വാത്മീകി തന്നോടു
വന്നരുൾചെയ്താൻ (൮)വിരിഞ്ചൻ ജഗൽപതി:-
"ധന്യൻമുനീന്ദ്ര, നീ; വാഗ്ദേവി നിന്മുഖം-
തന്നിൽവസിച്ചിതാ ശ്ലോകമായ്ത്തീർന്നുതേ!
തീർക്ക രാമായണം രമ്യമധുരമായ്!
സൽകീർത്തി(൯)യാകല്പമുണ്ടാം ഭവാനിതിൽ"

---

൧. ചേവ(ആൺ)ലും പിട(പെൺ)യുമായ പക്ഷികൾ. ൨. ക്രുദ്ധൻ. ൩. കാട്ടാളൻ. ൪. അല്ലയോ നിഷാദ, (കാട്ടാള) നീ കാമപീഡിതരായി ക്രീഡിച്ചിരുന്ന ഈ ക്രൗഞ്ചപക്ഷികളിൽ ഒരാൺപക്ഷിയെ എയ്തുകൊന്നതുനിമിത്തം നീ എന്നെന്നേക്കുമായി നശിച്ചുപോകട്ടേ! ൫. ബ്രാഹ്മണർ. ൬. സരസ്വതി. ൭. ദയനിറഞ്ഞ. ൮. ബ്രഹ്മാവ്. ൯. പ്രളയം വരെ.

Digitized By Kerala Sahitya Akademi

ഏവമമരർചെയ്തു തത്ര മറഞ്ഞിതു
ദേവകളെല്ലാരുമൊത്തു പിതാമഹൻ.
അമ്മുനിപിന്നെ രാമായണം ചിന്തിച്ചു
രമ്യനദീതടം തന്നിലിരിക്കയായ്.
രാമായണമഥ തീൎത്തുകൊണ്ടാ(൧)നദി-
രാമപദാഢ്യം, ബഹുവൃത്ത(൨)മണ്ഡിതം.

# 23. ഒരു വിലാപം

[ആയുരാജാവിന്റെ ഭാൎയ്യയായ ഇന്ദുമതിയുടെ പുത്രൻ (നഹുഷൻ) ഈററില്ലത്തിൽനിന്നുതന്നെ മായാവിയായ ഹുണ്ഡാസുരനാൽ അപഹൃതനായി. ദേവപ്രദനായ തന്റെ നിസ്തുല്യപുത്രനെ കാണായ്കയാൽ സംഭ്രാന്തയായിത്തീൎന്ന രാജ്ഞിയുടെ വിലാപമാണു് താഴെ ചേൎക്കുന്ന വരികൾ.]

ഹ ഹ! വന്നുകവന്നതാരുവാൻ
മമ സല്ലക്ഷണമൊത്ത പുത്രനേ?
(൧)ക്രതുദാന, തപസ്സൊടാററുനോ-
ററുഴറിക്കിട്ടിയ കുഞ്ഞെനിക്കവൻ!
(൨)മഹിമാവെഴുമത്രിപുത്രനാം-
ത്തെളിവോടേ മമ തന്നൊരുണ്ണിയേ

൧. മനോഹരപദങ്ങൾ ഉള്ളതു്. ൨. പലതരം വൃത്തങ്ങളാൽ അലംകൃതം.

23. ൧. യാഗം. ൨. ദത്താത്രേയന്റെ അനുഗ്രഹത്താലാണു് ഇന്ദുമതിക്കു പുത്രൻ ജനിച്ചതു്.

Digitized By Kerala Sahitya Akademi

എവനാശ്ശു കവൻകൊണ്ടുപോയ്?
കനിവറെറന്നു(ന)യിരോട്ടക്കൂടവേ!
ഹ ഹ! സൽഗുണവാസഗേഹമേ,
മകനേ, ഹാ! മമ പൊന്നുപൈതലേ,
വിളികേരം,ക്കെവിടത്തിലാണു നീ?
എവ, നെന്നോമനയേക്കവെന്നവൻ?
(ര്)ക്ഷിതിപോചിതദിവ്യലക്ഷണം
മുഴവൻ ചേൎന്നവനബ്ജലോചനൻ
ദ്രഢ(ഠ)മിന്ദുകുലത്തിനൊക്കയും
(ന്ന)മുടിമുത്തായ്‌വരുമായിരുന്നു നീ.
എവനോ സുത, കട്ടു നിന്നെ, ഞാ-
നെവിടെപ്പോയിട്ടമെന്തുചെയ്യിട്ടം!
ഇതഹോ! മമ(ം)മുൻപിറപ്പിലേ-
ദ്ദുരിതത്തിൻ ഫലമായിരിക്കണം.
ശരി, തട്ടിയെടുത്തിരിക്കു, മെൻ-
വശമേല്പിച്ച പരസ്വമന്നു ഞാൻ;
(വ്വ)അതുതാൻ, തനയാപഹാരജ-
വ്യഥമേ ചേരുവതിന്നു കാരണം.
അഥവാ, (ൻ)ജനനാന്തരേ, ഗുണാ-
കരമാം വിപ്രനെ മാനിയായ്കയോ

ന. ജീവൻ. ര്. ചക്രവൎത്തിലക്ഷണം. ഠ. ചന്ദ്രവംശത്തിനു. ന്ന. ശിരോഭൂഷണം. ം. മുജ്ജന്മം. വ്വ. മുജ്ജന്മം അന്യന്റെ സ്വത്തു അപഹരിച്ചതുകൊണ്ടായിരിക്കാം പുത്രദുഃഖം അനുഭവിക്കാറായതു്. ൻ. പൂൎവ്വജന്മത്തിൽ.

Digitized By Kerala Sahitya Akademi

ഒരു പൈതലൊടമ്മയേപ്പിരി-
യുകയോ ചെയ്യിതി, തായതിൻ ഫലം.

---

# 24. തേജസ്വിനിയായ സുക്ഷത്രിയ

[വാത്മീകിവചനത്താൽ, പരിത്യക്തയായ സീതയേ തിരിയേ വരുത്തുവാൻ നിശ്ചയിച്ച ശ്രീരാമനാൽ നിയുക്തനായ ലക്ഷ്മണൻ വാത്മീകിയുടെ ആശ്രമത്തിൽ വസിക്കുന്ന സുവ്രതയായ സീതയുടെ അടുക്കെ ചെന്നപ്പോൾ സീത പറയുന്നതാണിതു്.]

ഭദ്രൻ ഭവാനെന്തിനു വന്നുചേർന്നൂ
(എ)തപസ്വിലോകപ്രിയമാം വനത്തിൽ?
കൌസല്യയാം ചിപ്പിയിലുത്ഭവിച്ച
മുത്താകുമദ്ദേവനു സൌഖ്യമല്ലീ?
എന്നേരിലില്ലല്ലി നൃപന്ന(ഖ)മർഷ?-
മെല്ലാവരും വാഴ്ത്തിവരുന്നതില്ലേ?
അന്നാരതം (ന)കേവലയായ കീർത്തി-
ക്കധീനനാമസ്സുഗുണാർണ്ണവത്തെ!
അകീർത്തി പേടിച്ച നരേന്ദ്രനെന്നേ-
ക്കൊല്ലാൻ നിയോഗിച്ചു ഭവാനെയെന്നോ?

---

എ. ഈ വിശേഷണം വളരെ അർത്ഥഗർഭമായിട്ടുള്ളതാണു്. ഖ. കോപം. ന. തനിച്ച മുഖ്യമായ.

Digitized By Kerala Sahitya Akademi

(ഫ)ലോകത്തിലൊട്ടക്കവിടേയ്ക്കു ശുഭ-
സൽക്കീൎത്തിയുണ്ടാമിതുകൊണ്ടുമെങ്കിൽ.
ചത്തും മണാളന്റെ യശസ്സുറപ്പിൽ
നിൎത്തീടുവോളാണു നിരാകുലം ഞാൻ;
(വ)എന്നാലയേ (ന)ദേവര, മൎത്ത്യലോക-
മെനിക്കു ചിക്കന്നു ലഭിക്കുമല്ലോ!
അദ്ദേഹമെന്നേബ്ബത! തള്ളിയാലും
ഞാൻ തള്ളിയിട്ടില്ലവിടുത്തെയൊട്ടും;
(ര)ഫലം നിമിത്തത്തിനധീനമത്രേ;
നിമിത്തമുണ്ടോ ഫലവശ്യമാവൂ?
കൌസല്യ ശല്യം പിണയാതെ സൌഖ്യ-
ത്തോടല്ലയോ വാണരുളുന്നു നിത്യം?
ജഗത്ത്രയീപാലകനായവന്റെ
പെററമ്മ,യെന്നിൽക്കനിവേററമുള്ളോരം.
സുഖത്തൊടല്ലീ ഭരതാദി സംവ്-
ബന്ധുക്കളും, ലക്ഷ്മണ, വാണിടുന്നു?
സൌഭാഗ്യമേറുന്നവ, ളെന്റെപേരിൽ
(ഒ)പ്രാണാധികസ്നേഹസുമിത്രതാനും?

---

ഫ. ഇതു വല്ലാത്ത കൊള്ളിവാക്കാണ്. വ. എന്നാൽ+അയേ (അല്ലയോ) എന്നു പദച്ഛേദം. ന. ഭൎത്തൃസോദര. ര. കാൎയ്യം (ഫലം) കാരണത്തിന്നധീനമാണ്. എന്നാൽ കാരണം കാൎയ്യത്തിന്നധീനമല്ല. കാരണത്തിന്റെ നിലപോലാണു കാൎയ്യം. കാൎയ്യത്തിന്റെ നിലപോലല്ല കാരണം എന്നു താൽപൎയ്യം. ദൃഷ്ടാന്തം അലങ്കാരം. ഒ. പ്രാണനിൽ കവിഞ്ഞ സ്നേഹത്തോടുകൂടിയവൾ.

Digitized By Kerala Sahitya Akademi

ഭവാനെയും (ഫ)സൎവ്വജഗൽപ്രസിദ്ധി-
ക്കെന്നേക്കണക്കാശ്ശു വെടിഞ്ഞുവെന്നോ?
എന്തുള്ള (വ)തൻപേരിലുമമ്പിണങ്ങാ-
ത്താക്ഷോണിപാലനനു(ന)പേക്ഷ്യമായി?

[സീതയുടെ ഈ വാക്യത്തിൽ, തേജസ്വിനിയായ ഒരു ക്ഷത്രിയസ്ത്രീയിൽ, പരാഭവം സഹിക്കാത്തതുകൊണ്ടു, തിളച്ചുമറിയുന്ന ഈൎഷ്യയും അരിശവും, അഭിമാനോൽക്കൎഷവും സ്പഷ്ടമായി പ്രകാശിക്കുന്നുണ്ട്.]

# 25. സമരസന്നാഹം

[ശ്രീരാമന്റെ യാഗക്കുതിരയെ ബന്ധിച്ച വീൎയ്യോദഗ്രനായ വീരമണിരാജാവിന്റെ രാജ്യത്തിൽ, അശ്വരക്ഷകന്മാരായ ശത്രുഘ്നമുഖ്യന്മാർ ചെന്നു കോട്ട വളഞ്ഞു പോൎക്കു വിളിക്കവേ വീരമണിരാജാവു സമരത്തിനു സന്നാഹം കൂട്ടുന്നു.

(ഫ)പെരുമ്പറ വിളംബരധ്വനിയിത-
ങ്ങു കേട്ടു, ത്വരയോ
പെരുത്തു പടയാളിമാരരമന-
യ്ക്കകത്തെത്തിനാർ

ഫ. സൎവ്വലോകത്തിലും ഉള്ള പ്രസിദ്ധി. വ. തന്നിൽക്കൂടി സ്നേഹമില്ലാത്ത. ന. ഉപേക്ഷിപ്പാൻ വയ്യാത്തതു.

25. ഫ. യുദ്ധവിളംബരം ചെയ്യുന്ന പെരുമ്പറയടിയൊച്ച.



Digitized By Kerala Sahitya Akademi

(ഫ)സ്ഫുരൽകവചദേഹരായ് ശിരസിനൽ-
　　ത്തലപ്പാവണി-
ഞ്ഞു, മത്തസമരോത്സവം കരുതിയുൾ-
　　ക്കളിത്ത (വ)ഞ്ജസാ
ചില(ന)രിരുകുതിരച്ചെ-
　　മ്പൊന്മണിത്തേരിലാണ്ടും,

ചിലർ (ര)സുഗുണവിരാജ-
　　ദ്വാജിപൃഷ്ഠസ്ഥരായും,
ചിലർ മദകരിതന്മേ-
　　ലേറിയുംകീഴ്നൃപന്മാർ
(ഭ)കലഹരഭസമോട-
　　ങ്ങെത്തി രാജാജ്ഞയാലേ.

തൃപ്പാദത്തിലണഞ്ഞു മാനസജവ-
　　ത്തേരേറി രുഗ്മാംഗദൻ;
തൽഭ്രാതാവു ശുഭാംഗതൻ മണിമയ-
　　പ്പോർച്ചട്ടയിട്ടെത്തിനാൻ;
പൃഥ്വീശാനുജവീരസിംഹനമശേ-
　　ഷാസ്ത്രപ്രവീണൻ, (ന്യ)നൃപ-
സചസ്ത്രീയൻ ബലമിത്രനും കവചിയായ്
　　വാളേന്തി വന്നെത്തിനാർ.

(ദ)നാലംഗപ്പടയതൊരുങ്ങിയെന്നു സേനാ-
പാലൻതന്നുടെയറിയിപ്പു കേട്ടടൻതാൻ

ഫ. ചട്ടയിട്ടവർ. വ. വേഗത്തിൽ. ന. രണ്ടുകുതിരകളെപ്പൂട്ടിയ കന കർഥം. ര. ലക്ഷണമൊത്ത കുതിരകളിൽ ഏറിയവർ. ഭ. യുദ്ധസംരംഭം. ന്യ. രാജാവിൻെറ മരുമകൻ. ദ. ആന, തേർ, കുതിര, കാലാൾ എന്നീ നാലംഗങ്ങൾ ഉള്ള സൈന്യം.

Digitized By Kerala Sahitya Akademi

(ഫ)ഭൂലക്ഷ്മീശ ചരനവനസൂപൂർണ്ണമാകും
സ്ഥൂല(വ)ശ്രീമണിയുരുളൊത്ത തേരിലേറി.
പടൻറ ശംഖൊച്ച, മടിച്ച(ന്ന)യോധരേ-
പ്പടയ്ക്കിളക്കംപടി വീരനാദവും;
സ്ഫുടം പരക്കേപ്പറകൊട്ടി കൊട്ടകാ-
(ർ)രടക്കിറങ്ങീ നൃവരൻെറ സേനകൾ.
(ഒ)സുമംഗളം ചെയ്തണിചാർത്തിയേവരും
സമസ്തശസ്ത്രരണഞ്ഞു പോക്കളം;
(ന്ന)അമർത്ത്യലോകത്തെ വിളിക്കുവാൻ സമുൽ-
ഗമിച്ച പാർത്തിങ്ങിയ ഭേരിശംഖൊലി.
ഇത്ഥം(൦)മഹാകളകളത്തൊടടർക്കളത്തി-
ലെത്തീ പടയ്ക്കുഴറി വീരമണിക്ഷിതീശൻ;
തത്രാഗമിച്ചു നിലവായ് പടയും തദീയം;
മർത്ത്യവ്രജത്തെ മുഴുകിപ്പതിനാഴിപോലേ.

# 26. പുണ്യവ്രതഫലം

(കിളിപ്പാട്ട്—കാകളി)

ഉണ്ടായിരുന്നുപോൽ (ഫ)കാഞ്ചനപത്തനേ
രണ്ടാംകുബേരനായ് വല്ലഭനെന്നൊരാൾ.

---

ഫ. വീരമണി രാജാവ്. വ. വലിയ ശോഭയുള്ള രത്നചക്രങ്ങൾ. ന്ന. പടയാളികൾ. ർ. യുദ്ധത്തിന്നു പുറപ്പെട്ടു. ഒ. മംഗളക്രിയകൾ ചെയ്ത്. ന്ന. ദേവലോകത്തെ, ഗമ്യോൽപ്രേക്ഷ. ൦. വലിയ കോലാഹലം.

26. ഫ. സുവർണ്ണപുരത്തിൽ.

Digitized By Kerala Sahitya Akademi

ഹേമപ്രഭയെന്നവന്റെ ഭാര്യയ്ക്കു പേ-
രാമഞ്ജുഗാത്രിയോ ദുശ്ശീലചിത്തതാൻ!
വല്ലാത്ത വായാടിയാമവളെപ്പൊഴും
വല്ലഭനോടു കശപിശക്കൂട്ടമേ,
'ചാരിത്രശാലിനി ഞാനെ'ന്നു ചൊന്നവൾ
ജാരരെത്തേടി നടക്കയും ചെയ്യുമേ
ഏകദാ പോസ്റ്റുന്നനേരത്തു, പാപങ്ങ-
ളാകെ വഹിക്കുമാ ദുഷ്ടയേ വല്ലഭൻ
പാരം ശകാരിച്ചു ശാസിച്ചു; പെണ്ണവൾ
തീരെപ്പിണങ്ങിയിരുപ്പായിതപ്പൊഴേ.
അന്നു ചെയ്തീലാജലപാനവുമവ-
ളുന്നതക്രോധാന്ധയായ് വാശിപൂണ്ടഹോ!
അത്തിഥിയാകട്ടെ ഭാഗ്യയോഗാൽ പരി-
വർത്തനൈകാദശിയായിരുന്നു ബത!
പിറേറദ്ദിവസമോ ശ്രാവണദ്വാദശി!
മുററും മഹാപുണ്യമായ സദ്വാസരം;
(൧)ശ്രീപതിനാളിങ്കലൂൺകഴിക്കായ്കയാൽ
പാപങ്ങളെല്ലാമൊഴിഞ്ഞ(൨)നല്ലാരവൾ
അന്നു നിശയിൽ മരിച്ചുപോയ്; തൽക്ഷണം
വന്നു യമദൂതർ കൊണ്ടുപോയീടുവാൻ.
മുൾത്തടി വങ്കയറെന്നിവ കൈക്കൊള്ളു-
മത്തടിയന്മാർ വരിഞ്ഞുകെട്ടീടവേ,
തത്ര വന്നെത്തിനാർ ശംഖചക്രഗദാ-
ഹസ്തരാമച്യുത(൩)പാർഷദന്മാരഹോ!
പാശമറുത്താ(൪)നിരഘയാം നാരിയേ
പാരാതെ ദിവ്യമാം തേരേററിനാരവർ

൧. ഹരിവാസരം. ൨. സ്ത്രീ. ൩. വിഷ്ണുദൂതന്മാർ. ൪. പാപമകന്നവൾ.

Digitized By Kerala Sahitya Akademi

ആയവർച്ചൂഴേ, സ്സുരക്ഷം (ഫ)സുദൃഷ്പ്രാപ-
മായ (വ)ഹരിപുരം പുക്ക വാണാളവം.

[ഈ പുരാണകഥ ഏകാദശി മുതലായ വ്രതങ്ങൾ നോൽക്കുന്നതു് ആരോഗ്യത്തിനും, ആത്മശുദ്ധിക്കും, ക്ലേശസഹിഷ്ണുതാശീലത്തിനും, മനഃസംയമനത്തിനും ഉതകും പ്രയോജകീഭവിക്കുന്നതാണെന്നുള്ള സംഗതി ദൃഢമായി ബോധപ്പെടുത്തുന്നതിനുള്ള ഒരർത്ഥവാദകഥയാണെന്ന് അറിയേണ്ടതാണ്.]

# 27. ബാലഗോപാലൻ

## (I)

### (ചെറുശ്ശേരിരീതി)

തങ്കച്ചിലങ്ക കിലുങ്ങുമാറോമന-
ച്ചെങ്കഴൽവെച്ചോട്ടുമമ്പാടിയിൽ,

പാതകൾതോറുമൊട്ടേറേസ്സലീലമാം-
രീതിയിൽച്ചുററി നടക്കും കൃഷ്ണൻ,

മന്ദസ്മിതത്താലും, മയ്ക്കണ്ണൻകോണേറാലും,
മറേറാരോ ശൃംഗാരചേഷ്ടയാലും,

(ഫ)ചെഞ്ചൊടി ചുംബിച്ച മോഹനവേണുത-
ന്നഞ്ചിതാലാപസ്വരങ്ങളാലും,

ഫ. തീരെ പ്രാപിപ്പാൻ കഴിയാത്തതു്. വ. വിഷ്ണുലോകം.
27. ഫ. അധരപല്ലവത്തിൽ ചേർത്ത ഓടക്കുഴലിൻെറ ചേതോമോഹനമായ ഗാനസ്വരം.

Digitized By Kerala Sahitya Akademi

(ഛ)ആയർപ്പെണ്ണുങ്ങൾ തന്നന്തഃക്കരണത്തെ
മായാവിമോഹിതമാക്കിട്ടന്നോൻ,
(ഫ)ദിവ്യമാല്യാംബരഗന്ധാനുലേപനൻ,
മൂവുലകത്തെയും മോഹിപ്പിപ്പോൻ,
ആനന്ദരൂപനായോഗികൾ സുപ്രേമ-
ധ്യാനത്തിൽ കാണുന്ന സത്യതത്വം,

## (II)

(അന്നനട).

അരക്കെട്ടിൽദ്ദിവ്യവിചിത്ര വസ്ത്രവും
തിരുമെയ്യിൽ മഞ്ജുവിഭൂഷയും ചാർത്തി,
മയിൽപ്പീലി ചൂടി, സ്സുകുണ്ഡലവുമായ്,
മണിവേണു കക്ഷസ്ഥലത്തിലായ് വെച്ചും,
വലത്തുകാലിടം കണങ്കാലിൽ ചേർത്തും,
ജലജമൊട്ടുപോലിരുകൈ കൂപ്പിയും,
പരാത്ഭുതമായ വടിവോടേ വട്ടം-
തിരിഞ്ഞുകൊണ്ടുതാനരങ്ങത്തു കേറി,
(ബ)അളിയെതിർകണ്ണുമകക്കാമ്പുമേറേ-
ക്കുളിർത്ത ഗോകുലകുമാരിമാർ ചുററും
തെരുതെരേത്തൂക(ഭ)മലർമഴയുമേ-
ററരുളും കണ്ണനാണിഹ സദാശ്രയം!

---

ഛ. ഗോപസ്ത്രീകൾ. ഫ. ദിവ്യങ്ങളായ മാലകളും വസ്ത്രങ്ങളും സുഗ ന്ധദ്രവ്യങ്ങളും ചാർത്തിയവൻ. ബ. വണ്ടിനോടുതുല്യം. ഭ. പുഷ്പവൃഷ്ടി.

Digitized By Kerala Sahitya Akademi

(III)

(പാന)

നീരിൽമുക്കി വെട്ടപ്പാക്കിയ മിക-
വേറുമഞ്ജനത്തിൻെറ നിറം പൂണ്ടും,

നന്മണമെഴും കാർകുന്തളത്തിലി-
ലുന്മദമയിൽപ്പീലി തിരുകിയും,

മുഗ്ദ്ധവണ്ടണിപ്പൂച്ചെണ്ടു ചൂടിയും,
ചിത്രമാംപൊട്ടു നെററിമേൽ മിന്നിയും,

(ഫ)മൂണ്ണുകുന്തളപാളികൾ (വ)ദപ്പ്ണ-
പൂണ്ണാഭാസാം കവിളിൽച്ചിതറിയും,

തത്തതൻകൊക്കു മെള്ളിൻെറപുഷ്പവു-
മത്തൽതേടുന്ന നാസികയൊത്തുമേ,

മത്തഭൃംഗങ്ങൾ മേല്ക്കുമേലേ പറ-
ന്നെത്തു(ന്ന)മുമ്പർമരമലർമാലയാൽ,

മെത്തിയ തോൾ വിളങ്ങിയും, കണ്ഠത്തി-
ലുത്തമവനമാലിക ചാത്തിയും,

ചാരുകൌസ്തുഭ ശ്രീവത്സയുക്തമാം
മാറിൽ വെണ്മുത്തുമാലകളാടിയും,

മഞ്ഞപ്പട്ടാൽ മറഞ്ഞ നിതംബവും,
മഞ്ജുവാം തുടമുട്ടുമിണങ്ങിയും,

---

ഫ. കറുനിരകൾ. വ. കണ്ണാടിപോലെ മിന്നുന്ന. ന. ദേവവൃക്ഷ, (കല്പക) പുഷ്പമാല,

Digitized By Kerala Sahitya Akademi

(൧)കങ്കണാംഗദനൂപുരാദ്യങ്ങളാം
തങ്കരത്നവിഭൂഷണങ്ങൾ ചാൎത്തിയും;
കോടിമന്മഥന്മാരെ വെല്ലുമതി-
പ്രൌഢലാവണ്യധോരണിയേന്തിയും,
ഗോകുലത്തിൽ വിളങ്ങുന്ന ദൈവതം
(൨)ശോകനാശയ (൩)ഭൂയാദ(൪)നാരതം.

(IV)

(൫)പാടീരാലിപ്തചേതോഹരശുഭതനുവായ്,
ചെമ്പരുത്തിപ്രസൂനം
ചൂടി, പ്പീതാംബരം ചുററിയു, (൬)മസിതനിറ-
പ്പട്ടുതോളത്തണിഞ്ഞും,
വാടാക്കൽഹാരമാല്യത്തൊടുമടവികളിൽ
ഗോപബാലാഢ്യനായി-
ട്ടാടിപ്പാടിച്ചരിക്കും ഹരിയെ(൭)യവിരതം
സേവനം ചെയ്തിടുന്നേൻ.

൧. കൈവള, തോൾവള, കാൽച്ചിലമ്പു മുതലായ. ൨. ദുഃഖനാശത്തിനായി. ൩. ഭവിക്കട്ടെ. ൪. എല്ലാദ്ദിയ്യാഴും. ൫. ചന്ദനം പൂശിയ കോമളമേനിയോടുകൂടിയവൻ. ൬. കറുത്ത പട്ടു. ൭. എല്ലാഴ്പ്പോഴും.

Digitized By Kerala Sahitya Akademi

# 28. ഈശ്വരപ്രാർത്ഥന

നാനാവിമോഹകദനോർമ്മികൾ ചേർന്നു ദോഷ-
യാദോഗണങ്ങളിടതിങ്ങിയപാരമായി
ഗംഭീരമാകിയ ഭവാംബുധിയിൽക്കുഴങ്ങു-
മെന്നെക്കനിഞ്ഞു കരയേററുക ലോകനാഥ!

എൻകർമ്മമേഘമിടിവെട്ടി മുതിർന്നുമാരി
പെയ്യുന്നു; മിന്നലിളകുന്നിതഘോൽക്കരത്താൽ,
കൺകാഴ്ച വിട്ടുമറിവാമിരുളിൽക്കിടന്നു
ചുററുന്നെനിക്കു ജഗദീശ്വര! നീ സഹായം.

വ്യാമോഹകേസരികളും ബഹുദുഃഖവൃക്ഷ-
സ്തോമങ്ങളും ചുഴലുമീബ്ഭവകാനനത്തിൽ
ഭീമാമയാഗ്നി പിടിപെട്ടു ദഹിക്കുമെന്നെ
പ്പൂമാനിനീരമണ, കാത്തരുളേണമേ നീ!

ആയാസശോകമയ ശാഖകൾ, മായയാംവേർ,
ജായാദ്യരാമിലകളെന്നവയൊത്തു പൊങ്ങി
കായ്പൂണ്ടു നിൽക്കുമതിജീർണ്ണഭവദ്രുമത്തിൽ-
പ്പോയേറി വീണിതടിയൻ; ജഗദീശ, പാഹി!

മോഹപ്പെരുങ്കാ, വിയോഗമുതിർവ്യഥാഗ്ര-
ജ്വാലാകലാപമിവ ചേർന്നു ഭവാഗ്നിയാലേ
വേകുന്നു ഞാനനിശവും, തിരുമേനിയെങ്കൽ
ജ്ഞാനാംബുതൂകി ഭഗവൻ, കളകെൻെറ താപം!

9

Digitized By Kerala Sahitya Akademi

എല്ലായ്പ്പോഴും പെരിയമോഹതമസ്സു ചൂഴും
സംസാരവൻകുഴിയിൽ വീണു കിടക്കയാം ഞാൻ;
പേടിച്ചുരണ്ടുഴലുമെന്നെയിതിങ്കൽനിന്നു
നീതാൻ പിടിച്ചു കരയേറ്റുക, ദീനബന്ധോ!

ചൊൽവീല മറ്റൊരുവനെബ്ഭഗവൻ, ഭജിപ്പീ-
ലേറ്റ്പ്പീല, നിൻ ചരണമേ പണിയുന്നവൻ ഞാൻ;
പാലിക്കുകങ്ങു ശരണാഗതനാകുമെന്നെ;
പാപവ്രജങ്ങൾ മമ പാഞ്ഞൊഴിയട്ടെ മുററും.

Digitized By Kerala Sahitya Akademi

# 29. കാത്ത്യായനി

[മഹിഷാസുരമർദ്ദനത്തിനായി അവതരിച്ച ഭഗവതിയായ കാത്ത്യായനീദേവി, മഹിഷാസുരനെ പോരിന് വരുത്താനായി വിന്ധ്യപർവ്വതത്തിന്റെ ശിഖരത്തിൽ ചെന്നിരുന്നരുളുമ്പോൾ, മഹിഷന്റെ ദൂതന്മാരായ ചണ്ഡമുണ്ഡന്മാർ അത്ഭുതരൂപിണിയായ ദേവിയെക്കണ്ടിട്ട്, അസുരേന്ദ്രന്റെ അടുക്കേച്ചെന്ന വിവരം ധരിപ്പിക്കുന്നതാണിത്.]

(കിളിപ്പാട്ട്)

(൧) അയി, ദനുജവര, വെറുതെ മരുവീടുന്നതെന്തുവാ-
ണങ്ങെഴുന്നെള്ളുക; വിന്ധ്യനേക്കാൺക നാം;
അവിടെ(൨)യുരുതരമഹിമ തടവുമൊരു കന്യയു-
ണ്ടപ്സരഃസ്ത്രീകളെക്കാളും മനോഹരി
(൩)കരിമുകിലിനിടിവരുളുമവളുടയ കുന്തളം;
കണ്ണു മൂന്നുണ്ടു മൂന്നഗ്നിക്കുതുല്യമായ്.
(൪)കമനിയുടെ(൫)വദനമൊടു പനിമതിയടുത്തിടാ;
കണ്ഠമോ ശംഖിന്നു കുണ്ഠത നൽകിടും.
ചുണയൊടെതിർപടതുടരുമലഘുഗജകുംഭമായ്;-
(൬)ചൂചുകം താണുരുണ്ടുള്ള പോർകൊങ്കകൾ,
അതുകൾ, തവ സകലജയകുശലത നിനയ്ക്കയാ-
(൭)ലംഗജൻനിർമ്മിച്ച രണ്ടു ദുർഗ്ഗങ്ങൾ താൻ!

---

൧. അല്ലയോ അസുരരാജാവേ. ൨. ഏററവും വലിയ മാഹാത്മ്യം. ൩. കാർമേഘത്തിന് ഇടിവുവരുത്തുന്നതു്. ൪. സുന്ദരി. ൫. മുഖത്തോടു ചന്ദ്രൻ അടുക്കുകയില്ല. ൬. മുലക്കണ്ണു്. ൭. കാമദേവൻ നിർമ്മിച്ച രണ്ടു കോട്ടകൾ.

Digitized By Kerala Sahitya Akademi

(ഫ)പരിപ്പൃഥുലപരിഘസമവടിവൊടുവിളങ്ങുന്ന
പത്തുമെട്ടുംകൈകളായുധധാരികൾ
ചിതമൊ(വ)ടലർവിശിഖനയി, തവബലപരാക്രമം
ചിന്തിച്ചുതീർത്തുള്ള യന്ത്രങ്ങൾപോലവേ
(ന)രുരുസദൃശനയനയുടെ(ര)കൊടിനടുവലിത്രയ-
രോമാളികളൊത്തു ലാലസിക്കുന്നതേ;
(ഗ)ത്രിവലിയതു, തവ കയറുവതിനു രതിവല്ലഭൻ
തീർത്തസോപാനമാണെന്നു തോന്നും പ്രഭോ!
മഹിളയുടെമഹിതകുചയുഗളമൊടുചേർന്നതി-
മാത്രംവിളങ്ങുന്നതുണ്ടുരോമാവലി:
(ന്ന)പെരിയസുരകുലവിമത, കയറുമവളങ്ങയേ-
പ്പേടിച്ചുകാമൻെറ വേർപ്പൊഴുക്കാം വിധം.
(൧)പുരുഷജനനയനഹരമവളുടെ വലംപിരി-
പ്പൊക്കിൾവിളങ്ങുന്നിതേററം(വ്വ)ഗംഭീരമായ്:
സ്മയ(ൻ)മസമശരധരണിരമണനൊരുമുദ്രയാ-
സ്സൌന്ദര്യവീട്ടിനുവെച്ചതുപോലവേ.
അബലയുടെ(ഫം)വിപുലതരജഘനമരഞ്ഞാണണി-
ഞ്ഞാലസിക്കുന്നു(ഫഫ)നിലിമ്പവൈരിപ്രഭോ;
അതുമദനമന്നജപതിയുടെമതിൽചുഴന്നതാ-
യത്യന്തദുർഗ്ഗമാംകൊട്ടാരമാസ്ഥാം!

---

ഫ. ഏററവും തടിച്ചുരുണ്ട പരിഘത്തോടു തുല്യങ്ങാം. വ. കാമദേവൻ. ന. കൃഷ്ണമൃഗത്തിൻെറ കണ്ണുപോലെയുള്ള കണ്ണോടുകൂടിയ (സുന്ദരി) വൾ. ര. ഭംഗിയുള്ള മധ്യപ്രദേശം. ഗ. ഉദരോപരിഭാഗത്തു് വിലങ്ങനെയുള്ള മൂന്നു മടക്കുകൾ. ന്ന. അസുരകുലപ്രഭോ. ൧. പുരുഷന്മാരുടെ ദൃഷ്ടികളെ ആകർഷിക്കുന്നതു്. വ്വ. അഗാധം. ൻ. കാമദേവനാകുന്ന രാജാവു് ഫം. തടിച്ച നിതംബം. ഫഫ. ദേവശത്രു (അസുര) പ്രഭോ.

Digitized By Kerala Sahitya Akademi

(ഫ)രുചിരതനുവിനടെത്തുടയിണ പരിലസിക്കുന്നു
രോമമില്ലാതേയുരുണ്ടുമിനുത്തതായ്:
(ഫ)കമലശരനലിവിനൊടുജനതയുടെചാപ്പിനായ്
കല്പിച്ചതാം രണ്ടുദേശം കണക്കിനെ
മികവിയലുമുയരമൊട്ടുതരുണിയുടെ (ന)ജാനുപ്രദേശം
മിന്നുന്നി,തായവ തീർത്തിട്ടു(ര)താന്തനായ്
അളുകളുടെ മുകളി(ഖ)ലജനിരുകരതലം ശരി-
ക്കപ്പിച്ചിരിക്കാമളവുനോക്കീട്ടുവാൻ!
റെറിയുടയുമഹിഷ, പുനരവളുടെ കണങ്കഴൽ
നേക്കുരുണ്ടുള്ളൊന്നരോമശമുദ്ദാമം;
(ന്ദ)അഴകുകളെ നളിനഭവനലകിൽമുഴുവൻനട-
ന്നാരാഞ്ഞെടുത്തുതാൻതീർത്താനതാസ്ഥയിൽ!
(ൈ)നിയതമവളുടെയകഴലിണവിധിപണിപ്പെട്ടു
നിർമ്മിച്ചതാ(വ്വ)ണംബുജോദരസുപ്രഭം!
(ൻ)നലമുടയനഖര(ഫഠ)മണിനിര(ഫഫ)ഗഗനസീമാ
[വിൽ
നക്ഷത്രമാലപോലുജ്ജ്വലിക്കുന്നുതേ.

---

ഫ. ഏററവും മനോഹരമായ ദേഹത്തോടുകൂടിയവൾ (സുന്ദരി). ഫ. കാമദേവൻ. ന. കാൽമുട്ടുകൾ. ര. തളന്നവൻ. ഖ. ബ്രഹ്മാവു്. ന്ദ. ബ്രഹ്മാവു ലോകത്തിലുള്ള സകല സൌന്ദര്യങ്ങളും ചേർത്തുണ്ടാക്കിയതാണ്. ൈ. തീർച്ചയായും. വ്വ. താമരപ്പൂവിൻെറ അന്തർഭാഗത്തെപ്പോലെ ശോഭയുള്ളതു്. ൻ. നന്മയുള്ള. ഫഠ. രത്നങ്ങളേപ്പോലെയുള്ള നഖങ്ങളുടെ പങ്ക്തി. ഫഫ. ആകാശത്തിൽ. ഈ കവിതയിലെ ഉൽപ്രേക്ഷാലങ്കാരങ്ങൾ രസികജനരസായനങ്ങളായിട്ടുള്ളവയാണ്. കാൽമൊട്ടുകളുടെ ഉപരിഭാഗങ്ങളുടെ വടിവും ചന്തവും വെളിപ്പെടുത്തുന്നതിനായി പ്രയോഗിച്ചിരിക്കുന്ന, "അളുകളുടെ മുകളിലജനിരുകരതലംശരിക്കപ്പിച്ചിരിക്കാമളവുനോക്കീട്ടുവാൻ" എന്ന ഉൽപ്രേക്ഷയുടെ രസികത്വം നോക്കുക.

Digitized By Kerala Sahitya Akademi

# 30. സരസ്വതീസ്തോത്രം

[മാർക്കണ്ഡേയമഹർഷിചൊല്ലിയ പുണ്യമായ സരസ്വതീസ്തോത്രമാണിതു്].

(കിളിപ്പാട്ട്)

സകലലോകാംബനീ, ദേവി, നീ (൧)വേദാരണി;
(൨)സദസദ്രൂപേ, (൩)മുക്തിബോധത്തിൻ സ്വപദമേ,
അബ്ധിയിൽ ജലംപോലേ നിങ്കൽത്താനിരിക്കുന്നി-
(൪)തക്ഷരപരബ്രഹ്മ(൫)മക്ഷരഭുവനവും.
മരത്തിൽ ചെന്തീപോലേ മന്നിങ്കൽ ഗന്ധംപോലേ-
യിരിപ്പൂ നിങ്കൽ ബ്രഹ്മം നിശ്ശേഷം ജഗത്തിലും.
ആസ്പദം ദേവി, ചരാചരങ്ങൾക്കോ(൬)ങ്കാരമാ-
ണായതിൻ(൭)മാത്രാത്രയം സർവമാം സദസത്തും,
മുപ്പാരു,(൮)മൂവേദങ്ങൾ,(൯)മൂവിദ്യ,(൰)മൂന്നഗ്നികൾ,
(൰൧)മൂന്നു തേജസ്സും, (൰൨)ധർമ്മമുഖ്യമാം വർഗ്ഗംമൂന്നും,
(൰൩)മുഗ്ഗുണം,(൰൪)മൂവർണ്ണങ്ങൾ, (൰൫)മുദ്ദേവർ,
[മുപ്പിതൃക്കൾ,

---

൧. വേദങ്ങളുടെ ഉൽപ്പത്തിസ്ഥാനം (വേദപ്രകാശിനി). ൨. വ്യാവഹാരികദശയിൽ (സ്ഥൂലദൃഷ്ട്യാമാത്രം ഉള്ളതും, പാരമാർത്ഥികദശയിൽ (സൂക്ഷ്മദൃഷ്ട്യാ) ഇല്ലാത്തതുമായ രൂപത്തോടുകൂടിയവൾ. ൩. മോക്ഷജ്ഞാനത്തിൻ സ്ഥാനമേ. ൪. നാദബ്രഹ്മം. ൫. (വിദ്യ നാശരഹിതമായ ലോകം) ൬. ഓങ്കാരം. അ—ഉ—അമ് എന്നീ വർണ്ണങ്ങൾ കലർന്ന സ്ഫോടാത്മകമായ പ്രണവവുമാകുന്നു. ൭. മൂന്നു മാത്രകൾ (കേവലാംശങ്ങൾ). ൮. ഋക്ക്, യജുസ്സ്, സാമം. ൯. വേദം, ശാസ്ത്രം, തന്ത്രം. ൰. ദക്ഷിണാഗ്നി, ഗാർഹപത്യം, ആഹവനീയം. ൰൧. സൂര്യചന്ദ്രാഗ്നികൾ. ൰൨. ധർമ്മപ്രധാനമായിട്ടുള്ള മൂന്നു പുരുഷാർത്ഥങ്ങൾ. ൰൩. സത്വം, രജസ്സ്, തമസ്സ്. ൰൪. അ, ഇ, ഉ. ൰൫. ഹരിഹരവിരിഞ്ചന്മാർ.

Digitized By Kerala Sahitya Akademi

(൧)മുദ്ദോഷം, മൂന്നവസ്ഥാ,യണിമാദികൾ മൂന്നും
(൨)ഇമ്മൂന്നാത്രകളല്ലോ ത്വദ്രൂപംസരസ്വതി?
(൩)ബ്രഹ്മത്തിന്നാദിമങ്ങൾ,വിഭിന്നദർശനങ്ങൾ
നിത്യങ്ങളവദേവി, ത്വദുച്ചാരണാൽബ്രഹ്മ-
വിത്തുക്കൾസോമഹവി:പാകസ്ഥങ്ങളാക്കുന്നു.
(൪)അർദ്ധമാത്രയിൽനിൽക്കും പരമാം രൂപംദിവ്യ-
മക്ഷയം, പരിണാമവർജ്ജിതമവിക്രിയം
ഇന്നമട്ടെന്നോതാവല്ലെനിക്കും മററാക്കും നാ-
വണ്ണാക്കചുണ്ടിത്യാദികൾ കൊണ്ടതുചൊൽവാൻ വയ്യാ.
വിഷ്ണുശങ്കരബ്രഹ്മചന്ദ്രാർക്കജ്യോതിർമ്മയം
വിശ്വമന്ദിരം, വിശ്വരൂപകം, മഹൈശ്വര്യം,
(൫)വേദസാംഖ്യോക്തം; പലശാഖയാൽ സ്ഥിരീകൃത-
മാദിമദ്ധ്യാന്തഹീനം, സദസദ്രൂപംസദാ,
ഭാവഭേദത്താലനേകത്വമേൽക്കിലുമേകം,
കേവലംഷഡ്ഗുണാഖ്യ,മനാഖ്യ മനേകാഖ്യം,
വിവിധശക്ത്യഭിജ്ഞം, വിവിധശക്ത്യുത്ഭവം,
ത്രിഗുണാധാരം, സദ്വൈതാത്മകം, സുഖാൽസുഖം,
സുമഹാസൌഖ്യം, തവരൂപ; മീവിധംദേവി,
അംദ്വൈതസ്ഥമാം ബ്രഹ്മം ദ്വൈതത്തിലിരിപ്പതും
നിത്യവുമനിത്യവും സ്ഥൂലവും സൂക്ഷ്മങ്ങളും,

---

൧. വാതം, പിത്തം, കഫം. ൨. ഇപ്പറഞ്ഞവയുടെ കേവലാംശങ്ങളാണ് സരസ്വതിയുടെ സ്വരൂപമെന്നു പറയുന്നു. സരസ്വതി സ്ഫോടരൂപിണിയാണെന്നുള്ളതിൻെറ വിവരമാണിത്. ൩, ബ്രഹ്മത്തിൻെറ ആദ്യപ്രകടനങ്ങൾ. ൪. കേവലാവസ്ഥയിൽ സ്ഥിതിചെയ്യുന്നതും മാററങ്ങൾ ഇല്ലാത്തതും മറവായ ദേവീസ്വരൂപം അവർണ്ണനീയമെന്നു താൽപര്യം. ൫, വേദങ്ങളിലും; സാംഖ്യദർശനത്തിലും പറയപ്പെട്ടതു്.

Digitized By Kerala Sahitya Akademi

മന്നിലുംവാനത്തും മററിടത്തുമിരിപ്പതു-
മെന്നിവയെല്ലാം നീതാൻ ദൃശ്യമാമൊരാശ്രയം!
മൂർത്തമെന്തമൂർത്തമെന്തെന്തു ഭൂതത്തിൻകമ്മം
പേർത്തെന്തു വേദത്തിലും മറെറഴുത്തിലുമുള്ള;
ആയതൊക്കെയും വ്യഞ്ജനാക്ഷരങ്ങളാൽ ബദ്ധ-
മായ താവകരൂപംതാനല്ലോ സരസ്വതി!

[ഈ സ്തോത്രം, നാദബ്രഹ്മാത്മികയായ വാഗ്ദേവിയാണു ചരാചരാത്മകമായ ഈ വിശ്വമായി പരിണമിച്ചിരിക്കുന്നതെന്നും, ഉപാദാനകാരണമായും ഉപാധികാരണമായും ഇരുന്ന് നാദത്താൽ വിശ്വത്തേ അഭിവ്യക്തമാക്കിയിരിക്കുന്ന മഹാശക്തിയാണ് ദേവി എന്നും, മററുമുള്ള പരമതത്വങ്ങളേ പ്രതിപാദിക്കുന്നതാണ്.]

# 31. ഗന്ധർവ്വകന്യകമാർ

(പ്രമോഹിനി, സുശീല, സുസ്വര, ചന്ദ്രിക, സുതാര എന്നീ സുന്ദരീരത്നങ്ങളായ അഞ്ചു ഗന്ധർവ്വകന്യകന്മാർ ഒരിക്കൽ അച്ഛോദസരസ്സിൽ സ്നാനത്തിനു ചെല്ലുകയും, അവിടെവച്ച് വേദനിധി മഹർഷിയുടെ സീമന്തപുത്രനും, കാമകോമളരൂപനുമായ മുനികുമാരനേക്കണ്ടു മോഹിതകളായിത്തീരുകയും മന്മഥപീഡയാൽ മുനികുമാരനോടു പ്രണയപ്രാർത്ഥനചെയ്തപ്പോൾ അദ്ദേഹം വിസമ്മതിക്കയാൽ അദ്ദേഹത്തേ ബലാൽഗ്രഹിക്കുകയും പരസ്പരം ശപിക്കയാൽ പിശാചുക്കളായിത്തീരുകയും ചെയ്യുന്നതായി പത്മപുരാണത്തിൽ വർണ്ണിക്കുന്ന കഥയിൽ ഉള്ളതാണ് ഈ കവിത.)

Digitized By Kerala Sahitya Akademi

(കിളിപ്പാട്ട്)

ചന്ദ്രങ്കൽനിന്നു പൊഴിഞ്ഞ നിലാവുക—
ളെന്നപോലുജ്ജ്വലഗാത്രിമാരെവരും.
(൧)ചന്ദ്രബിംബാസ്യമാർ(൨)ചാരുകബരികൾ
(൩)ചന്ദ്രകാന്താഭരണങ്ങളണിഞ്ഞവർ.
ലാവണ്യരാശികൾപോലെ മനോജ്ഞമാ-
(൪)രമ്യസ്വരൂപമാർ(൫)വാനവന്മാർകളിൽ
ആവോളം വിളയാടിനാർ തൂവെണ്ണി
ലാവുകളാമ്പലപ്പൂക്കളിൽപ്പോലവേ-
(൬)ഉല്ലളദ്യൗവനമാരവർ(൭)നൂതന-
പല്ലവമേന്തിയ വല്ലികൾ പോലെയായ്;
ഒട്ടൊട്ടുയന്നു, വസന്തത്തിൽ നന്മലർ-
മൊട്ടുകൾ പോലവർ തന്നിളംകൊങ്കകൾ-
പൊന്നിൻനിറം പൂണ്ട തന്വംഗിമാരവർ
പൊന്നൊളിച്ചമ്പകമാലകൾ ചാർത്തിയും,
പൊന്നിൻകസവിട്ട പട്ടുടുത്തും, തനി-
പ്പൊന്നായമെയ്ക്കോപ്പണിഞ്ഞും വിളങ്ങിനാർ.
പാട്ടാട്ടമോടക്കുഴലൊത്തു(൮)വല്ലകി-
മീട്ടൽമൃദംഗാദി വാദ്യതാളക്രമം
ചിത്രമെഴത്തന്നതൊട്ട കലകളി-

൧. ചന്ദ്രതുല്യമായ മുഖത്തോടുകൂടിയവർ. ൨. മനോഹരമായ തലമുടിയുള്ളവർ. ൩. ചന്ദ്രനെപ്പോലെ തിളങ്ങുന്ന ആഭരണങ്ങൾ. ൪. സുന്ദരിമാർ. ൫. ദേവന്മാരുടെ ഇടയിൽ. ൬. ഉദിച്ചുയരുന്ന യൌവനത്തോടുകൂടിയവർ. ൭. പുതുതളിരുകൾ പൂണ്ട വള്ളികൾ. ൮. വീണയുടെ മീട്ടൽ.



Digitized By Kerala Sahitya Akademi

ലെത്രയും(ഫ)കൌശല്യമേറുമക്കന്യമാർ
മാതാപിതൃപരിലാളിതമാരായി
മോദിച്ചുകേളിച്ചുവാണാരളകയിൽ.
വാസന്തകാലത്തൊരുനാളി(വ)ലദ്ദിവ്യ-
ഭാസമാനാംഗിമാരൈവരുമൊത്തുതാൻ
മന്ദിയാതേതാരോ വനാന്തരമുൾപ്പുക്കു
മന്ദാരപുഷ്പങ്ങൾ ശേഖരിച്ചാസ്ഥയാ
(മ)അച്യുതസോദരിക്കർച്ചനം ചെയ്യുവാ-
നച്ഛോദമെന്ന സരസ്സിങ്കലെത്തിനാർ
പൊന്താമരകളുമുല്പലച്ചാർത്തുമാ-
പ്പൊയ്കയിൽനിന്നു പറിച്ചേന്തി വീണ്ടുമേ,
ശുദ്ധസ്ഫടികവൈഡൂര്യപ്പടവുക-
ളൊത്തകടവിൽ കുളിയുംകഴിച്ചവർ
മണ്ണുകൊണ്ടമ്പികാവിഗ്രഹം തീർത്തതിൽ
സ്വർണ്ണമുക്താമണിഭൂഷകൾ ചാർത്തിനാർ;
കുങ്കുമചന്ദനഗന്ധങ്ങൾ പൂശിച്ചു
പങ്കജാദ്യങ്ങളാൽ പൂജനടത്തിനാർ;
(ർ)നാനാവിധോപഹാരങ്ങൾ നിവേദിച്ചു
മാനസഭക്തിയാൽ(൫)നർത്തനമാടിനാർ;
(ന്ന)ഭാവധ്വനിഗതിമൂർച്ഛനായുക്തങ്ങൾ
(൧)പാവനഗാനങ്ങൾ ഭംഗിയിൽ പാടിനാർ

---

ഫ. സാമർത്ഥ്യം. വ. ദിവ്യവും ശോഭനവുമായ ദേഹത്തോടുകൂടിയവർ. മ. കാർത്ത്യായനീദേവി (ദുർഗ്ഗാ). ർ. പലതരം മധുരഫലോപഹാരങ്ങൾ. ൫. നൃത്തംവെച്ചു. ന്ന. സ്വരത്തിന്റെ ഭാവം (വികാരസ്ഫുരണം) ധ്വനി, (നാദം) ഗതി, മൂർഛന (ആരോഹാവരോഹാക്രമങ്ങൾ) എന്നിവ ശരിക്കുള്ളവ. ൧. പരിശുദ്ധങ്ങളായ പാട്ടുകൾ.

Digitized By Kerala Sahitya Akademi

[തത്സമയം സ്നാനത്തിനായി അവിടെവന്ന മഹർഷികുമാരനേകണ്ട് മോഹിതകളായി അത്ഭുതസംഭ്രമങ്ങളോടേ അദ്ദേഹത്തിൻെറ രൂപാമൃതത്തെ നേത്രാഞ്ജലികൾകൊണ്ടു നുകൎന്ന്, വല്ലാതേ മദനപീഡിതകളായിത്തീൎന്ന ഗന്ധർവ്വകന്യമാർ അന്യേപേതരം അന്യോന്യം ഇങ്ങിനെ അഭിപ്രായപ്പെട്ടു.]

(കണ്ണപർവ്വരീതി)

**ഇതു(ഫ)മദനനായിരിക്കുമോ? പരക്ഷ,**

**രതിദേവിയൊടു പിരിയുമോ സ്മരൻ?**

**(വ)സുരലോകഭിഷക്കുകളാകാമവ-**

**രിരുവരുമൊത്തേ നടക്കുമാറുള്ളൂ.**

**സുരസിദ്ധഷികിന്നരഗന്ധർവ്വരി-**

**ലൊരുവനോസൌമ്യനിവൻ നരേന്ദ്രനോ?**

**(ന)വിധിയാൽ നമ്മൾക്കായ് രചിതനോ ഇവൻ?**

**നിധി(ര)ധന്യക്കു മുൻസുകൃതത്താൽപ്പോലേ!**

**കരുണയിൽമുങ്ങി(ഒ)ഗ്ഗിരിജനമ്മൾക്കായ്**

**വരുത്തിയ (ന്ന)വരോത്തമനാകാമിവൻ.**

# 32. ഒരു ധൎമ്മപത്നി.

[സദ്വൃത്തനും ഭക്തനുമായ കൃകവൻ എന്ന വൈശ്യവണിക്ക്, തീർത്ഥാടനത്തിനു പുറപ്പെട്ടപ്പോൾ സഹധൎമ്മചാരിണിയും സുന്ദരിയുമായ അദ്ദേഹത്തിൻെറ പത്നി സുകല എന്ന സാദ്ധ്വി

ഫ. കാമദേവൻ. വ. അശ്വിനീദേവന്മാർ. ന. ബ്രഹ്മാവിനാൽ നമ്മൾക്കായി സൃഷ്ടിക്കപ്പെട്ടവനോ? ര. ഭാഗ്യവാന്മാർ. ഒ. ദുർഗ്ഗാദേവി ന്ന. ഉത്തമമർത്താവ്.

Digitized By Kerala Sahitya Akademi

ഭർത്താവിനോടുകൂടി തീർത്ഥയാത്രയ്ക്കു തന്നെയും കൊണ്ടുപോകുവാൻ അപേക്ഷിച്ചതിനാൽ ഇതികർത്തവ്യതാമൂഢനായിട്ടു വിചാരിക്കുകയാണ്.]

(ശ്ലോകങ്ങൾ)

ഇവൾകൂടെവരുന്നതാകിൽ, (ഫ)മാ-
ലിയലും (വ)ദുർഗ്ഗപഥങ്ങൾതോറുമേ
കുളിർ, ചൂടി, വമൃലമാകുവ-
പ്പെട്ടുമല്ലോ (ന)മലർമെയ്യിതത്രയും!
(ര)അരവിന്ദദളത്തിനൊക്കമീ
(ഒ)വരവർണ്ണം കലരും(ന്ന)കളേബരം
ഒളികെട്ടുകറുത്തിരുണ്ടുപോം
കുളിർക്കൂട്ടം കൊടുതായ കാററിനാൽ.
വഴിയിൽ (ാ)കഠിനോപലങ്ങൾ കൊ-
ണ്ടിവൾതൻ കോമളമാം പദദ്വയം
കൊട്ടുവേദനയേൽക്കുകില്ലയോ
നടകൊൾവാനരുതാതെയാം വിധം?
ഇവളേതൊരു മട്ടിലായ് വരും
പശിയും ദാഹവുമാക്രമിക്കവേ,
(വ്യ)സുഭഗാനന സുന്ദരാംഗിയാ-
ളിവൾമെ താങ്ങിവൾ (ൻ)ധർമ്മസംശ്രയ!

---

ഫ. ദുഃഖം (ക്ലേശം) ഉള്ള. വ. നടപ്പാൻ വയ്യാത്ത വഴികൾ. ന. പൂവുപോലെ മൃദുലം. ര. താമരത്താരിതൾ. ഒ. നല്ല നിറം. ന്ന. ദേഹം. ാ. പരുത്ത കല്ലുകൾ. വ്യ. മനോഹരമായ മുഖത്തോടുകൂടിയവൾ. ൻ ധർമ്മത്തിനാശ്രയം.

Digitized By Kerala Sahitya Akademi

ഇവളെന്നുമെനിക്കു ജീവിത-
പ്രിയ, ധമ്മത്തിനു താങ്ങുമിങ്ങിവൾ!
ഹഹ! കഷ്ടമിവൾക്കപായമേ-
ല്ക്കുകിലിന്നെൻ കഥയും കഴിഞ്ഞുപോം!
ഇവൾതാനുലകിൽപ്പൊരുപ്പെനി-
ക്കിവൾതാൻ മാമകജീവിതേശ്വരി!
ഇവളുണ്ട്വത! കൊണ്ടുപോകവ-
(ക)ളധുനാ ഞാൻ തനയേ ഗമിക്കുവൻ.

# 33. വിഷ്ണുസ്തവം

[ഗജേന്ദ്രമോക്ഷം എന്ന കഥയിൽ ഗ്രാഹഗ്രസ്തനായ ഗജേന്ദ്രൻ (അഗസ്ത്യശാപത്താൽ ഗജരൂപംപൂണ്ട ഇന്ദ്രദ്യുമ്നരാജാവു്) ഗ്രാഹത്തിൻെറ ഗ്രഹണത്തിൽനിന്നു മോചനം ലഭിക്കുന്നതിനായി, ഏകാഗ്രചിത്തതയോടെ തുമ്പിക്കൈകൊണ്ടു് പൊന്താമരപ്പൂക്കൾ പറിച്ചു ആദിദേവനായ വിഷ്ണുഭഗവാനെ ആരാധിച്ചു സ്തുതിക്കുന്നു.]

(പാന)

ഓം(വ)നമോസ്തുതേ ദേവ പാരം മിക
വാന്ന മൂലപ്രകൃതേ, നിരാശ്രയ,
നിസ്പൃഹാജിതാവ്യക്ത, വിശേഷശ,
നിഷ്കളാദിത്യ ചന്ദ്രതേജോമയ!

ക. ഇപ്പോൾ. വ. അങ്ങയ്ക്കു നമസ്കാരം ഭവിക്കട്ടെ.

Digitized By Kerala Sahitya Akademi

ഗുഹ്യ, ഗൂഢ, (൧)ഗുണമേ ഗുണസ്ഥിത,
നിസ്തുലാപ്രത(൨)ർക്ക്യാമേയ കൈതൊഴാം.
ശാന്താ, നിശ്ചിന്താ, കീർത്തിശാലിൻ, ശവ,
ശാശ്വത തൊഴാം പൂർവ്വ പുരാണനേ!
നിർഗ്ഗുണ, ഗുണാത്മാവേ, ജഗത്തുകൾ-
ക്കൊക്കെയ്യുന്നായ ഗോവിന്ദ കൈതൊഴാം
സാരസനാഭ, സാംഖ്യയോഗോദ്ഭവ,
പാരിനീശ്വര, വിഷ്ണോ തൊഴാം തൊഴാം!
കൈവണങ്ങാമഗുണ, ഗുണാത്മാവേ,
ദേവ, വിശ്വ, ചിദ്രൂപ, നാരായണ!
ത്രിവിക്രമ, കാരണ, വാമന,
പുരുഷോത്തമ, കൈതൊഴാം കൈതൊഴാം!
ചക്രശാർങ്ഗകൃപാണഗദകളേ-
ത്തൃക്കരങ്ങളിലേന്തും ഹരേ തൊഴാം!
(൩)മാമറപ്പൊരുൾക്കാമ്പേ, (൪)മഹോരഗ-
ഭീമശക്രാജചാരണർഷിസ്തുത,
ദൈത്യമാഥിൻ, നൃസിംഹ, ചതുർഭുജ,
പേർത്തുമച്യുത, സർവ്വമൂർത്തേ, തൊഴാം!
പാ,ലരിപ്പൊന്നു, പച്ചക്കിളി, മുകിൽ-
മാലനേർ നിറംപൂണ്ട മനോജ്ഞനേ!

൧. ഭഗവാൻതന്നെ സത്വരജസ്തമസ്സുകളാകുന്ന ഗുണത്രയവും, ആ ഗുണങ്ങളിൽ ഇരുന്നു സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്ന ആളും എന്നു താൽപര്യം. ൨. ഊഹാഗോചരനല്ലാത്തവൻ. ൩. വേദാർത്ഥസാരൻ. ൪. ആദിശേഷനാലും ശിവനാലും, ഇന്ദ്രനാലും, ബ്രഹ്മാവിനാലും, ചാരണദേവന്മാരാലും, ഋഷികളാലും സ്തുതിക്കപ്പെട്ടവൻ.

Digitized By Kerala Sahitya Akademi

കൈതൊഴാമുററതമ്പുരാനേ, മധു-
കൈടഭാന്തക, (൧)വിശ്വാദിമാക്ഷര,
നാന്മുഖൻ വാണ നാഭിപത്മത്തൊടും
മേന്മയുള്ള പൊൻതോൾവളച്ചാർത്തൊടും
പാൽക്കടലിങ്കൽ വാഴും പുരാതന,
ശ്ലാഘ്യനാം വരദായിൻ, തൊഴാം തൊഴാം!
ഭക്തവത്സല, (൨)ദീപ്രസുദർശന,
ശക്തിയാൽ ശക്രനല്ലൽകെടുപ്പോനേ!
ഫുല്ലപത്മായതാക്ഷ, യോഗേശ്വര,
നല്ലൊരുവരദായിൻ തൊഴാം തൊഴാം!
(൩)ദേവതായന, (൪)ബ്രഹ്മപരായണ,
(൫)വിഷ്ടപായന, (൬)സ്വാത്മഹിതായന,
(൭)ആത്മഭാസനനായ നാരായണ,
ശ്രീവരാഹസ്വരൂപ, തൊഴാം തൊഴാം!
(൮)പാരറുതിയിൽശ്ശേഷിക്കുമാദിമ-
കാരണം, പുരാപൂരുഷ, നവ്യക്തൻ
ഭാവനാതീത, നാഭിദേവൻ, വിഭു,
ദേവദേവനെനിക്കുറെറാരാശ്രയം!
സ്വപ്രഭവൻ, പ്രകൃതിക്കുമീതെയായ്
നില്പവൻ, യോഗനായകൻ ക്ഷേത്രജ്ഞൻ,
അവ്യയനനാലോച്യ, നനാലോക്യ

---

൧. ഓങ്കാരരൂപൻ. ൨. ശോഭിക്കുന്ന സുദർശനത്തോടുകൂടിയവൻ. ൩. ദേവതകളുടെ നിവാസസ്ഥാനമായിട്ടുള്ളവൻ. ൪. വേദപ്രിയൻ. ൫. ലോകമാകുന്ന നിവാസസ്ഥാനത്തോടുകൂടിയവൻ. ൬. ആത്മജ്ഞാനി. ൭. സ്വയംപ്രകാശൻ. ൮. ലോകാവസാനത്തിൽ ശേഷിക്കുന്ന ആദ്യതത്വം.

Digitized By Kerala Sahitya Akademi

സർവ്വകാരണം ശാശ്വതമവ്യക്തം
ബ്രഹ്മമെന്നിഹ ബ്രഹ്മർഷിമാർ ചൊല്ലു-
മമ്മഹാതത്വമൊന്നെനിക്കാശ്രയം!
ആരെ(ഫ)യക്ഷരബ്രഹ്മമെന്നോതുന്നി-
താരേ(വ)ക്കേൾക്കകിൽ മൃത്യുവൊഴിഞ്ഞുപോം;
സാരസൽഗുണപൂർണ്ണനാമംബുജാൻ
സാരസാക്ഷനെനിക്കുറെറാരാശ്രയം!
പത്മനാഭൻ, (ന)ഹിരണ്യഗർഭൻ, (ര)കൃപാ-
സത്മ(ഭ)മുമ്പരിൽ മുമ്പൻ ജനാർദ്ദനൻ
(ന്ത)കാരണകർമ്മകർത്തൃഭൃതൻ, ബലോ-
ദാരനച്യുതൻനീയെനിക്കാശ്രയം!
ആ വരേണ്യനാം ശ്രീവത്സലാഞ്ഛനൻ,
മൂവുലകിനുനാഥൻ ത്രിവിക്രമൻ,
യോഗമൂർത്തി മഹാത്മാവൊരാശ്രയ—
മാക മേ ശിവൻ (ഠ)ബ്രാഹ്മണവല്ലഭൻ
(വ്യ)വ്യക്തനവ്യക്ത(ൻ)നാദിദേവ(ഫ൦)നജ—
നെത്രയും സൂക്ഷ്മരൂപി നാരായണൻ,
കേവലാത്മക(ഫഫ)നക്ഷരൻ നിഷ്കളൻ

---

ഫ. നാദബ്രഹ്മം. വ. ആരുടെ പൂതനാമം ശ്രവിക്കുകിൽ. ന. ലോകം തങ്കൽ ഒതുക്കുന്നവൻ. ര കൃപാനിധി. ഭ. ദേവന്മാരിൽ ശ്രേഷ്ഠൻ. ന്ത. കാരണവും കർത്താ (ചെയ്യുന്നവൻ)വും, കർമ്മവും ആയിട്ടുള്ളവൻ. ഠ. ബ്രഹ്മജ്ഞാനികൾക്കു പ്രിയൻ. വ്യ. ലോകരൂപത്തിൽ വ്യക്തനായിട്ടുള്ളവൻ. ൻ. സ്വാതന്ത്ര്യമിയായ മഹാശക്തി എന്ന നിലയിൽ അതത്വവേദികൾക്കു് അദൃശ്യനായിട്ടുള്ളവൻ. ഫ൦. ജന്മമില്ലാത്തവൻ. ഫഫ. നാശരഹിതൻ—ഈ സ്തോത്രം ജ്ഞാനികൾക്കും ഭക്തന്മാർക്കും ഒരുപോലെ ഉപയോഗമുള്ളതാണു്.

Digitized By Kerala Sahitya Akademi

ദേവദേവേശനിങ്ങെനിക്കാശ്രയം!
ഏകലോകപ്പൊരുളേ പരാൽപര,
ശ്രീകമലാക്ഷ ഭയ്താഭയപ്രദ,
ആശ്രിതനാകുമെന്നെരക്ഷിച്ചരുൾ-
കായിരംതല ചേരുമനന്തനീ!
നീയൊരാശ്രയം ബ്രഹ്മാദികൾക്കുമെ—
ന്നായുരയ്ക്കുന്നു സർവ്വമുനീന്ദ്രരും.

# 6. സുനീഥ

[യമപുത്രിയായ സുനീഥ എന്ന യുവതി, ഗന്ധർവ്വയുവാവായ സുശംഖനാൽ ദുഷ്പുത്രലബ്ധിയുണ്ടാവട്ടെ എന്നു ശപിക്കപ്പെട്ടതിനാൽ ആ ശാപത്തിന്റെ ഫലം അനുഭവിക്കാതെയിരിക്കുന്നതിനു വേണ്ടി, വിഷ്ണുപ്രസാദത്താൽ സൽപുത്രലാഭവരം കിട്ടിയിരുന്ന അംഗൻ എന്ന അതിയോഗ്യനായ വിപ്രവര്യനെ ഭർത്താവാക്കിത്തീർക്കുവാൻ രംഭയുടെ സഹായത്തോടുകൂടി ശ്രമിക്കുന്ന ഘട്ടത്തിലുള്ള പദ്യങ്ങളാണ് താഴെ ഉദ്ധരിക്കുന്നത്.]

(കിളിപ്പാട്ട്-കളകാഞ്ചി)

(ഫ)മധുരതരതരുണദശ തടവിന സുനീഥയോ
മായയാൽ ദിവ്യസ്വരൂപയായ്ത്തീർന്നുടൻ
മിന്നുസമെഴു(റ)മസിതരുചി സുവസനമെടുത്തുടു-
ത്തിന്നും റവുക്കയിട്ടുശ്രൃംഗാരയായ്

ഫ. ഏററവും മനോഹരമായ യൌവനം. റ. കറുത്തനിറമുള്ള പട്ടുവസ്ത്രം.



Digitized By Kerala Sahitya Akademi

ഏതിരകലുമുടലഴകിലുലകുകൾ മയങ്ങുമാ—
റിഷ്ടസഖീജനമൊത്തു വിളങ്ങിനാൾ.
(ഫ)ചടുലസുമസുരവിടപിവിവിധമണിധാതുക്കൾ,
ചന്ദനാശോകത്തണൽപ്പരപ്പ്,ങ്ങിനേ
(ബ)ഗതകലുഷശുഭഗുഹകളിവചുഴലു(ഭ)മപ്സരോ
ഗന്ധർവ്വമേളിത മേരു ശൃംഗാന്തരേ
(മ)മൃദുഹസിതമുഖമനഘനിനദമൊടുവീണയും
മീട്ടി യൂഞ്ഞാലിലിരുന്നവൾപാടിനാൾ.

## 9. ഇവളാര്?

[കുബേരന്റെ ഭൃത്യനായ ഗോഭിലൻ എന്ന അസുരൻ, യാദവരാജാവായ ഉഗ്രസേനന്റെ പത്നിയായ പത്മാവതി എന്ന സർവ്വാംഗസുന്ദരിയേ കണ്ടിട്ട് വിസ്മിതനായി വിതർക്കിക്കുന്നതു്.]

(ശ്ലോകങ്ങൾ)

“ഇവളാ(യ)രലർബാണകാന്തയോ
(ര)മലർമാതോ,(ല)ശചിയോ,(വ)മൃഡാനിയോ?
ഇതുപോലതിയായ മെച്ചമൊ-
ത്തിഹ രണ്ടാമതൊരുത്തിയില്ലതാൻ!

---

ഫ. ശോഭനങ്ങളായ പുഷ്പങ്ങളോടുകൂടിയ വൃക്ഷങ്ങളും, പലതരം രത്നങ്ങളും, ധാതുദ്രവ്യങ്ങളും. ബ. മാലിന്യമററ നല്ല ഗുഹകൾ. ഭ. അപ്സരസ്സുകളും ഗന്ധർവ്വന്മാരും വിളയാടുന്ന മഹാമേരുവിന്റെ കൊടുമുടിയുടെ മദ്ധ്യത്തിൽ. മ. മന്ദഹാസത്തോടും മധുരമായ സ്വരത്തോടുംകൂടി. യ. കാമദേവന്റെ ഭാര്യയായ രതിയോ? ര. ലക്ഷ്മീദേവി. ല. ഇന്ദ്രാണി. വ. പാർവ്വതി.

Digitized By Kerala Sahitya Akademi

സ്ഫുടരൂപലസൽ ഗുണങ്ങളാ-
(൧)ളുഡുമദ്ധ്യേ മിഴതിങ്കൾപോലെയും
വിലസുന്നു സുമന്ദഹാസയാൾ
(൨)നളിനച്ഛാത്തിൽ(൩)മരാളിപോലെയും;

ഹഹ!ശോഭനരൂപസൌഭഗം!
ഹഹ!തെല്ലല്ല വിലാസഭംഗികൾ!
കളിർകൊങ്കയുരുണ്ടുയന്ന പെൺ-
കൊടിയാളാരുടെയാസ്സരാമിവൾ?

(ചെറുശ്ശേരിരീതി)

ആരാണീനിൽക്കുന്ന സുന്ദരി, ലാവണ്യ-
പൂരത്താൽ പാരിടം മിന്നിക്കുന്നോൾ?
നൂതനമാകും(൪)വിലാസശതങ്ങളാൽ
ചേതസ്സു തീരേ മയക്കിക്കൊണ്ടു
മന്മഥലീലയിലാശ വളത്തുന്നു
നന്മധുരാംഗിയിപ്പെൺമണിയാൾ
കാമവിമോഹത്താലിത്തരം ചിന്തിച്ചു
കാലപ്രചോദിതനായ ദൈത്യൻ.

# 11. വീരമണിപുരം

[ശിവഭക്തനും ശിവസംരക്ഷിതനുമായ വീരമണിഎന്ന രാജാ വിന്റ് ശിവപ്രസാദത്താൽ ലബ്ധമായതും ശിവപ്രഭാവത്താൽ

൧. നക്ഷത്രങ്ങളുടെ മദ്ധ്യത്തിൽ. ൨. താമരപ്പൂക്കളുടെ ഇടയിൽ ൩. അരയന്നപ്പെട. ൪. ബഹുവിധങ്ങളായ ശൃംഗാരചേഷ്ടികൾ.

Digitized By Kerala Sahitya Akademi

നിർമ്മിക്കപ്പെട്ടതും ആയ ദേവപുരം എന്ന നഗരത്തിൽ, അശ്വമേധ മഹായാഗം ദീക്ഷിച്ചുകൊണ്ടിരുന്ന ശ്രീരാമന്റെ യാഗക്ഷതിരയും, അശ്വരക്ഷകന്മാരായി അയയ്ക്കപ്പെട്ട ശത്രുഘ്നൻ, ഹനുമാൻ മുതലായ യുദ്ധവീരന്മാരും പ്രവേശിക്കുന്ന ഘട്ടത്തിലുള്ള പുരവർണ്ണനമാണിത്.]

(ശ്ലോകങ്ങൾ)

(ഫ)വീണാമൃദംഗരവഘോഷമൊടും(വ)വിമുക്ത-
(ന)മാവജ്ഞ(ര)ദേവ കൃതദേവപുരത്തിലെത്തി,
ഗേഹങ്ങളുങ്ങപഹസിച്ചുപളുങ്കുഭിത്തി-
ശ്രീകൊണ്ടു(ഭ)നാഗവൃതവസ്ഥ്യമഹാചലത്തേ.
തൂവെള്ളമേടകളുമങ്ങുവിചിത്രരത്ന-
മാണിക്യഗോപുരശതങ്ങളുമുജ്ജ്വലിപ്പൂ.
ഗേഹങ്ങൾതോറുമവിടെജ്ജനമാനസത്തെ
ക്കക്കുന്നു(ന്ന)പത്മിനികൾ(ൈ)പത്മമുഖപ്പകിട്ടാൽ.
അങ്ങാലയങ്ങളിൽനിലത്തുപതിച്ചിരിപ്പൂ
ചുണ്ടോടുമത്സരമിണങ്ങിയ(വ്യ)പത്മരാഗം!

---

ഫ. വീണ, മൃദംഗം മുതലായവയുടെ നാദം. വ. വിടപ്പെട്ട. ന. ശ്രീരാമന്റെ യാഗക്ഷതിര. ര. ശിവൻ പ്രഭാവത്താൽ കൽപിച്ചരുളിയ ദേവപുരം എന്ന നഗരം. ഭ. ആനകൾ ചുഴന്ന വിന്ധ്യപർവതം. ന്ന. പത്മിനി, ശംഖിനീ, ചിത്രിണി, ഹസ്തിനി എന്നിങ്ങനെ സ്ത്രീകൾ നാലു തരമുള്ളതിൽ ആദ്യം പറഞ്ഞതരം ഉത്തമനായികമാർ—താമരപ്പൊയ്കകൾ എന്നും. ൈ. പത്മ (താമരപ്പൂവ്) ങ്ങളെപ്പോലെയുള്ള മുഖങ്ങളെന്നും. പത്മങ്ങളാകുന്ന മുഖങ്ങളെന്നും. വ്യ. സുന്ദരിമാരുടെ അധരങ്ങളോട് മത്സരിക്കുന്നവയായതുകൊണ്ടോ, പത്മരാഗക്കല്ലുകൾ നിലത്തു പതിച്ചത് എന്നു തോന്നുമെന്നു ഗമ്യോൽപ്രേക്ഷ.

Digitized By Kerala Sahitya Akademi

(൧)മാഹേന്ദ്രനീലമയകേളിമഹീധരങ്ങൾ
മേഘഭ്രമം മയിലുകൾക്കുളവാക്കിടുന്നു.

എല്ലാഗൃഹങ്ങളിലുമങ്ങുപളുങ്കുകൂടി-
ന്നുള്ളിൽസ്സുഖേനമരുവും കളഹംസകങ്ങൾ
തെല്ലുംമുകിൽത്തതിയിൽനിന്നുഭയപ്പെടുന്നി-
ല്ലുള്ളത്തിൽമാനസസരസ്സിനെയോർപ്പതില്ല.

(൨)ഗംഗാമണാളമകുടേന്ദുതമസ്സകററു-
മങ്ങില്ലകൃഷ്ണ(൩)സിതപക്ഷവിഭേദമെന്നും!
അങ്ങുവികാസമരുവുന്നു, സമൃദ്ധിയെല്ലാം
തിങ്ങുന്നവീരമണിഭൂപതി വീര്യശാലി.

പെരുമപെടുമവന്റെസൂനു ശൃംഗാം-
ഗദനിതിപേർപുകഴുന്ന വീരനന്നാൾ,
രമണികൾമണിമാരുമായ്രമിപ്പാൻ
ശിവഭവനോപവനത്തിലേക്കിറങ്ങി.

(൪)കമനികളുടെകാൽച്ചിലമ്പു,പൊൻകൈ-
വളയിവയൊക്കെകിലുങ്ങിടുന്ന ശബ്ദം
(൫)മദനഹൃദയവുംബലാൽകവർന്നു
പുനരപരന്റെയവസ്ഥയെന്തു(൬)ചൊൽവൂ?

മലർമരനിരയാലൃതുക്കളാറും
മരുവിനകാടതിലെത്തി മഞ്ജുവേഷൻ:

---

൧. ഇന്ദ്രനീലക്കല്ലുകൾകൊണ്ടുള്ള കളിപ്പർവ്വതങ്ങൾ. ൨. ശിവന്റെ തലയിൽ ചൂടിയ ചന്ദ്രക്കലയുടെ രശ്മിയാൽ എന്നും ഇരുട്ടകററുന്ന ആ രാജധാനിയിൽ. ൩. വെളുത്ത. ൪. സുന്ദരികൾ. ൫. കാമന്റെ മനസ്സും. ൬. അർത്ഥാപത്തി അലങ്കാരം.

Digitized By Kerala Sahitya Akademi

സ്മരരുജയേ വളർപ്പൂകാമികൾക്ക-
(ഫ)ങ്ങലർമുകുളങ്ങൾ നിറഞ്ഞ ചമ്പകങ്ങൾ

(ഖ)ഫലഭരനതമായ മാവു നൽപ്പൂ-
ങ്കുലകളിണങ്ങിയകൊന്ന, പുന്ന, നാഗം,
പന, പയ, നഥ, മാതളം,(ബ)തമാലം,
വിലസുവതുണ്ടിഹ കൈത, മുല്ലതാനും.

(ര്)അളികയിലൊലി പൊങ്ങുമാവനത്തിൽ-
(ദ)ത്തളിരെതിർചെഞ്ചൊടിമാർ ചുഴന്നു മേന്മേൽ
കളിമൊഴികള(ന്ന)ഗീതിയും മുതിർത്തും-
കുളിർപെട്ടുമാറു രമിക്കയായ് കുമാരൻ.

ചിലതരുണികൾ നൃത്തമാടി;പാടി
ചിലർ; ചിലരോ ചതുരോക്തി കൈതുടർന്നു:
ചിലർ പുരികമിളക്കിയുന്മദത്താൽ;
ചിലർ തഴകിസ്സുഭഗന്നു തുഷ്ടിചേർത്തു.

മൃദുവചനമതിർത്തു പൂപറിച്ചി-
ട്ടവരെ മുറയ്ക്കണിയിച്ചു(ഠ)കാമരൂപൻ;
ഇതുവിധമവനുല്ലസിച്ചു വാഴ്കേ-
(വ്യ)ത്തദ്രുപവനത്തിലണഞ്ഞു രാഘവാശ്വം.

(ൻ)നിടിലധൃതസുവർണ്ണപത്രമോടൊ-
ത്തുടലിൽ(ഫ്ം)വിപാടലകുങ്കുമാദിപൂശി,

---

ഫ. പൂമൊട്ടുകൾ. ഖ. കായ്കളുടെ കനത്താൽ താഴ്ന്നതു്. ബ. പച്ചിലമരം. ര്. വണ്ടുകളുടെയും കുയിലുകളുടെയും ശബ്ദം. ദ. സുന്ദരിമാർ. ന്ന. മധുരസ്വരമായ പാട്ടു്. ഠ. സുന്ദരനായ രാജകുമാരൻ. വ്യ. ആ ഉദ്യാനം. ൻ. നെററിത്തടത്തിൽ ധരിക്കപ്പെട്ട സ്വർണ്ണപത്രത്തോടു കൂടിയതു്. ഫ്ം. ചുടുത്ത കുങ്കുമം മുതലായതു്.

Digitized By Kerala Sahitya Akademi

(ഫ)ജിതപവനജവ പ്രയാണമാമ-
(വ)സ്സിതഹരിയെ കുതുകേനകണ്ടനേരം,
പ്രിയതമനോടുരച്ചിതാ (ന)പ്രവാളാ-
ധരികൾ, (ര)പയോരുഹഗർഭവർണ്ണമാന്നോർ
(ര)സ്മരശരമിഴിയാൽ മനംമറിപ്പോർ,
(ന്ന)ദശനമരീചിച്ഛവിസ്മിതാസ്യമാർകൾ.

# 12. രാമരാജ്യഭാരം

[മഹാത്മാവായ ശ്രീരാമചന്ദ്രൻ രാജ്യഭാരം ചെയ്യിരുന്നകാലത്ത്, സത്യധമ്മങ്ങളും, നീതിന്യായങ്ങളും, സമ്പത്സമൃദ്ധിയും, ക്ഷേമസൌഖ്യങ്ങളും, സമാധാനസന്തൃപ്തികളും നാട്ടിലെങ്ങും നിർബ്ബാധം നിലനിന്നിരുന്നതിനാൽ ആബാലവൃദ്ധം ജനങ്ങളും രാമനേയും രാജ്യഭരണത്തേയും പ്രശംസിച്ചുകൊണ്ടിരുന്നതാണ് ഈ കവിതയിൽ കാണിക്കപ്പെട്ടിരിക്കുന്നത്]

ഒരു സ്ത്രീ മുലകുടിക്കുന്ന തന്റെ ശിശുവിനോടു പറയുന്നു:-

(ചെറുശ്ശേരിമട്ട്)

"എന്മകനാവോളം നന്നായ് നുകർന്നുകൊൾ-
കമ്മിഞ്ഞപ്പാലിതു (ല)മേലിൽകിട്ടാ:

ഫ.കാററിനെ ജയിക്കത്തക്ക ഗതിവേഗത്തോടുകൂടിയതു്. വ. വെള്ളക്കുതിര. ന. തളിരു(പവിഴം)പോലുള്ള അധരത്തോടുകൂടിയവർ. ര. താമരപ്പൂവിന്റെ ഉള്ളിലെ നിറത്തോടു തുല്യമായ നിറമുള്ളവർ. ര. കാമശരമായ നേത്രം (നോട്ടം). ന്ന. ദന്തകാന്തിയാൽ ധവളമായ മന്ദഹാസത്താൽ വിലസുന്ന മുഖത്തോടുകൂടിയവർ. ല. ഇതേജന്മത്തോടുകൂടിത്തന്നേ ആവൃത്തിശൂന്യമായ പരമപദ (മോക്ഷ)മടയുമെന്നു താൽപര്യം.

Digitized By Kerala Sahitya Akademi

ഇപ്പുരിക്കീശ്വരൻ ശ്രീരാമനല്ലയോ
(൧)നൽപ്പുതു നീലാംബുജപത്രവർണ്ണൻ:
തൽപുരിയിങ്കൽ വസിക്കും ജനങ്ങൾക്കു
പിൽപ്പാടൊരിക്കലുമില്ല(൨)ജന്മം!
ജന്മമില്ലായ്കിൽ മുലപ്പാൽ കുടിക്കുവാ-
നെന്മണിപ്പൈതലേ, മാർഗ്ഗമുണ്ടോ?
രാമനെധ്യാനിക്ക, കുള്ളിൽസ്മരിക്ക, തൽ
നാമം ജപിക്കുകയെന്നിവയേ
ചെയ്യുവരുന്നോർക്കുപോലുമൊരിക്കലും
മാതൃമുലകുടിയില്ലമേലിൽ!"

സുന്ദരീരത്നമായ ഒരു യുവതി തൻെറ പ്രിയതമനോടു പറയു
കയാണ്:—

(പാന)

"പ്രാണനാഥ, രഘുനാഥനേപ്പോലെ-
യാണെനിക്കതിരമ്യരൂപൻ ഭവാൻ!
തൂമലർമേനി, താമരക്കണ്ണുക-
ളുംമയക്കും വിരിവാന്മാറിടം,
(൩)അംഗദമണിക്കൈകളിവയേഴ-
മങ്ങു സാക്ഷാൽ(൪)ജനകജാജാനിതാൻ"
കാന്ത തൂകമിത്തേന്മൊഴികേട്ടിട്ടാ-
ക്കാമി കൺമുന തുള്ളിച്ചു ചൊല്ലിനാൻ:-
ഓമനേ, നന്നു നിന്മതം, സാധ്വികൾ

൧. പുത്തൻ നീലത്താമരപ്പൂവിതളിൻെറ നിറമുള്ളവൻ. ൨. രാമ ശാസനത്താൽ ധർമ്മനിഷ്ഠയുണ്ടാവുകയും, രാമഭക്തി വർദ്ധിച്ചു പാപങ്ങൾ നശിക്കുകയും ചെയ്യുന്നതിൻെറ ഫലമായിട്ട് എന്നു സാരം. ൩. തോൾ വളയിട്ട ശോഭിഷ്ഠകരങ്ങൾ. ൪. സീതാവല്ലഭനായ ശ്രീരാമൻ.

Digitized By Kerala Sahitya Akademi

രാമനായ്ത്താൻ ഗണിക്കും മണാളനേ
പക്ഷയെങ്ങഹോ മന്ദഭാഗ്യനിവ-
(ഫ)നക്ഷതഭാഗ്യനെങ്ങ (ഖ)രഘൂദ്വഹൻ?
എങ്ങൊരുപുഴപ്രായനാമേഴഞ്ഞാ-
നെങ്ങജാദി (ന)നിലിമ്പരും കൂപ്പുവോൻ?
എങ്ങുമിന്നാമിനുങ്ങെ,ങ്ങു ഭാസ്കരൻ?
എങ്ങൊരുപാററ,യെങ്ങു(ര്)ഖഗേശ്വരൻ?
എങ്ങൊരു ചൂണയില്ലാത്തപാഴ്മുയ,-
ലെങ്ങു കൊമ്പനേച്ചീന്തുന്ന(ഒ)കേസരി?
എങ്ങുതേർ വഴിച്ചാലിലേച്ചേർവെള്ള-
മെങ്ങു(ന്ന)ജാഹ്നവിയാകുമദ്ദേവിയാം?
എങ്ങു കുന്നിക്കുരുക്കൾതൻക്കൂമ്പാര-
മെങ്ങു (൧) വാനവർവാഴുംമഹാമേരു?
എവമെങ്ങുഞാ,നെങ്ങു രഘൂദ്വഹൻ?
ആ വിഭുവിൻെറ കാൽപ്പൊടിയേൽക്കയാൽ
ബ്രഹ്മമോഹനരൂപയായ്ത്തീന്നല്ലോ
(വ്വ)കമ്മണാ പാറയായവൾ കാൽക്ഷണാൽ!"

വേറൊരു വനിതാരത്നം മലർമെത്തവിരിച്ചു കർപ്പൂരചന്ദനാദികൾകൊണ്ടു സുഗന്ധം പരത്തി മോടിപിടിപ്പിച്ച കേളീഗൃഹത്തിൽവെച്ചു കാന്തനോടു പറയുന്നു:—

ഫ. തടവററ ഭാഗ്യമുള്ളവൻ. ഖ. ശ്രീരാമൻ. ന. ബ്രഹ്മാവു മുതലായ ദേവന്മാർ. ര്. ഗരുഡൻ. ഒ. സിംഹം. ന്ന. ഗംഗ. ൧. ദേവന്മാർ. വ്വ. അറിയാതെ പററിയ ഇന്ദ്രസംസർഗ്ഗത്താൽ ഗൌതമൻ ശപിക്കയാൽ ശിലയായിത്തീന്ന അഹല്യ.



Digitized By Kerala Sahitya Akademi

(കിളിപ്പാട്ട്—അന്നനട)

വരൂ,കാന്ത, സുഖം ഭുജിക്കുവാനിതാ
വിരിമലർമെത്ത കുറിക്കൂട്ടുംമററും;
ഭവാദൃശരത്രേ സുഖാർഹരാകുന്നൂ
(ഫ)ദിവാനിശം രാമപരാങ്മുഖരല്ല!
ഉപഭുജിച്ചുകൊൾക,രിയ രാമന്റെ
കൃപയാൽ കൈവന്നതഖിലവും നന്നായ്
പരിചേറും ഞാനാമൊരു (വ)ദയിതയാൾ,
പരിമളമെഴും കുളിർ (ന്ന)മലയജം,
നറു(ര്)മലർ വിരിപ്പിതൊക്കെയും രാമ-
കരുണയാലത്രേ ഭവാനു കൈവന്നൂ!

കരുത്തെങ്ങു രാമഭജനം ചെയ്യാത്തോ-
(ഖ)ക്കരമറയ്ക്കാനോ വയർ പുലർത്താനോ?
“അതേ,രഘൂത്തമകൃപാസിദ്ധമെനി-
ക്കിതൊക്കെ”യെന്നാനവൾക്കളിത്തകാന്തനും.

അപരയായ കാമിനിയൊരുത്തി കണവനുമൊന്നിച്ചിരുന്നു മണിവീണ മീട്ടിക്കൊണ്ടു കളങ്കമററ രാമരാജയശസ്സ് ഗാനംചെയ്തതിങ്ങിനെയാണ്:—

(കല്യാണി, രാഗം—ചെമ്പടതാളം)

എത്രയും ധന്യർനാം:—പ്രാണേശ, നമ്മുടെ
പത്തനം വാഴ്‌വതുരാമനല്ലോ!

---

ഫ. എപ്പോഴും. വ. ഭാര്യ. ന്ന. ചന്ദനം. ര്. പൂമെത്ത. ഖ. ഉണ്ണാനും ഉടുപ്പാനും വേണ്ടതു് അധ്വാനിച്ചുണ്ടാക്കുവാൻ തക്ക തടിമിടുക്കുണ്ടായതു കൊണ്ടായില്ലെന്നും, രാമഭജനം ചെയ്വാനുള്ള മനക്കരുത്താണ് അവശ്യം ഉണ്ടാവേണ്ടതെന്നും സാരം.

Digitized By Kerala Sahitya Akademi

അത്തിരുമേനിതൻെറ—യെല്ലാപ്രജകളേയും
പുത്രരേപ്പോലെയല്ലോ കാത്തരുളീടുന്നു.
ആഴിയേ കീഴാക്കി-സ്സേതുതീർത്തീലേ,മ-
ററാക്കിത്രവമ്പിച്ച—കാര്യമെളുതാകും?
രാവണനേവധിച്ചു—ലങ്ക(ഫ)കീശരാലുട—
ച്ചാവൈദേഹിയേവീണ്ടു-കൊണ്ടതും വങ്കന്യതാൻ'

അപ്പോൾ അവളുടെ ഭർത്താവു പറയുന്നു:—

(പറയൻതുള്ളൽ)

"(വ)വിമൃശ്യേ, രാമചന്ദ്രനു വലുത(ന്ന)ല്ലണ്ണവത്തേക്കീ-
ഴമർത്തിവെച്ചതും(ർ) പങ്ക്തിമുഖനേക്കൊന്നതും മററും
(ദ)വിരിഞ്ചാദിപ്രാർത്ഥനയാൽ (ന്ന)ധരിത്രിപുക്കവിടുന്നു,
(ര)ദുരിതഘ്ന ചരിത്രങ്ങൾ കളിയായ്ത്തൻ പുലർത്തുന്നു!
മനുഷ്യനല്ല കൌസല്യാമകനാംരാഘവൻ; ലീലാ-
മനുഷ്യനിർമ്മഹാൻ വിശ്വം ചമച്ചുകാത്തഴിക്കുന്നോൻ
ലഘുവാണോ,(വ്വ)ദ്രുഹിണാദിസുരക്കും കണ്ടുകിട്ടാത്ത
രഘുനാഥമുഖം കണ്ണാൽ നുകരും നമ്മുടെ പുണ്യം?"

ഒരു സുന്ദരി കാന്തനോടൊന്നിച്ചു കൈവളകൾ ചാഞ്ചാടു മാറ് ചൂതുകളിക്കുകയായിരുന്നു.

('കമലാകാന്തനേർറ' എന്നമട്ട്)

"കണ്ണവ, വെന്നു ഞാൻ വെക്കം, ഭവാൻവെച്ച
പണയമൊട്ടുക്കെനിക്കായിതെ"ന്നെല്ലാം
പ്രണയലീലയാ ചേലിലോതിട്ടവൾ

---

ഫ. വാനരന്മാർ. വ. സുന്ദരി. ന്ന. സമുദ്രം. ർ. രാവണൻ. ദ. ബ്രഹ്മാദികളുടെ അപേക്ഷ. ന്ന. ഭൂമി. ര. പാപനാശകങ്ങളായ പുണ്യാപദാനങ്ങൾ. വ്വ. ബ്രഹ്മാദിദേവന്മാർ.

Digitized By Kerala Sahitya Akademi

പുണർന്നുമോമലാളോടു ചൊന്നാൻ പ്രിയൻ:—
“(൧)സുതനു,(൨)വെന്നു നീ; പക്ഷേ രഘൂദ്വഹ-
സ്മൃതിവിടാതുള്ള ഞാനെങ്ങു തോററിടും?
ഇതിനു, രാമനേ ധ്യാനിച്ചു നിന്നെ ഞാൻ
(൩)ദിതിജരെസ്സുരർപോലെ വെൽവൻക്ഷണാൽ”
കരുവുരുട്ടിനാൻ പിന്നീടു,—തിൽജ്ജയി—
ച്ചുരുരസാലോതി:—“ഞാൻചൊന്നതൊത്തില്ലേ?
തരുണി, തോററു നീ! രാമനസ്സേവിക്കും
പുരുഷനെന്നെന്നുമില്ല ശത്രുഭയം!”

## 38. ഉർവ്വശി

നാരായണമഹർഷിയുടെ സമീപം ഉർവ്വശിയെക്കണ്ട കാമദേവന്റെ വിചാരം.

“അതുതാൻ, (൪)കുടിലാളകാഞ്ചിതം,
(൫)ചതുരഭ്രൂയുതമായതേക്ഷണം,
മധുരാധരമെത്രപാർക്കിലും
മതിതോന്നാത്തതസുനാസമീമുഖം!
അവതാൻ(൬)നതചൂചുകങ്ങളാ-
യിടതിങ്ങി(൭)പ്പൃഥുപീവരങ്ങളായ്
(൮)സുജനങ്ങൾകണക്കിണങ്ങി നി-
ല്പവയാമീവധുവിന്റെകൊങ്കകൾ.

൧. സുന്ദരി. ൨. ജയിച്ചു. ൩. അസുരന്മാരെ. ൪. ചുരുണ്ട കറുനിര. ൫. സുന്ദരമായ പുരികക്കൊടി. ൬. താഴ്ന്ന മുലക്കണ്ണ്. ൭. തടിച്ചു വലുതായവ. ൮. ഈ ഉപമയുടെ സാരസ്യം ആലോചനാമൃതംതന്നെ.

Digitized By Kerala Sahitya Akademi

അത്ഭുതാ,നണി(൧)രോമരാജിയും
(൨)ത്രിവലിച്ചാർത്തുമിണങ്ങിടുന്നതായ്
മിനുസത്തൊടു ലാലസിപ്പതാ-
മഴകേറുന്നിവരാംതൻകൃശോദരം.
(൩)ജഘനാൽസ്തനമണ്ഡലത്തിലേ-
യ്ക്കണയുംകോമളരോമരാജിയോ
(൪)പുളിനാൽനളിനാകരത്തിലേ-
യ്ക്കണയുന്നോ(൫)രളിമാലപോലെതാൻ.
(൬)അരഞ്ഞാണഴകോടണിഞ്ഞതാ-
മതിവിസ്തീർണ്ണ(൭)നിതംബമണ്ഡലം
(൮)കലശോദധിമന്ഥനത്തിനായ്
ഫണിയാൽകെട്ടിയ(൯)മന്ദരാദ്രിയോ!
ക്രമമൊത്തുതടിച്ചുരുണ്ടതായ്-
(൧൦)ക്കദളിത്തണ്ടടികൂപ്പുമൂരുവാൽ
അഴകേറിവിളങ്ങിടുന്നു ത-
ണ്ടലരല്ലിക്കെതിർവർണ്ണമൊത്തിവരാം.
(൧൧)സുഭഗംകഴൽമുട്ടു,നന്മയു-
ള്ളവ രോമംകുറവായ ജംഘകൾ,
ഞെരിയാണികളുന്തിനില്പതി-
ല്ലരുണാലക്തസമങ്ങൾകാലുകൾ."

---

൧. രോമാവലി. ൨. ഉദരതലത്തിൽ കാണുന്ന മൂന്നു വരികൾ. ൩. അടിവയറ്. ൪. കര. ൫. വണ്ടിൻനിര. ൬. കാഞ്ചി. ൭. അരയ്ക്കു താഴെയുള്ള പിൻഭാഗം. ൮. പാൽക്കടൽ. ൯. മന്ദരപർവ്വതം. ൧൦. വാഴത്തണ്ടൊത്ത തുട. ൧൧. സാമുദ്രികാലക്ഷണങ്ങൾക്കു യോജിച്ചാണ് അവയവങ്ങൾ വർണ്ണിച്ചിരിക്കുന്നതെന്നു കണ്ടുകൊൾക.

Digitized By Kerala Sahitya Akademi

# 39. ശിവസ്തുതി

(ശ്ലോകങ്ങൾ)

(൧)ഭവഭാവന ദിവ്യതനോ,
ഭവ(൨)ദംഘ്രിതലത്തിൽവീണു ഭുവനപതേ,
(൩)ഭവഭയകാതരനടിയൻ
(൪)ഭവ,നേരായുള്ളതൊന്നുണൎത്തുന്നേൻ:

നിൻതിരുവടിയുടെസൽഗുണ-
സന്തതി വർണ്ണിക്കകേവനാൽസാദ്ധ്യം?
വാക്കുളൊരായിരമേന്തിന
വാസുകിയൊപ്പിച്ചുമാറിയെന്നുവരാം!

എങ്കിലുമങ്ങയെവാഴ്ത്താൻ
തങ്കിനഭക്ത്യാകൊതിച്ചിടുന്നേൻഞാൻ,
ശങ്കര,വായാടിത്തമി-
തെങ്കൽകൃപയാപൊറുക്ക,കഴൽപണിയാം.

(൫)സത്വം,രജ,സ്തമസ്സുകൾ,
സംസ്ഥിതി,യുല്പത്തി,നാശമിവ നീ താൻ;
അത്രഭവാനല്ലാതി-
ല്ലിത്രിജഗത്തിങ്കലീശനായൊരുവൻ.

൧. ഭാവനമാത്രത്തിൽ പ്രപഞ്ചത്തെ സൃഷ്ടിച്ചവൻ. ൨. കാക്കൽ. ൩. സംസാരഭയ വിവശൻ. ൪. പരമേശ്വര! ൫. പല ബ്രഹ്മസ്വരൂപനായ പരമേശ്വരൻ, സത്വം രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങളുടെ അംശത്താൽ, ബ്രഹ്മാവും വിഷ്ണുവും രുദ്രനുമായിത്തീൎന്നു. ലോകത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്നു എന്നു താല്പൎയ്യം.

Digitized By Kerala Sahitya Akademi

(൭)യമനിയമങ്ങളാസനോ—
ത്തമയോഗസമാധിവേദപാഠങ്ങൾ,
സമമല്ലിതുകളിലൊന്നും
വിമല,ത്വൽഭക്തിതൻശതാംശമൊട്ടും

ഉൽകൃഷ്ടരസരസായന-
ഖഡ്ഗാഞ്ജനപാദുകാദിസിദ്ധികളും
ഉൽക്കടമിതേ പിറപ്പിൽ-
ത്തൃക്കഴൽതൊഴുവോൻ (൮)ചിഹ്നമായ്കാണ്മൂ.

ദേവ,ഭവാൻ സുഖമരുളംവൃ
കേവലമശ്രദ്ധയാ തൊഴുന്നോക്കും;
ഹാ! (൯)വൻഭവരുജ പോക്കും
താവകപാദഭക്തിമുക്തിതൻമൂലം!

പരധനപരദാരരതൻ
പരിഭവപരിതാപവഹ്നിതപ്തൻ ഞാൻ
പരമുഖനിരീക്ഷണപരൻ;
പരമേശ്വര, കാത്തുകൊള്ളുകീയെന്നേ!

ക്ഷണഭംഗുരമാം ശ്രീയിൽ
പ്രണയം പൂണ്ടോൻവൃഥാഭിമാനഹതൻ
ക്രൂരൻ(൰)കുപഥരതൻ ഞാൻ;
സ്വൈരംരക്ഷിക്കകെന്നെ വിബുധപതേ!

---

൭. മനോനിഗ്രഹം. ഇന്ദ്രിയനിഗ്രഹം, യാഗം, ത്യാഗം, യോഗം, ധ്യാനം, വേദാഭ്യാസം എന്നിവ. ൮. ശിവഭക്തന് ഖഡ്ഗാദികളായ ദിവ്യവസ്തുക്കൾ ശിവപ്രസാദചിഹ്നങ്ങളായി ലഭിക്കുന്നു എന്നു താൽപര്യം. ൯, വലിയ സംസാരദുഃഖം. ൰. ദുർമ്മാർഗ്ഗതൽപരൻ.

Digitized By Kerala Sahitya Akademi

ദീനേന്ദ്രിയരാം ബാന്ധവർ
താനേനിറവേററുമാശയെത്ര ലഘു!
എന്നിട്ടുമെന്നെ(ഫ)നിർജ്ജര-
വന്ദ്യ!വാനിട്ടുകൊട്ടയാട്ടുന്നു!

പോക്കുക(ഢ)തൃഷ്ണയെ(ണ)വെക്കം;
ചേർക്കുക(ര്)നിരപായഭക്തിയെന്നകമേ;
നീക്കുകമദമോഹക്കയർ;
കാക്കുക കരയേററിയെന്നെ വിശപാപതേ!

(ഠ)'കരുണാഭ്യുദയ'സ്തോത്രമി-
തുരുസിദ്ധിദമാർപഠിക്കുമോദിവ്യം,
ഹരനാമ്പ് ഭക്തങ്കൽത്താ-
ക്കരളലിയുംപണ്ടു(ന്റ)ഭൃഗുവിലെന്നവിധം.

---

ഫ. ദേവന്മാരാൽ വന്ദ്യൻ. ഢ. ധനേച്ഛ. ണ. വേഗം. ര്. നാശമേൽക്കാത്ത ഭക്തി. ഠ. 'കരുണാഭ്യുദയം' എന്നു പേരായ ഈ ദിവ്യശിവസ്തോത്രം ഭൃഗുമഹർഷി ചൊല്ലിയിട്ടുള്ളതും മഹത്തായ സിദ്ധിയേ നൽകുന്നതുമാകുന്നു. ന്റ. ഭൃഗുമഹർഷി ഓരായിരം ദിവ്യസംവത്സരം മുഴുവൻ മഹാതീവ്രമായ തപസ്സുചെയ്തിട്ടും പരമശിവൻ പ്രസാദിച്ചു പ്രത്യക്ഷപ്പെടായ്കയാൽ കരുണാർദ്രയായ ദേവി. ഗൌരി ഹരനോടു കാരണം ചോദിച്ചപ്പോൾ ദേവൻ വാഹനമായ വൃഷഭത്തേ വിട്ടു യോഗസ്ഥനായ ഭൃഗുവിനെ കുത്തിവീഴ്ത്തിക്കുകയും തൽക്ഷണം ക്രോധപരവശനായ മഹർഷി വൃഷഭത്തെ ഹനിക്കുവാൻ ചെല്ലവേ അതു കൺമറഞ്ഞുപോകയും ചെയ്തു. അപ്പോൾ ശിവൻ മുനിയുടെ മുമ്പിൽ ചെല്ലുകയും മുനി ക്രോധം അകന്നു ലജ്ജിതനായി ഭഗവാനെ നമസ്കരിച്ചു വന്ദിക്കുകയും ചെയ്തു. ക്രോധം മനസ്സിൽനിന്നൊഴിയാത്തതിനാലായിരുന്നു ഭഗവാൻ ഭൃഗുവിൻെറ കഠിനതപസ്സിലും പ്രസന്നനാകാതെയിരുന്നതു്.

Digitized By Kerala Sahitya Akademi

# 40. ശ്രീരാമന്റെ യജ്ഞശാല

[അശ്വമേധയാഗം ചെയ്യാനായി ശ്രീരാമൻ സരയൂനദിയുടെ തീരത്തിൽ തീൎത്തിച്ച യജ്ഞവാടത്തിന്റെ വൎണ്ണനമാണിത്.]

(ശീതങ്കൻ തുള്ളൽ)

(൧)രാമപദരജഃ പൂതയായ്, സംശുദ്ധി
പാർമുന്നിനംചേൎത്ത പുണ്യസലിലയായ്,
അന്നങ്ങൾനീൎക്കോഴി(൨)കോകങ്ങൾതിങ്ങിയു-
(൩)മന്യവിചിത്രഖഗങ്ങളും ക്രുകിയും
(൪)ശാരദേന്ദുപാഭയായ്മിന്നും സരയുവിൻ-
തീരപ്രദേശത്തുരാമൻതിരുവടി
തീൎപ്പിച്ചശാലാശതങ്ങളിൽവെവ്വേറെ-
യേൎപ്പെട്ടവേദങ്ങൾചൊല്ലുന്നവൈദികർ;
ക്ഷത്രിയന്മാർപലർ വില്ലേന്തിനിന്നങ്ങു
പൃത്ഥ്വീമുഴക്കുന്നു ചീൎത്ത ഞാണൊച്ചയാൽ
രമ്യമാംസദ്യയിലഷ്ടികഴിക്കുന്നു
തമ്മിൽവെടിയും പറഞ്ഞുകൊ(൫)ണ്ടന്തണർ:
പാൽനറുതേൻപഞ്ചസാരാനെയ്ചേൎന്നതായ്-
പ്പൂനിലാവിൻനിറംപൂണ്ടുള്ളപായസം,
നൽപ്പൂൎണ്ണചന്ദ്രനുനേരാം വടിവൊത്തു

൧. രാമന്റെ കാൽപ്പൊടിയേററു പരിശുദ്ധമായതു്. ൨. ചക്രവാകപ്പക്ഷികൾ. ൩. മററുള്ള പലതരം പക്ഷികൾ. ൪. ശരൽക്കാലചന്ദ്രനെപ്പോലെ ശോഭിക്കുന്നതു്. ൫, ബ്രാഹ്മണർ.

Digitized By Kerala Sahitya Akademi

കർപ്പൂരസൌരഭം വീശുമപ്പങ്ങളും,
(ഫ)സേവക,ദോശകൾ, നാനാ മുറുക്കുകൾ,
നൈവടകൾ, മധുരങ്ങളടകളും,
(റ)മുൽഗപ്പരിപ്പുചേന്നാമ്പലപ്പൂവിനോ-
ടൊക്കും(ന)മനോജ്ഞസുഗന്ധിഭക്തങ്ങളും
കർപ്പൂരമൊത്തചോർതൈരും വിരുതരാം
വെപ്പുകാർ വെച്ചുവിളമ്പിനാർ സാദരം.
പാത്രത്തിൽനന്നായ് വിളമ്പിയപായസം
പാത്തൊരുവിപ്രൻപറഞ്ഞാ'നിതെന്തുവാൻ?
രാഹുഭയാൽഭുവിവീണവാർതിങ്കളോ?
ഹാ ഹാ! മൃതിഹരം (ര്)പീയൂഷമുണ്ടിതിൽ!'
മറെറാരാൾ കണ്ണുചുകപ്പിച്ചുചൊല്ലിനാൻ!
'മറവമമൃതാണു വാർതിങ്കളായ് വരാ;
ഒന്നിലധികമി(ഉ)ല്ലിന്ദുബിംബ;മിതോ
നന്നായ്‌വിളങ്ങുന്നു പാത്രലക്ഷങ്ങളിൽ.
കർപ്പൂരമാണിത,ല്ലെങ്കിലോ(ന്ന)കൈരവം!
(ര)ശുഭ്രാഭയാൽമുഴുതിങ്കളെന്നോക്കൊലാ'
ഓതീ ചൊടിച്ചു തലയാട്ടി മറെറാരാൾ:—
'സ്വാദു തിരിയാത്ത വിഡ്ഢികളന്തണർ!
ക്ഷീരക്കിഴങ്ങിന്റെ നീരിൽപ്പചിച്ചു വെൺ-
(വ)നീരലരാണീമധുരമാംസാധനം'
എന്നൊക്കെവാദിച്ചു വാരിക്കഴിക്കയായ്

---

ഫ. ഒരുവക പലഹാരം. റ. പയറുപരിപ്പ്. ന. മനോഹരതയും സുഗന്ധവും ഉള്ള അന്നങ്ങൾ. ര്. അമൃത്. ഉ. ചന്ദ്രബിംബം. ന്ന. ആമ്പൽപ്പൂവ്. ര. വെളുത്ത ശോഭ, വ. താമരപ്പൂവ്.

Digitized By Kerala Sahitya Akademi

(ഫ)കന്ദഫലാശനരാത്തിയോടാദ്വിജർ.
തത്രകഥിച്ചിതു വേറെയൊരന്തണൻ:—
'ക്ഷത്രിയർതൻപിറപ്പാണുമെച്ചംസഖേ;
ഇത്രവിശേഷമാമന്നമല്ലോ രുചി-
ക്കൊത്തുഭുജിക്കുന്നു ഭാഗ്യയോഗാലവർ!'
അപ്പോഠം(വ)പരൻ ചൊല്ലി:—'ദാനഫലമിത്ര
വിപ്രക്കു നൽകിയാൽ കിട്ടുമെന്തിഷ്ടവും:
നാനാനിവേദ്യങ്ങഠംകൊണ്ടു നിരന്തരം
(ന)നാരായണാച്ചനംചെയ്യാതിരിക്കിലോ,
കാണുവാൻപോലും കിടയ്ക്കുകയില്ലിത്രയും
ചേണുററഭോജനമേതൊരാഠംക്കുംബ്ധം
(ർ)സത്തക്കുസദ്യകഴിച്ചവർനേടുന്നു
(ഠ)സൽഭുക്തി,വാപിയോകാങ്കുയചെയ്യടാ!'
ഇങ്ങിനേമൃഷ്ടാന്നതൃപ്തരായ്ബ്രാഹ്മണ-
(ന്ന)രങ്ങോത്തുചൊല്ലുന്നു മണ്ഡപാഗ്ര്യങ്ങളിൽ
നൃത്തമൊരേടത്തു, ഹാസ്യമൊരേടത്തി—
ല,ത്ഥികഠംക്കേകലൊരേടത്തിവണ്ണമായ്
എത്രയെന്നില്ലാതെയുത്സവംഗ്ഗംഭിക്ക-
മസ്ഥലത്തെത്തിനാൻ (ന്ന)ലക്ഷ്മണസോദരൻ.

---

ഫ. കിഴങ്ങും കായും തിന്നു ജീവിക്കുന്നവർ. വ. മററൊരുത്തൻ. ന. വിഷ്ണുപൂജ. ർ. സജ്ജനങ്ങഠം. ഠ. നല്ല ഭുക്തി. ന്ന. വേദപാഠം നടത്തുന്നു. ന്ന. ശത്രുഘ്നൻ.

Digitized By Kerala Sahitya Akademi

# 41. വേണുഗോപാലൻ

[ഭഗവൽകഥാശ്രവണലാലസയായ ദേവി പാൎവ്വതിക്ക് സൎവ്വജ്ഞനായ പരമശിവൻ പറഞ്ഞുകൊടുക്കുന്ന ശ്രീകൃഷ്ണചരിതം.]

(ചെറുശ്ശേരിരീതി)

യോജനപ്പാടുപടൎന്നൊരു(ഫ)പാദപ-
രാജന്റെ ചെന്തളിർക്കൊമ്പുകളാൽ
(വ)മണ്ഡിതമാകിയ വൃന്ദാവനത്തിന്റെ
മദ്ധ്യത്തിൽ, മഞ്ജുവാം മന്ദിരത്തിൽ,
എട്ടുകോണൊത്തൊരു(ന)നാനാസമുദ്യോത
ജുഷ്ടമാം ശ്രീയോഗപീഠത്തിന്മേൽ
ചട്ടററമാണിക്യസിംഹാസനത്തിങ്ക-
(ര)ലെട്ടിതൾപ്പൊൽത്താരിൻകർണ്ണികയിൽ
സ്വൈരമായ് വാഴുന്ന(ഒ)വല്ലവീസേവ്യനാം
(ന്ധ)ശൌരിതൻ സൌന്ദൎയ്യമെന്തു ചൊല്ലാം!
ഏവൎക്കുമാദ്യനനാദി പരനജൻ
യൌവനോദ്ഭിന്നകൌമാരൻ കൃഷ്ണൻ
ദിവ്യയോഗാത്ഭുതരൂപൻ വ്രജാധിപ-
നവ്യയൈശ്വൎയ്യ(റ)നാമ്നായമൃഗ്യൻ

ഫ. വൃക്ഷശ്രേഷ്ഠന്റെ. വ. അലംകൃതം. ന. പലതരം ശോഭകളാൽ സ്പൎശിക്കപ്പെട്ടുള്ള. ര. ഏഴിതളുള്ള പൊന്താമരപ്പൂവ്. ഒ. ഗോപസ്ത്രീസേവ്യൻ. ന്ധ. ശ്രീകൃഷ്ണൻ. റ. വേദങ്ങളാൽ അന്വേഷിക്കപ്പെടേണ്ടവൻ.

Digitized By Kerala Sahitya Akademi

അമ്പാടിപ്പിള്ളക്കുചങ്ങാതി, ഗോപിമാ-
ക്കമ്പുവളൎത്തുവോൻ, ധ്യേയനെന്നും.
(ഫ)ശ്യാമളം മോഹനം (വ)ഫുല്ലകുവലയ-
കോമളം (ന)കാർമേഘസ്നിഗ്ദ്ധമുഗ്ദ്ധം
അഞ്ജനക്കല്ലുപൊളിച്ചിട്ടതിന്നൊപ്പം
(ർ)മഞ്ജുമസൃണമപ്പൂമെയ്യത്രേ.
ആകെയിരുണ്ടുചുരുണ്ടുപരിമളം
തൂകുന്നപട്ടൊളിക്കുന്തലിന്മേൽ
ചാൎത്തിയ(ഭ)മേചകോത്തംസം വിളങ്ങുന്നു
ചാരുനെറ്റിക്കുവലത്തുവശം.
ചിത്രമയിൽപ്പീലി ചാൎത്തും ചിലനേരം,
തത്ര ചിലനേരം പൈവാൽ ചാൎത്തും;
മന്ദാരച്ചെണ്ടു ചിലപ്പോൾ; ചിലപ്പോഴോ,
സുന്ദര(നു)മാണിക്യമൌലി ചാൎത്തും.
കസ്തൂരി ഗോരോചനാദിക്കുറികളാൽ
(൭)കമ്രം കുറുനിരചിന്നം ഫാലം:
വക്ത്രമൊരർ(വൃ)ബ്ബുദം ചന്ദ്രന്മാൎക്കൊക്കുമേ
തത്തിക്കളിപ്പൂ കുനു ചില്ലികൾ;
(ൻ)ഇന്ദീവരായതസ്നിഗ്ദ്ധനേത്രങ്ങളിൽ;

---

ഫ. കറുത്ത. വ. വിടൎന്ന കരിങ്കുവലയപ്പൂവിനേപ്പോലെ കോമളം. ന. കാർമേഘനിരപോലെ മിനുപ്പും കറുപ്പുമുള്ളതു്. ർ. മനോഹരവും മൃദുലവുമായതു്. ഭ. കറുത്ത ശിരോലങ്കാരം. നു. മാണിക്യമയകിരീടം. ൭. മനോഹരം. വൃ. ലക്ഷാധികം ചന്ദ്രന്മാൎക്കു തുല്യമാണു് മുഖം. ൻ. താമരപ്പൂവിതൾപോലെ നീണ്ടും മിനുത്തുമുള്ള കണ്ണുകൾ.

Digitized By Kerala Sahitya Akademi

നിന്നിളകുന്നകടാക്ഷംമേന്മേൽ;
നൽത്തിരുമൂക്കത്തണിഞ്ഞ ഗജകുംഭ-
മുത്തിൻനിറത്തിൽ മുപ്പാർമയങ്ങും
സിന്ദൂരംപോലെ തുടുത്തുള്ള(ഫ)വായ്മലർ
മന്ദസ്മിതാർദ്രമായ് ശോഭിക്കുന്നു:
(വ)ഉത്തംസിതോല്പലമായ കർണ്ണത്തിലേ
(ന)ചിത്രമകരാഭപ്പൊൻകുണ്ഡലം
ബിംബിച്ചുകാണപ്പെടുന്ന കണ്ണാടിതൻ
(ര്)ബിംബോകംകട്ടകവിൾത്തടത്തിൽ;
പൊന്നാണിമാണിക്യമൌക്തികമാലകൾ
മിന്നിവിളങ്ങുന്നതൃക്കഴുത്തിൽ;
തോൾവളകങ്കണം ബാഹുയുഗളത്തിൽ-
ശ്രീവത്സംകൌസ്തുഭംമാറിടത്തിൽ;
രോമാളിലാഞ്ഛിതമാലിലനേർവയ-
രോമനപ്പൊക്കിൾ ഗഭീരമേററം;
കർപ്പൂരഗോരോച(ഠ)നാഗരുചന്ദന-
കസ്തൂരീകല്പിത(ന്ന)മംഗരാഗം;
മധ്യത്തിൽച്ചേ വടിപ്പൂവോളം ഞൊന്നൊരു
മഞ്ഞപ്പട്ടാടയും കിങ്ങിണിയും;
വട്ടമൊത്തുള്ള നന്മുട്ടമായ്,പൊൽത്തള-
യിട്ടു, നഖേന്ദുനിലാവുതൂകി,
(റ)അബ്ജധ്വജാങ്കുശവജ്രാങ്കിതതല-
മത്യുല്ലസിക്കുന്ന പാദയുഗ്മം.

---

ഫ. ചുണ്ട്. വ. ഗരിള്ളവല്ലപ്പൂവു ചൂടിയ. ന. ശോഭിക്കുന്ന മകര മത്സ്യാകൃതിയിലുള്ള കർണ്ണാഭരണം. ര്. ശോഭ (ഭംഗി). ഠ. അകിൽ. ന്ന. ദേഹത്തിൽ പൂശിയ കുറിക്കൂട്ട്. റ. താമരപ്പൂവ്, കൊടിമരം, തോട്ടി, വജ്രം എന്നീ രേഖകളുള്ളതു്.

Digitized By Kerala Sahitya Akademi

കണ്ഠം ചെരിച്ചിടംതോളിൽക്കവിൾവെച്ചു
കമ്രപ്പൊൻകുണ്ഡലകാന്തി ചിന്നി,
മൂന്നുവളവുമായ്, മുല്ലപ്പൂപ്പുഞ്ചിരി-
യാർന്നൊളിക്കൺ മുനനോട്ടമോടും
(൧)കുഞ്ചിതച്ചുണ്ടു(൨)മുകർന്ന(൩)മുരളിത-
ന്നഞ്ചിതമായകളസ്വനത്താൽ
മുപ്പാർമയക്കിയും പ്രേമസുധാബ്ധിയിൽ
മുങ്ങിയുംനിൽക്കുമാരൂപമത്രേ
ധ്യാനിച്ചുപോരുന്നു, യോഗിജനങ്ങളാൽ
മാനിതരായ് സനകാദ്യന്മാർ;
കോടാനകോടി(൪)മനോജരെവെല്ലുമ-
തീടാലും സർവലാളിത്യസാരം.

---

൧. കൂട്ടിയ അഗ്രം, ൨. ചുംബിച്ചു. ൩. ഓടക്കുഴൽ. ൪. കാമദേവന്മാർ.

Digitized By Kerala Sahitya Akademi

# വില്പനയ്ക്കു തയ്യാറുള്ള
## പാഠ്യപുസ്തകങ്ങൾ

| | Rs. | As. | Ps. |
|---|---|---|---|
| ചിന്താതരംഗിണി (കെ. എം. പണിക്കർ) | 0 | 6 | 0 |
| അമ്മയും മകളും ടി | 0 | 6 | 0 |
| പത്മിനീപരിണയം ടി | 0 | 8 | 0 |
| പ്രേമഗീതി ടി | 0 | 8 | 0 |
| ബാലികാമതം ടി | 0 | 6 | 0 |
| ഭൂപസന്ദേശം ടി | 0 | 10 | 0 |
| തുഷാരഹാരം (ഇടപ്പള്ളി) | 0 | 8 | 0 |
| നവസൌരഭം ടി | 0 | 6 | 0 |
| ഹൃദയസ്മിതം ടി | 0 | 4 | 0 |
| കൃഷ്ണലീല പി. കെ-യുടെ അവതാരികയോടു കൂടിയതു്. | 0 | 4 | 0 |
| പദ്യപാഠാവലി 2-ാംഭാഗം (കേരളവർമ്മ) | 0 | 2 | 3 |
| ടി 3-ാം ഭാഗം ടി | 0 | 2 | 3 |
| ടി 4-ാം ഭാഗം ടി | 0 | 2 | 3 |
| ടി 7-ാം ഭാഗം ടി | 0 | 8 | 0 |
| പുരാണമഞ്ജരി 1-ാം ഭാഗം | 0 | 8 | 0 |
| പുരാണ കാവ്യമഞ്ജരി 1-ാം ഭാഗം (വള്ളത്തോൾ) | 0 | 10 | 0 |
| ഭദ്രാവതാരം-പാന ടി | 0 | 12 | 0 |
| സന്താനഗോപാലം ടി | 0 | 4 | 0 |
| ഭാഷാനൈഷധചമ്പു വ്യാഖ്യാനം | 1 | 8 | 0 |
| ടി വ്യാഖ്യാനമില്ലാത്തതു് 1-ാം ഭാഗം | 0 | 6 | 0 |
| ടി ടി 2-ാം ഭാഗം | 0 | 6 | 0 |
| ഉണ്ണുനീലിസന്ദേശം (ആറ്റൂർ) | 1 | 0 | 0 |

Digitized By Kerala Sahitya Akademi

| | Rs. | As. | Ps. |
|---|---|---|---|
| ഹൃദയകൗമുദി (ഉള്ളൂർ) | 1 | 0 | 0 |
| കർണ്ണഭൂഷണം ടി | 0 | 12 | 0 |
| കിരണാവലി ടി | 1 | 0 | 0 |
| ചിത്രോദയം ടി | 0 | 6 | 0 |
| പിംഗള ടി | 0 | 12 | 0 |
| ഭക്തിദീപിക ടി | 0 | 12 | 0 |
| മണിമഞ്ജൂഷ ടി | 1 | 0 | 0 |
| ദാമ്പത്യഭാവുകം (ഇ. വേലായുധൻപിള്ള) | 0 | 4 | 6 |
| മൂന്നു സഹോദരികൾ (എം. ആർ. കെ. വാര്യർ) | 1 | 0 | 0 |
| മുരളീധരൻ (പന്തളം) | 0 | 4 | 0 |
| രാഗസുധ ടി | 0 | 4 | 0 |
| രാഗധ്വനി (തയ്ക്കാട്ട് ചന്ദ്രശേഖരൻനായർ) | 0 | 8 | 0 |
| ഹേമന്തചന്ദ്രിക (ചങ്ങമ്പുഴ) | 0 | 4 | 0 |
| ബാഷ്പാഞ്ജലി ടി | 1 | 0 | 0 |
| ഭാഷാകുമാരസംഭവം | 0 | 8 | 0 |
| ദൈവയോഗം മണിപ്രവാളം | 0 | 8 | 0 |
| നെപ്പോളിയന്റെ മാതൃഭക്തി | 0 | 4 | 0 |
| മലയവിലാസം | 0 | 4 | 0 |
| മാർത്താണ്ഡമാഹാത്മ്യം | 1 | 4 | 0 |
| പഞ്ചരാത്രം (വള്ളത്തോൾ) | 0 | 12 | 0 |
| അഭിജ്ഞാനശാകുന്തളം (കേരളവർമ്മ) | 1 | 4 | 0 |
| ആശ്ചര്യചൂഡാമണി | 0 | 8 | 0 |
| മാളവികാഗ്നിമിത്രം (ഏ. ആർ.) | 0 | 9 | 0 |
| രാമരാജ്യാഭിഷേകം (ഇ. വി.) | 0 | 12 | 0 |
| ഷേക്സ്പിയർ (മൂന്നു നാടകങ്ങൾ) | 0 | 4 | 0 |
| നളചരിതം 1-ാം ദിവസം | 0 | 8 | 0 |
| ടി 2-ാം ദിവസം | 0 | 8 | 0 |
| പൌണ്ഡ്രകവധം | 0 | 4 | 0 |
| രത്നലേഖ (എം. ആർ. വേലുപ്പിള്ള ശാസ്ത്രി ബി.എ) | 0 | 4 | [illegible] |

Digitized By Kerala Sahitya Akademi

# ചില നല്ല പ്രസിദ്ധീകരണങ്ങൾ

ക.

ജാഗർഫി റീഡേർസ് ൻ ചക്രം
നാടകകഥാമാലിക ൧൧ ചക്രം
ആരോഗ്യരക്ഷ L. A. രവിവർമ്മ (പരിഷ്കരിച്ചതു) 0
പുരാണരത്നങ്ങൾ 0
ദശരഥൻ 0
ഗദ്യമാലിക മുഴവൻ ഭാഗം 1
ഗദ്യരത്നാവലി 1-ം 2-ം ഭാഗം 8 ണ വീതം
കഥാരത്നമാല 0
ഭാസ്കരമേനോൻ 0
പദ്യപാഠാവലി 2, 3, 4, 7, ഭാഗങ്ങൾ
പഞ്ചതന്ത്രകഥകൾ 0
ഭാഷനൈഷധചംപു 10½ ചക്രം
മദ്ധ്യമവ്യാകരണം 0
സാഹിത്യസാഹ്യം 1
രാമരാജാഭിഷേകം (ഇ൹. വി.) 21 ചക്രം

തുടങ്ങിയ സ്കൂൾവകയുള്ള പുസ്തകങ്ങളും

ശ്രീമദ്ഭഗവദ്ഗീതാ—ലളിതാവ്യാഖ്യാനം
1-ാംതരം 6 രൂപാ 2-ാംതരം 4
ശ്രീരാമഗീതാ—ഭാഷാഗാനം 1
ഹേമന്തചന്ദ്രിക—ചങ്ങമ്പുഴ 0
തുഞ്ചത്താചാര്യൻ (ഒരു അഭിനവനിരീക്ഷണം) 0
മുരളീധരൻ, രാഗസുധ (പന്തളം, K.P. )വില 4 ണാവീ

ഇവകൂടാതെ പല നല്ല ഗദ്യപദ്യപുസ്തകങ്ങ പുതിയ നോവലുകളും; ഉള്ളൂർ, വള്ളത്തോൾ, ക നാശാൻ, സർദാർ, കെ.എം.പണിക്കർ മുതലായ മ കവികളുടെ എല്ലാ കൃതികളും എപ്പോഴും വില്പന തയ്യാർ.

മാനേജർ,
ബി. വി. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം. തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi